Reg No. C 101, M.] 2293

ഒററപ്രതിക്ക് 2 ണ.

# സത്യദീപം

"ഞാൻ ലോകത്തിന്റെ ദീപമാകുന്നു; എന്നെ അനുഗമിക്കുന്നവൻ അന്ധകാരത്തിൽ നടക്കുന്നില്ല"

| പുസ്തകം 23 | ബുധനാഴ്ചതോറും പ്രസിദ്ധപ്പെടുത്തുന്നതു് — എറണാകുളം 1125 ധനു 6 | ലക്കം 18 |
|---|---|---|



# ഫാത്തിമായും മറിയത്തിന്റെ വിമലഹൃദയവും

(റവ. ഫാദർ തോമസ് മൂത്തേടൻ എം. എ., ഡി. ഡി.)

പാരലെമോണിയാൽ—ഈ നാമം കേൾക്കുമ്പോൾ ഈശോയുടെ തിരുഹൃദയത്തോടുള്ള ഭക്തിയെപ്പററി ആരാണു സ്മരിക്കാത്തതു്. തത്തുല്യമായ ഒരു മനോജ്ഞസംജ്ഞയാണു് ഫാത്തിമാ. പാരലെമോണിയായിൽ വി. മർഗരീത്താമറിയത്തോടു് ഈശോ തന്റെ ഹൃദയത്തോടുണ്ടായിരിക്കേണ്ട ഭക്തിയെ വെളിപ്പെടുത്തി. ഫാത്തിമായിൽ മാതാവു ലൂസി, യസീന്ത, ഫ്രാൻസിസ് എന്നീ ബാലകരെ തന്റെ ഹൃദയത്തോടുള്ള ഭക്തിയുടെ പ്രാധാന്യം പഠിപ്പിച്ചു. എന്നാൽ മർഗരീത്താമറിയത്തിനുണ്ടായ ദർശനങ്ങൾക്കുമുമ്പു തിരുഹൃദയഭക്തി തിരുസഭയിൽ ഉണ്ടായിരുന്നതുപോലെ മറിയത്തിന്റെ വിമലഹൃദയത്തോടുള്ള ഭക്തിയും തിരുസഭയിൽ ഉണ്ടായിരുന്നുവെന്നുള്ളതു വിസ്മരിക്കാവുന്നതല്ല. 1302-ൽ മരിച്ച വി. ജർത്രൂദും, 1622-ൽ മരിച്ച വി. ഫ്രാൻസീസ് സെയിൽസും 1680-ൽ മരിച്ച വി. ജോൺ യൂഡ്സും മറിയത്തിന്റെ വിമലഹൃദയത്തോടുള്ള ഭക്തിയെപ്പററി പ്രതിപാദിച്ചിട്ടുണ്ടു്. പ്രസ്തുത ഹൃദയത്തിനു ലോകത്തെ പ്രതിഷ്ഠിക്കാനുള്ള അപേക്ഷകൾ 1870-ൽ ഒമ്പതാം പീയൂസു മാർപ്പാപ്പയ്ക്കു ലഭിച്ചതായി ഗ്രഡ്ഇയർ ചെത്രാപ്പോൾചീനാ സാക്ഷ്യപ്പെടുത്തിയിരിക്കുന്നു. എന്നാൽ ഫാത്തിമാദർശനങ്ങളോടുകൂടെ ഈ ഭക്തിക്കു് അനിതരസാധാരണമായ ഉണർവുണ്ടായിട്ടുണ്ടെന്നു് ആരും സമ്മതിക്കാതിരിക്കുകയില്ല.

വിമലഹൃദയത്തോടുള്ള ഭക്തിയെപ്പററി 1917 ജൂലായി 13-ാംനു യിലെ ദർശനത്തിൽ ദൈവമാതാവു തന്നോടു സംസാരിച്ചുവെന്നു ലൂസിതന്നെ സാക്ഷ്യപ്പെടുത്തിയിട്ടുണ്ടു്. പ്രാർത്ഥിക്കാത്തതുകൊണ്ടും പരിത്യാഗപ്രവൃത്തികൾ അനുഷ്ഠിക്കാത്തതുകൊണ്ടും അനേകർ നരകത്തിൽ പോകുന്നുണ്ടെന്നു പ്രസ്താവിച്ചുകേട്ടപ്പോൾ ലൂസി ചോദിച്ചു: "ഞങ്ങൾ സ്വർഗ്ഗത്തിൽ പോകുമോ എന്നു്". അതിനുത്തരമായി ദൈവജനനി ഇപ്രകാരം പ്രസ്താവിച്ചു: "കൊള്ളാം. യസീന്തയേയും ഫ്രാൻസിസ്സിനേയും ഞാൻ താമസിയാതെ വന്നു കൂട്ടിക്കൊണ്ടുപോകും, (ഫ്രാൻസിസ് 1919 ഏപ്രിൽ 4-ാംനു മരിച്ചു; യസീന്ത 1920 ഫെബ്രുവരി 20-ാംനു നിര്യാതയായി) എന്നാൽ നീ കുറേനാൾകൂടി ജീവിക്കണം. ലോകത്തിനു് എന്നെ അറിയിക്കുവാനും എന്നെ സ്നേഹിക്കുവാൻ മനുഷ്യരെ പഠിപ്പിക്കുന്നതിനും നിന്നെ ഒരു പ്രേഷിതയായി ഈശോ തിരഞ്ഞെടുത്തിരിക്കുന്നു. എന്റെ വിമലഹൃദയത്തോടുള്ള ഭക്തി ലോകമാസകലം പ്രചരിക്കണമെന്നു് ഈശോ ആഗ്രഹിക്കുന്നുണ്ടു്."

"അപ്പോൾ ഞാൻ തനിച്ചു് ഈ ലോകത്തിൽ ദീർഘകാലം ജീവിച്ചിരിക്കണമെന്നോ?"

"അല്ല കുഞ്ഞേ, നീ തനിച്ചായിരിക്കയില്ല. ഞാൻ നിന്നെ ഒരിക്കലും തനിച്ചു വിടുകയില്ല. നീ ഭയപ്പെടേണ്ട, എന്റെ വിമലഹൃദയം നിനക്കു് എന്നും സുരക്ഷിതമായ സങ്കേതവും ദൈവത്തിലേക്കു് ആനയിക്കുന്ന സുനിശ്ചിതവും സുഗമവുമായ ഒരു മാർഗ്ഗവുമായിരിക്കും."

ലൂസി പറയുന്നതു് അന്നുമുതൽ പരിശുദ്ധ കന്യകയുടെ വിമലഹൃദയത്തിന്റെ നേരെ തീവ്രമായ ഒരു സ്നേഹം അവരിൽ ഉജ്ജ്വലിച്ചിരുന്നുവെന്നാണു്. യസീന്ത പ്രസ്താവിച്ചിരിക്കുന്നതു മറിയത്തിന്റെ വിമലഹൃദയത്തിനെതിരായി മനുഷ്യർ ചെയ്യുന്ന പാപങ്ങൾക്കു പരിഹാരംചെയ്യുന്നതിനു ദിവ്യകാരുണ്യം സ്വീകരിക്കാതിരിക്കുക ദുസ്സഹമായിത്തോന്നിയെന്നത്രേ.

ഇപ്രകാരം ഫാത്തിമായിലെ ദിവ്യജനനീദർശനംവഴി ഗ്രഹിച്ച വിമലഹൃദയത്തോടുള്ള ഭക്തി ലൂസി കൂടുതൽ വ്യക്തമായി മനസ്സിലാക്കിയതു വി. ഡൊറോത്തിയുടെ സഹോദരികളുടെ മഠത്തിൽ ചേർന്നു സ്പെയിനിലുള്ള പോന്തവെദ്രോയിൽ താമസിക്കുമ്പോഴാണു്. അവിടെവച്ചു 1925 ഡിസംബർ 10-ാംനു ദിവ്യജനനിതന്നെ പഠിപ്പിച്ചു ഏതെല്ലാംവിധത്തിൽ മറിയത്തിന്റെ വിമലഹൃദയത്തോടുള്ള ഭക്തി നമുക്കു പ്രകടിപ്പിക്കാമെന്നു്. ലീരിയായിലെ മെത്രാൻ ഈ സംഗതികളെല്ലാം പഠിച്ചതിനുശേഷം 1939 സെപ്റ്റംബർ 13-ാംനു ദൈവജനനി പഠിപ്പിച്ച സംഗതികളെല്ലാം പ്രസിദ്ധംചെയ്തു. ദൈവജനനിയുടെ വാക്കുകളുടെ അനുപദപരിഭാഷയാണു കീഴെ ചേർക്കുന്നതു്: "എന്റെ മകളേ, കണ്ടാലും കൃതഘ്നതയും ദൈവദൂഷണവുമാകുന്ന കുത്തുമുള്ളുകൾവഴി നന്ദികെട്ട മനുഷ്യർ കുത്തിപ്പിളർന്നുകൊണ്ടിരിക്കുന്ന എന്റെ ഹൃദയം കണ്ടാലും. നീയെങ്കിലും എന്നെ ആശ്വസിപ്പിക്കുന്നതിനു ശ്രമിക്കയില്ലേ? ഇവയ്ക്കു പരിഹാരമായി തുടർച്ചയായ അഞ്ചു മാസാദ്യശനിയാഴ്ചകളിൽ കുമ്പസാരിച്ചു ദിവ്യകാരുണ്യം സ്വീകരിക്കുകയും ജപമാല ചൊല്ലുകയും ജപമാലയിലെ രഹസ്യങ്ങളെപ്പററി ധ്യാനിച്ചുകൊണ്ടു കാൽമണിക്കൂർ സമയം എന്റെകൂടെ ചെലവഴിക്കുകയും ചെയ്യുന്നവർക്കു മരണസമയത്തു രക്ഷാകരമായ സകല വരപ്രസാദങ്ങളും നല്കുന്നതാണെന്നു ഞാൻ വാഗ്ദാനംചെയ്തതായി നീ പ്രഖ്യാപനംചെയ്യുക."

ഈ വാക്കുകളിൽനിന്നു മനസ്സിലാക്കാം മറിയത്തിന്റെ വിമലഹൃദയത്തോടുള്ള ഭക്തിയുടെ പ്രധാനോദ്ദേശം മനുഷ്യർ ചെയ്യുന്ന പാപങ്ങളെക്കുറിച്ചു മറിയത്തിന്റെ വിമലഹൃദയത്തോടു പരിഹാരംചെയ്യാനാണെന്നു്. നാലുകാര്യങ്ങൾ ദേവമാതാവു് ആവശ്യപ്പെട്ടിട്ടുണ്ടു്. 1) കുമ്പസാരം. ഇതു് ആദ്യശനിയാഴ്ചയോ അതിനു് എട്ടു ദിവസം മുമ്പോ, പിമ്പോ ചെയ്താൽ മതിയാകും. 2) ദിവ്യകാരുണ്യസ്വീകരണം. 3) അമ്പതുമൂന്നുമണിജപം ചൊല്ലുന്നതും തൽസമയത്തോ, മററു് ഏതെങ്കിലും സമയത്തോ ജപമാലയിലെ ഏതെങ്കിലുമൊരു രഹസ്യത്തെയോ രഹസ്യങ്ങളേയോപ്പററി പതിനഞ്ചു നിമിഷം ധ്യാനിക്കുന്നതും. 4) മറിയത്തിന്റെ വിമലഹൃദയത്തോടു പരിഹാരം ചെയ്യുന്നതിനുള്ള നിയോഗം.

ലൂസിയെപ്പോലെതന്നെ മറിയത്തിന്റെ വിമലഹൃദയത്തോടുള്ളഭക്തി യസീന്തയിലും രൂഢമൂലമായിരുന്നു. അവൾ സാധാരണയായി ഇപ്രകാരം ചൊല്ലിയിരുന്നു. "മറിയത്തിന്റെ മാധുര്യമുള്ള ഹൃദയമേ, നീ എന്റെ രക്ഷയായിരിക്കണമെ. മറിയത്തിന്റെ വിമലഹൃദയമേ, പാപികളെ മാനസാന്തരപ്പെടുത്തുകയും ആത്മാക്കൾ നരകത്തിൽ വീഴാതെ രക്ഷിക്കുകയും ചെയ്യണമെ." യസീന്തയും ഫ്രാൻസിസ്സും ജയിലിൽ അടയ്ക്കപ്പെട്ടിരുന്ന കാലത്തു ഫ്രാൻസിസ് തന്റെ കണ്ണുനീരു തുടച്ചുകൊണ്ടു് ഇപ്രകാരം അപേക്ഷിച്ചു: "ഓ, എന്റെ ഈശോ ഇതു നിന്റെ നേരെയുള്ള സ്നേഹത്തെപ്രതിയും പാപികളുടെ മാനസാന്തരത്തിനുവേണ്ടിയുമാണു്." യസീന്ത തൽക്ഷണം ഇപ്രകാരം ചേർത്തു ചൊല്ലി: "കൂടാതെ പരിശുദ്ധ മാർപ്പാപ്പയ്ക്കു വേണ്ടിയും മറിയത്തിന്റെ വിമലഹൃദയത്തോടു ചെയ്യുന്ന ദ്രോഹങ്ങൾക്കു പരിഹാരമായിട്ടും ഇവ സ്വീകരിക്കണമെ." അതിനുശേഷം പീഡകളുടേയും സഹനങ്ങളുടേയും ഇടയിൽ അവർ രണ്ടുപേരും ഇപ്രകാരംതന്നെയാണു പ്രാർത്ഥിച്ചിരുന്നതു്.

ഒരു ദിവസം യസീന്ത രോഗശയ്യയിൽ കിടന്നിരുന്ന ഫ്രാൻസിസ്സിനെ ശുശ്രൂഷിച്ചുകൊണ്ടിരിക്കെ ലൂസിയെ വിളിച്ചുവരുത്തി അവളോടു പറഞ്ഞു: "പരിശുദ്ധ കന്യക ഞങ്ങളെ സന്ദർശിച്ചു ദേവമാതാവു ഫ്രാൻസിസ്സിനെ സ്വർഗ്ഗത്തിലേക്കു കൊണ്ടുപോകുവാൻ അധികം താമസിയാതെ വരുമെന്നാണു പറഞ്ഞതു്. അനന്തരം ദൈവമാതാവു എന്നോടു ചോദിച്ചു ഇനിയും ആത്മാക്കളെ മാനസാന്തരപ്പെടുത്തുന്നതിനു് എനിക്കു് ആഗ്രഹമുണ്ടോയെന്നു്. ഉവ്വ് എന്നു ഞാൻ മറുപടി നല്കി. അപ്പോൾ കന്യക പറഞ്ഞു ഞാൻ ഒരു ആസ്പത്രിയിലേക്കു പോകുമെന്നും അവിടെ നിരവധി പീഡകൾ അനുഭവിക്കേണ്ടിവരുമെന്നും. അവയെല്ലാം പാപികളുടെ മാനസാന്തരത്തിനും മറിയത്തിന്റെ വിമലഹൃദയത്തോടു ചെയ്യുന്ന പാപങ്ങൾക്കു പരിഹാരമായും സഹിക്കണമെന്നു ദൈവജനനി എന്നെ ഉദ്ബോധിപ്പിച്ചു."

ആസ്പത്രിയിൽ പ്രവേശിക്കുന്നതിനു കുറേ ദിവസങ്ങൾക്കുമുമ്പു ലൂസിയെ വിളിച്ചു യസീന്ത ഇപ്രകാരം പറഞ്ഞു: "ഇതാ ഞാൻ സ്വർഗ്ഗത്തിലേക്കു പോകാറായിരിക്കുന്നു. ഇനി സമയം അധികം ശേഷിച്ചിട്ടില്ല. എന്നാൽ സഹോദരി കുറേക്കാലംകൂടെ ലോകത്തിൽ ജീവിക്കണം. മറിയത്തിന്റെ വിമലഹൃദയത്തോടുള്ള ഭക്തി ലോകത്തിൽ സ്ഥാപിക്കുന്നതിനു ദൈവം ആഗ്രഹിക്കുന്നുവെന്നു നീ സാക്ഷ്യം നല്കണം. അതിനുള്ള സമയം വരുമ്പോൾ നീ ഒളിച്ചുകളയരുതു്. പരിശുദ്ധ കന്യകവഴിയാണു ദൈവം തന്റെ ദാനങ്ങൾ നല്കുന്നതെന്നും ദൈവവരങ്ങൾ ലഭിക്കുവാൻ ദൈവമാതാവിനോടു ചോദിക്കണമെന്നും നീ ഏവരേയും അറിയിക്കണം. തന്റെ തിരുഹൃദയത്തിന്റെ സമീപത്തു മറിയത്തിന്റെ വിമലഹൃദയവും വണങ്ങപ്പെട്ടുകാണുവാൻ ഈശോ അതിയായി ആഗ്രഹിക്കുന്നുവെന്നും ലോകത്തെ ഗ്രഹിപ്പിക്കുക. ലോകത്തിനു സമാധാനം നല്കാനായി പരിശുദ്ധ കന്യകയുടെ മാദ്ധ്യസ്ഥം പിടിച്ചുകൊണ്ടു് അപേക്ഷിക്കയല്ലാതെ മാർഗ്ഗമില്ലെന്നു ജനങ്ങളെ മനസ്സിലാക്കണം; എന്തുകൊണ്ടെന്നാൽ ദൈവം അതു ദൈവമാതാവിനെ ഏല്പിച്ചിരിക്കുകയാണു്. ഹാ, എന്റെ ഹൃദയത്തിൽ എരിഞ്ഞുകൊണ്ടിരിക്കുകയും ഈശോയുടെ തിരുഹൃദയത്തെയും മറിയത്തിന്റെ വിമലഹൃദയത്തെയും അതിയായി സ്നേഹിക്കുന്നതിനു് എന്നെ ഉത്തരോത്തരം ഉത്തേജിപ്പിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്ന ചൈതന്യം എല്ലാവരിലും ഉജ്ജ്വലിപ്പിക്കുവാൻ എനിക്കു കഴിഞ്ഞിരുന്നെങ്കിൽ."

1917 ജൂലായി 13-ാംനു യിലെ ദർശനത്തിൽ ദൈവമാതാവു ലൂസിമുതലായ ബാലകരോടു് ഇപ്രകാരം പ്രസ്താവിച്ചു: "യുദ്ധത്തെ തടയുവാൻ എന്റെ വിമലഹൃദയത്തിനു റഷ്യയെ പ്രതിഷ്ഠിക്കണമെന്നു ഞാൻ വന്നു് ആവശ്യപ്പെടും." ഈദൃശങ്ങളായ പരിശുദ്ധ കന്യകയുടെ വാഗ്ദാനങ്ങളെ അടിസ്ഥാനപ്പെടുത്തി റഷ്യയെ മറിയത്തിന്റെ വിമലഹൃദയത്തിനു പ്രതിഷ്ഠിക്കണമെന്നു ലൂസി അഭ്യർത്ഥിച്ചു. പോർത്തുഗീസുമെത്രാന്മാർ സംഗതികൾ വേണ്ടപോലെ പഠിച്ചതിനുശേഷം ലോകത്തെ മറിയത്തിന്റെ വിമലഹൃദയത്തിനു പ്രതിഷ്ഠിക്കുവാൻ പരിശുദ്ധ പിതാവിനോടു് അപേക്ഷിച്ചു. പ്രഥമദർശനത്തിന്റെ രജതജൂബിലിദിവസം 1942 മേയ് 13-ാംനു പരിശുദ്ധ പിതാവു ലോകത്തെ മറിയത്തിന്റെ വിമലഹൃദയത്തിനു പ്രതിഷ്ഠിക്കുകയും ചെയ്തു. അതേവർഷം ഡിസംബർ 8 ാംനു പ്രസ്തുത പ്രതിഷ്ഠ കർദ്ദിനാളന്മാരുടെ മുമ്പിൽവച്ചു പരിശുദ്ധ പിതാവു നവീകരിക്കുകയും ലോകമാസകലം ഈ പ്രതിഷ്ഠ നടത്തുന്നതിനു പേപ്പൽസെക്രട്ടറി ആജ്ഞാപിക്കുകയും ഉണ്ടായിട്ടുണ്ടു്. മറിയത്തിന്റെ വിമലഹൃദയത്തിന്റെ സ്മരണക്കായി പരിശുദ്ധ പിതാവു് ഒരു തിരുനാളും സ്ഥാപിച്ചു. പരിശുദ്ധ പിതാവിന്റെ ഈ നടപടികളിൽനിന്നു ഗ്രഹിക്കാം ഫാത്തിമായിൽ ആവിഷ്കൃതമായ മറിയത്തിന്റെ വിമലഹൃദയത്തോടുള്ള ഭക്തി തിരുസഭയ്ക്കു് എത്രയും പ്രീതികരമാണെന്നു്.

ആകയാൽ രൂപതകളേയും ഇടവകകളേയും കുടുംബങ്ങളേയും നാം ഓരോരുത്തരേയും മറിയത്തിന്റെ വിമലഹൃദയത്തിനു പ്രതിഷ്ഠിച്ചും, ആദ്യശനിയാഴ്ചഭക്തി അഭ്യസിച്ചും, ആഗസ്റ്റ് 22-ാംനുയുള്ള വിമലഹൃദയത്തിന്റെ തിരുനാൾ ആഡംബരപൂർവ്വം കൊണ്ടാടിയും റഷ്യക്കുവേണ്ടി പ്രാർത്ഥിച്ചും, വിമലഹൃദയത്തിന്റെ സ്മരണക്കുള്ള സുകൃതജപങ്ങൾ ചൊല്ലിയും ഈശോയുടെ തിരുഹൃദയത്തിലേക്കുള്ള മാർഗ്ഗമായി മറിയത്തിന്റെ വിമലഹൃദയത്തോടുള്ള ഭക്തി സ്വീകരിച്ചും ഫാത്തിമാസന്ദേശത്തെ നമുക്കു് ആദരിക്കാം. മറിയത്തിന്റെ വിമലഹൃദയമേ, ഇന്ത്യക്കുവേണ്ടി പ്രാർത്ഥിക്കണമെ.




## സ്വാഗതം

(എൻ. യു. ജോസഫ്, ഇടപ്പള്ളി)

ഫാത്തിമാമാതാവേ നൽവരം തൂകും നിൻ
യാത്രാപരിപാടി വെൽവൂതാക!
ചാരുവെൺമഞ്ഞിനുടയാടചുററിക്കൊ
ണ്ടോരോ പുലരിയും കാത്തിരിപ്പൂ.
ആകാശം കാർമേഘപങ്ക്തിയലാംതാ-
രാകുമുദാവും സ്വീകരിപ്പൂ.
കാറ്റാരുപോലുമിക്കാലത്തു ശുദ്ധത
കാട്ടിക്കൊണ്ടല്ലയൊഴുകുന്നു.
കുപ്പുകൈയപ്പിച്ചിട്ടാനമിച്ചേവമി-
ക്കേരളമാളുന്നു സുസ്വാഗതം!
ഉൾക്കളം കോൾമയിർക്കൊള്ളുന്നുനിൻ
ചെത്രയും വേഗമെന്നോക്കുലം. വര-
തീർത്ഥാടനംചെയ്യും രാജ്ഞി, നീ പോയാലും
തീർത്തുമീ ഞങ്ങളെ കൈവിടല്ലേ.

വിമർശനവീഥി

# വിശുദ്ധരോടു പ്രാർത്ഥിക്കുന്നതും സ്വരൂപങ്ങൾ വണങ്ങുന്നതും

ഫാത്തിമാമാതാവിൻെറ തിരുസ്വരൂപം നമ്മുടെ നാട്ടിലേക്കു എഴുന്നെള്ളുകയും ഏററവും ഭക്തിയോടും ആഘോഷങ്ങളോടുംകൂടി തിരുസ്വരൂപത്തെ നാം സ്വീകരിക്കുകയും ലോകസമാധാനത്തിനുംമററുംവേണ്ടി തീക്ഷ്ണമായി നാം മാതാവിനോടു പ്രാർത്ഥിക്കുകയും ചെയ്യാനുള്ള ശുഭകരമായ സന്ദർഭം സമാഗതമായിരിക്കുകയാണല്ലോ ഈ അവസരത്തിൽ വിശുദ്ധരോടു പ്രാർത്ഥിക്കുകയും അവരുടെ തിരുസ്വരൂപങ്ങൾ വണങ്ങുകയും ചെയ്യുന്നതു സംബന്ധിച്ചു തിരുസ്സഭ ഔദ്യോഗികമായി പഠിപ്പിക്കുന്നതെന്താണെന്നു അനുസ്മരിക്കുന്നതു പ്രയോജനകരമായിരിക്കും.

ത്രിദെന്തീനാസ് സൂനഹദോസ്

ദൈവം വെളിപ്പെടുത്തിയിട്ടുള്ള സംഗതികൾ തെററുകൂടാതെ ലോകരെ പഠിപ്പിക്കുവാൻ അവിടുന്നുതന്നെ നിയമിച്ചിട്ടുള്ളതു കത്തോലിക്കാതിരുസ്സഭയാണല്ലോ. തിരുസ്സഭ അതിൻെറ ആരംഭംമുതൽ ഈ അദ്ധ്യാപന ജോലി നിർവ്വഹിച്ചുകൊണ്ടിരിക്കുകയാണു്. എന്നാൽ ചില ഘട്ടങ്ങളിൽ ഈ അദ്ധ്യാപന കൃത്യം ഏററവും ഔപചാരികമായവിധത്തിൽ തിരുസ്സഭ നിർവഹിക്കാറുണ്ടു്. വെളിപ്പെടുത്തപ്പെട്ട സത്യങ്ങൾക്കു വിപരീതമായ ബോധനങ്ങൾ മനുഷ്യരിൽനിന്നു പുറപ്പെടുകയും പ്രചാരം പ്രാപിച്ചുവരുകയും ചെയ്യുമ്പോഴാണു് അങ്ങനെ ചെയ്യുന്നതു്. ഇവ്വസരങ്ങളിൽ സകലകത്തോലിക്കരുടെയും ശ്രദ്ധയെ ആകർഷിക്കുന്നതിനും, അബദ്ധാപദേശങ്ങളിൽനിന്നു് അവരെ സംരക്ഷിക്കുന്നതിനുംവേണ്ടി മാർപ്പാപ്പാമാരുടെ നേരിട്ടോ പ്രതിനിധികൾ വഴിയായോ ഉള്ള നേതൃത്വത്തിൽ മെത്രാന്മാർ സമ്മേളിക്കുകയും, വിവാദവിഷയമാകുന്ന തത്വങ്ങളെപ്പററി ചർച്ച നടത്തുകയും, അബദ്ധാപദേശങ്ങളെ ശപിച്ചുതള്ളിക്കൊണ്ടു സുബദ്ധാപദേശങ്ങളെ പ്രഖ്യാപിക്കുകയും ചെയ്യുന്നു. അങ്ങനെ ഉണ്ടായ ഏററവും പ്രധാനമായ ഒരു സമ്മേളനമാണു് ത്രിദെന്തീനോസ് സൂനഹദോസ് (Council of Trent). പ്രോട്ടസ്റ്റൻറു് മതവിപ്ലവത്തോടുകൂടി പല അബദ്ധാപദേശങ്ങളും ക്രിസ്തീയലോകത്തിൽ ഉത്ഭവിക്കുകയും പ്രചരിക്കുകയും ചെയ്തു. അവയെപ്പററി ചർച്ചനടത്തി ഔദ്യോഗികമായ തീരുമാനങ്ങൾ ചെയ്യുവാനാണു് ഈ സൂനഹദോസ് സമ്മേളിച്ചതു. വിശുദ്ധരോടു പ്രാർത്ഥിക്കുന്നതും അവരുടെ സ്വരൂപങ്ങൾ വണങ്ങുന്നതും തെററാണെന്നു പ്രോട്ടസ്റ്റൻറുകാർ വാദിച്ചു.

ഈ വാദത്തെ പ്രസ്തുത സൂനഹദോസ് നിഷേധിക്കുകയും സത്യമായ ഉപദേശം പ്രഖ്യാപിക്കുകയും ചെയ്തു. ആ പ്രഖ്യാപനമാണു് താഴെ ചേർക്കുന്നതു:-

"ക്രിസ്തുവിനോടൊന്നിച്ചു വാണുകൊണ്ടിരിക്കുന്നവിശുദ്ധർ മനുഷ്യർക്കു വേണ്ടി അവരുടെ സ്വന്തം പ്രാർത്ഥനകളും ദൈവസമക്ഷം സമർപ്പിക്കുന്നു. നമ്മുടെ ഏകപരിത്രാതാവും രക്ഷകനുമായ ഈശോമിശിഹാവഴിയായി ദൈവം നല്കുന്ന അനുഗ്രഹങ്ങൾ ലഭിക്കുവാൻവേണ്ടി വിശുദ്ധരോടു പ്രാർത്ഥിക്കുകയും അവരുടെ പ്രാർത്ഥനയും സഹായവും തേടുകയും ചെയ്യുന്നതു നല്ലതും പ്രയോജനകരവുമാണു്. സ്വർഗ്ഗത്തിൽ നിത്യസൗഭാഗ്യം അനുഭവിക്കുന്ന വിശുദ്ധരോടു പ്രാർത്ഥിക്കുവാൻ പാടുള്ളതല്ലെന്നു പറയുന്നവരും, ആ വിശുദ്ധർ മനുഷ്യർക്കു വേണ്ടി പ്രാർത്ഥിക്കുന്നില്ലെന്നു പ്രസ്താവിക്കുന്നവരും, നമുക്കോരോരുത്തർക്കും വേണ്ടി പ്രാർത്ഥിക്കണമെന്നു് അവരോടാവശ്യപ്പെടുന്നതു വിഗ്രഹാരാധനയാണെന്നും ദൈവവചനത്തിനു വിപരീതമാണെന്നും ദൈവത്തിൻെറയും മനുഷ്യരുടെയും ഇടയിൽ ഏകമദ്ധ്യസ്ഥനായിരിക്കുന്ന ഈശോമിശിഹായുടെ നേർക്കുള്ള ബഹുമാനത്തിനെതിരാണെന്നും വാദിക്കുന്നവരും ആയ ആളുകളുടെ അഭിപ്രായങ്ങൾ ദൈവഭക്തിക്കു വിപരീതങ്ങളായ അബദ്ധങ്ങളാകുന്നു."

നമ്മുടെ കർത്താവും അവിടുത്തെ ശ്ലീഹന്മാരും വഴിയായിട്ടാണല്ലോ ക്രിസ്തീയവെളിപാടു നമുക്കു ലഭിച്ചിരിക്കുന്നതു്. അതടങ്ങിയിരിക്കുന്നതു് പുതിയനിയമത്തിലും സഭാപാരമ്പര്യത്തിലുമാണു്. പൗലോസു് ശ്ലീഹാ തനിക്കുവേണ്ടി പ്രാർത്ഥിക്കുവാൻ വിശ്വാസികളോടു് ഇടവിടാതെ ആവശ്യപ്പെട്ടിരുന്നുവെന്നു് അദ്ദേഹത്തിൻെറ ലേഖനങ്ങളിൽനിന്നു കാണാം. ഭൂമിയിൽ ജീവി-

. ബാൾ തൻെറ സഹോദരന്മാർക്കുവേണ്ടി പ്രാർത്ഥിക്കുന്ന ക്രിസ്ത്യാനിക്കു് സ്വർഗ്ഗത്തിൽ പ്രവേശിച്ച ശേഷം എന്തുകൊണ്ടു പ്രാർത്ഥിക്കുവാൻ പാടില്ല. സ്വർഗ്ഗത്തിൽ പ്രവേശിച്ചുകഴിയുമ്പോൾ വിശുദ്ധന്മാർക്കു നമ്മുടെ നേരെയുള്ള താല്പര്യം അവർ ഭൂമിയിൽ ജീവിച്ചിരുന്നപ്പോൾ ഉണ്ടായിരുന്നതിനെക്കാൾ നൂറുമടങ്ങു് വർദ്ധിക്കുവാനാണല്ലോ ന്യായമുള്ളതു്. എന്തുകൊണ്ടെന്നാൽ സ്വർഗ്ഗത്തിലെത്തുമ്പോൾ നമ്മുടെ കുറവുകളും ആവശ്യങ്ങളും അവർ കൂടുതലായി മനസ്സിലാക്കുന്നു; അവരുടെ പ്രാർത്ഥന സ്വീകരിക്കുവാൻ ദൈവത്തിനുള്ള സന്നദ്ധതയും അവർ കൂടുതലായി ഗ്രഹിക്കുന്നു. ആദിമസഭയിലെ പാരമ്പര്യത്തിൽ ഈ വസ്തുത സമ്മതിക്കപ്പെട്ടിരുന്നു. അനേകം ലക്ഷ്യങ്ങൾ ഉദ്ധരിക്കാനുണ്ടെങ്കിലും വിശുദ്ധ ജെറോമ്മോസു് (Jerome) എന്ന സഭാപിതാവിൻെറ ഒരു സാക്ഷ്യം മാത്രം ചേർത്തുകൊള്ളുന്നു:—

'ശ്ലീഹന്മാരും വേദസാക്ഷികളും ഭൂമിയിൽ ജീവിക്കുകയും തങ്ങളുടെ കാര്യങ്ങൾ ശ്രദ്ധിക്കുവാൻ ആവശ്യമുള്ളവരായിരിക്കുകയും ചെയ്തിരുന്നപ്പോൾ മററുള്ളവർക്കുവേണ്ടി പ്രാർത്ഥിക്കുവാൻ കഴിവുള്ളവരായിരുന്നെങ്കിൽ, തങ്ങളുടെ കിരീടങ്ങളും തങ്ങളുടെ വൈജയന്തികളും സ്വർഗ്ഗത്തിൽ നേടിയ ശേഷം മററുള്ളവർക്കുവേണ്ടി പ്രാർത്ഥിക്കുവാൻ അവർ എത്ര കൂടുതൽ കഴിവുള്ളവരായിരിക്കും?

മോശ എന്ന ഏക മനുഷ്യൻ 6 ലക്ഷം പട്ടാളക്കാർക്കു് ദൈവത്തിൻെറ മാപ്പു നേടിക്കൊടുത്തു; എസ്തപ്പാനോസു് (Stephen) തൻെറ പീഡകന്മാർക്കുവേണ്ടി പ്രാർത്ഥിച്ചു ക്രിസ്തുവിനോടുകൂടിയിരിക്കുമ്പോൾ അവരുടെ ശക്തി വല്ല കുറവുമുണ്ടാകുമോ? വിശുദ്ധ പൗലോസു പറയുന്നു, തൻെറ കൂടെ കപ്പലിൽ ഉണ്ടായിരുന്ന 276 ആത്മാക്കൾക്കുവേണ്ടി പ്രാർത്ഥിക്കുകയും ആ പ്രാർത്ഥന ഫലിക്കുകയും ചെയ്തുവെന്നു്. മരിച്ചശേഷം ഈ ശ്ലീഹാ തൻെറ അധരങ്ങൾ അടച്ചുകളയുമോ? അദ്ദേഹത്തിൻെറ സുവിശേഷത്തിൽ വിശ്വസിച്ചലോകർക്കുവേണ്ടി ഒരക്ഷരമെങ്കിലും അദ്ദേഹം ദൈവത്തോടു ശബ്ദിക്കാതിരിക്കുമോ?'

വിശുദ്ധരോടു നാം പ്രാർത്ഥിക്കണമെന്നുള്ളതു് ദൈവത്തിൻെറ ഹിതമാണു്. തന്മൂലം ആ പ്രാർത്ഥനവഴിയായി നാം ദൈവഹിതം നിർവ്വഹിക്കുകയും അങ്ങനെ ദൈവത്തെ പ്രീതിപ്പെടുത്തുകയും ചെയ്യുന്നു. വിശുദ്ധന്മാർ വഴിയായി തന്നോടു പ്രാർത്ഥിക്കണമെന്നു് ദൈവം നിശ്ചയിച്ചിട്ടുള്ളതു് അവരെ കൂടുതൽ ബഹുമാനിക്കുവാൻ അവിടുന്നു ആഗ്രഹിക്കുന്നതുകൊണ്ടാണു്. അവർ ദൈവത്തെ പ്രീതിപ്പെടുത്തിയവരാകയാൽ അവരെ ആ വിധത്തിലും ബഹുമാനിക്കുവാൻ ദൈവം നിശ്ചയിച്ചു. എന്നാൽ വിശുദ്ധരുടെ പ്രാർത്ഥന ദൈവതിരുമുൻപിൽ സ്വീകാര്യമായിരിക്കുന്നതു് ഏകരക്ഷകനായ നമ്മുടെ കർത്താവിൻെറ അർഹതകൾ നിമിത്തമാണു്. ആകയാൽ അവരുടെ പ്രാർത്ഥനയ്ക്കുള്ള സാഫല്യത്താൽ ഏകരക്ഷകനായ നമ്മുടെ കർത്താവിനു ബഹുമാനക്കുറവല്ല ബഹുമാനക്കൂടുതലാണുണ്ടാകുന്നതു്. കീഴുദ്യോഗസ്ഥന്മാരുടെ ശുപാർശകളോടുകൂടിവേണം മേലുദ്യോഗസ്ഥനു അപേക്ഷകൾ സമർപ്പിക്കുവാനെന്നു സർക്കാരിൽ ചട്ടമുണ്ടല്ലോ. ആ ചട്ടം മേലുദ്യോഗസ്ഥനോടുള്ള ബഹുമാനക്കുറവിനെ സൂചിപ്പിക്കുന്നില്ല, പ്രത്യുത കീഴുദ്യോഗസ്ഥൻെറ നേർക്കുള്ള കൂടുതൽ ബഹുമാനമാണു സൂചിപ്പിക്കുന്നതു്. മനുഷ്യരുടെ കാര്യത്തിൽ കീഴുദ്യോഗസ്ഥൻെറ ശുപാർശ സംഗതികളുടെ യാഥാർത്ഥ്യം ഗ്രഹിക്കുവാൻ മേലുദ്യോഗസ്ഥനു സഹായകമായിരിക്കും. ദൈവത്തിൻെറ കാര്യത്തിൽ ഇതു ബാധകമല്ല. ദൈവം നമ്മുടെ സകല ആവശ്യങ്ങളും അറിഞ്ഞുകൊണ്ടിരിക്കുന്നു. നമുക്കു ഗുണകരമെന്നു കണ്ടാൽ അവ സാധിച്ചുതരാൻ അവിടുന്നു സന്നദ്ധനായുമിരിക്കുന്നു. വിശുദ്ധരെ കൂടുതൽ ബഹുമാനിക്കണമെന്നും വിശുദ്ധരുമായി നമുക്കു കൂടുതൽ സമ്പർക്കമുണ്ടാകണമെന്നും ദൈവത്തിനു ഉദ്ദേശമുള്ളതിനാൽ വിശുദ്ധർവഴിയായി തന്നോടു പ്രാർത്ഥിക്കുന്നതു ദൈവത്തിനു പ്രസാദകരമായിരിക്കുന്നു. ആകയാൽ തദനുസരണം ചെയ്യുകയാണു നമ്മുടെ കർത്തവ്യം. യുക്തിഹീനങ്ങളായ കാരണങ്ങൾ പറഞ്ഞു അപ്രകാരം ചെയ്യാതിരിക്കുന്നവർ ദൈവഹിതത്തെ ലംഘിക്കുന്നവരായിരിക്കും.

## സ്വരൂപവണക്കം

വിശുദ്ധരുടെ സ്വരൂപങ്ങളെ വണങ്ങുന്നതു സംബന്ധിച്ചു പ്രസ്തുത സൂനഹദോസു് പ്രഖ്യാപിച്ചിട്ടുള്ളതിങ്ങനെയാണു്:—

"ക്രിസ്തുവിൻെറയും കന്യകയായ ദേവമാതാവിൻെറയും മററു വിശുദ്ധരുടെയും രൂപങ്ങൾ ഉണ്ടാക്കുകയും പള്ളികളിൽ പ്രത്യേകിച്ചും സൂക്ഷിക്കുകയും, അവയ്ക്കു തക്ക ബഹുമാനവും വണക്കവും നൽകുകയും ചെയ്യേണ്ടതാണു്. ഏതെങ്കിലും ദൈവത്വമോ ശക്തിയോ അവയിൽ സ്ഥിതിചെയ്യുന്നുണ്ടെന്നും, അതു നിമിത്തമാണു് അവയെ വണങ്ങേണ്ടതെന്നും വിശ്വസിക്കുന്നതായി അർത്ഥമാക്കേണ്ടതില്ല. അവയോടു് എന്തെങ്കിലും അഭ്യർത്ഥിക്കുന്നതായോ, ബിംബങ്ങളിൽ ശരണംവച്ചിരുന്ന പുറജാതികൾ പണ്ടു ചെയ്തിരുന്നതുപോലെ രൂപങ്ങളിൽ ശരണംവച്ചിരിക്കുന്നതായോ അർത്ഥമാക്കേണ്ടതുമില്ല. രൂപങ്ങളോടു കാണിക്കുന്ന ബഹുമാനം അവ പ്രതി




# നവയുഗോദയം

(ഫാദർ സി. കെ. മററം,

എം. ആർ. ഏ. എസ്., എഫ്. ആർ. എസ്. ഏ. (ലണ്ടൻ)

വിശ്വം അന്ധകാരനിബിഡമായിരുന്നു.

ജഗത്തമസ്സിനെ നിർമ്മാർജ്ജനംചെയ്തിട്ടു്, രണ്ടായിരംതികയാൻ ഇനി 51 വർഷങ്ങൾമാത്രം.

വചനം മാംസമായി; ജഗത്തു് പ്രോ



ജ്ജ്വലമായി; തമോനിരസ്തമായി. അതിൻെറ വാർഷികം!

സർവ്വലോകത്തിലും ഒരു നവയുഗോദയം! ഒരു നവ്യജീവി പാദയം!!

നരകത്തിൽമാത്രം ഭയങ്കരാന്ധകാരം!

ദാവീദിൻെറ ഗോത്രത്തിൽ സച്ചിദാനന്ദസ്വരൂപൻ തിരുവവതാരംചെയ്തുകഴിഞ്ഞു!

എവിടെവിടെ?
രാജകീയമണിമേടയിലോ?
പ്രഭുകുലരമ്യഹർമ്മ്യത്തിലോ?
അല്ലല്ലാ,
ബേത്ലഹമിലെ കാലിത്തൊഴുത്തിൽ!
കർക്കശമായ പലാലത്തിൽ!
അഹോ!
പരിത്യാഗത്തിൻെറ പരമകാഷ്ഠ!
വിനയത്തിൻെറ പാരമ്യം!!
എന്തെന്നു്?
നാകനാഥൻ നരരൂപനായെന്നോ!
അല്ലല്ല,
പ്രേമം ഉടലെടുത്തെന്നു്!
ത്യാഗം മൂർത്തിമത്തായെന്നു്!!
ചിന്മയനേ! നിർപരാബ്ജസേവാസ്തുമേ,
മാമവസ്വാമിൻ! പാപവിനാശന! നമഃ;
മുക്തിപ്രദ! മുനിവൃന്ദനിഷേവിത!
ഭക്തിപ്രിയ! സതതം! ജയ!ജയ!!
ക്രിസ്തുദേവ! പാഹിമാം
യേശുദേവ! ത്രാഹിമാം.

നിധാനംചെയ്യുന്ന ആളുകളെ ഉദ്ദേശി ച്ചുള്ളതാണ്. തന്മൂലം രൂപങ്ങളെ നാം മുത്തുകയും അവയുടെ മുൻപിൽ നാം തൊപ്പിയെടുത്തു മാററുകയും നാം സാഷ്ടാംഗം ചെയ്യുകയും ചെയ്യുമ്പോൾ അവ പ്രതിനിധാനംചെയ്യുന്ന ക്രിസ്തുവിനെ നാം ആരാധിക്കുകയും വിശുദ്ധരെ നാം വണങ്ങുകയുമാണു ചെയ്യുന്നതു്."

സ്വരൂപവണക്കവും ആദിമസഭയിൽ സ്വീകരിക്കപ്പെട്ടിരുന്നുവെന്നുള്ളതിനു അനേകം ലക്ഷ്യങ്ങളുണ്ടു്. റോമയിലെ മതപീഡനകാലങ്ങളിൽ ക്രിസ്ത്യാനികൾ ആരാധനകൾ നടത്തിയിരുന്ന ഭൂഗർഭാലയങ്ങളിലെ ചിത്രങ്ങൾ ഇതിനുദാഹരണമാണു്. മോശ പാറമേൽ അടിക്കുന്നതു്, നോഹ് പെട്ടകത്തിലിരിക്കുന്നതു്, ഡാനിയേൽ സിംഹത്തിൻെറ ഗുഹയിൽ വസിക്കുന്നതു്, ക്രിസ്തു ബേത്ലേഹമിൽ ജനിക്കുന്നതു്, ജ്ഞാനികൾവന്നു് അവിടുത്തെ ആരാധിക്കുന്നതു്, കാനായിൽ വിവാഹഘോഷം നടക്കുന്നതു്, ലാസറിനെ ഉയിപ്പിക്കുന്നതു്മുതലായ അനേകസംഭവങ്ങൾ അവിടെ ചിത്രീകരിച്ചിട്ടുണ്ടു്. കൊത്തുരൂപങ്ങൾ ഉണ്ടാക്കുവാൻ പ്രയാസവും ചെലവുമുള്ളതിനാൽ അവ അവിടെ അപൂർവമായിരുന്നു. വേദഞെരുക്കങ്ങൾമാറി മതസ്വാതന്ത്ര്യം ലഭിച്ചപ്പോൾ ക്രിസ്ത്യാനികൾ അവരുടെ ദേവാലയങ്ങളെ എഴുതിയതും കുത്തിയതുമായ രൂപങ്ങൾകൊണ്ടു് അലങ്കരിക്കുവാൻതുടങ്ങി. കാവ്യരുടെ വിഗ്രഹാരാധനയെ പ്രതിഷേധിക്കുകയും ആ പ്രതിഷേധത്തിനുവേണ്ടി ആയിരക്കണക്കിനു ജീവൻ ബലികഴിക്കുകയുംചെയ്ത ആദിമക്രിസ്ത്യാനികൾ സ്വരൂപങ്ങളെ ഉണ്ടാക്കുകയും വണങ്ങുകയും ചെയ്തിരുന്നെങ്കിൽ, വിഗ്രഹാരാധനയുടെ യാതൊരു ലാഞ്ചനപോലും അതിലില്ലെന്നുള്ള ബോദ്ധ്യം അവർക്കുണ്ടായിരുന്നുവെന്നു സ്പഷ്ടമാണല്ലോ.

മാനസികശാസ്ത്രം അറിയാവുന്നവർക്കും അതനുസരിച്ചുള്ള മനുഷ്യരുടെ നടപടികൾ കണ്ടുകൊണ്ടിരിക്കുന്നവർക്കും സ്വരൂപവണക്കത്തിൻെറ സ്വാഭാവികതയും യുക്തിയും നിഷ്പ്രയാസം മനസ്സിലാക്കുവാൻകഴിയും. ആത്മാവും ശരീരവുംകൂടിയ മനുഷ്യൻെറ ആശയങ്ങൾ ശാരീരികമായ അടയാളങ്ങൾവഴിയായി വെളിയിലേക്കു പ്രകാശിപ്പിക്കപ്പെടുന്നു. ശാരീരികമായ അടയാളങ്ങൾ ആശയങ്ങളെ അനുസ്മരിപ്പിക്കുന്നതിനും ശക്തിപ്പെടുത്തുന്നതിനും സഹായിക്കുന്നു. ഈ തത്വമനുസരിച്ചാണു് മനുഷ്യർ അവർ വിലമതിക്കുന്ന ആളുകളുടേയും വസ്തുക്കളുടേയും എഴുത്തുരൂപങ്ങളും കൊത്തുരൂപങ്ങളും ഉണ്ടാക്കിവയ്ക്കുന്നതു്. ആ രൂപങ്ങൾ അവ പ്രതിനിധാനംചെയ്യുന്ന ആളുകളേയും വസ്തുക്കളേയും കുറിച്ചുള്ള ആന്തരികമായ സ്നേഹബഹുമാനങ്ങളെ ബാഹ്യമായി പ്രകാശിപ്പിക്കുന്നു. ആ രൂപങ്ങൾ അവയെകാണുന്നവരിൽ അവ പ്രതിനിധാനംചെയ്യുന്ന ആളുകളേയും വസ്തുക്കളേയുംകുറിച്ചു് സ്നേഹബഹുമാനം ഉളവാക്കുകയും അനുസ്മരിപ്പിക്കുകയും വർദ്ധിപ്പിക്കുകയും ചെയ്യുന്നു. ആ രൂപങ്ങളുടെ നേരെ കാണിക്കുന്ന സ്നേഹബഹുമാനങ്ങൾ അവ പ്രതിനിധാനംചെയ്യുന്ന ആളുകളുടേയും വസ്തുക്കളുടേയും നേരെ കാണിക്കുന്ന സ്നേഹബഹുമാനങ്ങളായി സകലരും ഗണിക്കുന്നു. മുത്തുക, ആചാരംചെയ്യുക, സാഷ്ടാംഗംചെയ്യുക മുതലായ സ്നേഹബഹുമാനസൂചകമായ പ്രവൃത്തികൾ ആ രൂപങ്ങളുടെ മുൻപിൽ നടത്തുന്നതും സ്വാഭാവികമാണു്. രാജസ്വരൂപത്തിൻെറ മുൻപിൽ ചെയ്യുന്ന ആ പ്രവൃത്തികൾ രാജാവിനോടുള്ള സ്നേഹബഹുമാനമായും, പൗരസ്വരൂപത്തിൻെറ മുൻപിൽ ചെയ്യുന്ന ആ പ്രവൃത്തികൾ പൗരപുരുഷനോടുള്ള സ്നേഹബഹുമാനമായും കരുതപ്പെടും. ഇപ്രകാരംതന്നെ മതപരമായ മാഹാത്മ്യമുള്ള വിശുദ്ധരുടെ സ്വരൂപത്തിൻെറമുൻപിൽ പ്രസ്തുതപ്രവൃത്തികൾ ചെയ്യുന്നതു വിശുദ്ധരുടെനേരെ കാണിക്കുന്ന മതപരമായ സ്നേഹബഹുമാനങ്ങളായി ഗണിക്കപ്പെടുവാനേ ന്യായമുള്ളു. വിശുദ്ധരിൽ വിശുദ്ധനായ ക്രിസ്തുവിൻെറയും, അവിടുത്തെ മാതാവായ പ. കന്യകാമറിയത്തിൻെറയും, മററു വിശുദ്ധന്മാരുടേയും സ്വരൂപങ്ങളുടെമുൻപിൽ ബാഹ്യമായ ഓരോതരം ആചാരപ്രവൃത്തികൾ ചെയ്താലും ക്രിസ്തുവും ക്രിസ്തുമാതാവും മററു വിശുദ്ധന്മാരുംതമ്മിൽ മതപരമായ മാഹാത്മ്യത്തിനു കാര്യമായ വ്യത്യാസമുണ്ടെന്നു് ആ പ്രവൃത്തികൾ ചെയ്യുന്നവർക്കറിയാവുന്നതുകൊണ്ടും, ഒരേതോതിലുള്ള സ്നേഹബഹുമാനങ്ങളാണു് ആ പ്രവൃത്തികൾകൊണ്ടു നൽകപ്പെടുന്നതെന്നു തെററിധരിക്കേണ്ട ആവശ്യമില്ല.

# സ്വാഗതം ഫാത്തിമാംബേ!

(ജയിംസ് കെ. ഡി. മണിമല)

ഈ കൃത്യബാഹുല്യത്തിനിടയിൽനിന്നു ഞാൻ അല്പമൊന്നു നീങ്ങിനിന്നുകൊള്ളട്ടെ! മഹാറാണിയുടെ എഴുന്നള്ളത്തിനു സമയമായിട്ടുണ്ടു്. എങ്ങും ആനന്ദത്തിൻെറ ഒരു വെട്ടിത്തിളങ്ങൽ!" ആദർശനത്തിൻെറ പുളകോദ്ഗമനം!!

ചക്രവാളപ്പരപ്പിൽ തേജ:കിരണങ്ങൾ തെളിഞ്ഞിരിക്കുന്നു. വെള്ളിമേഘങ്ങൾ മഹാറാണിയുടെ എഴുന്നള്ളത്തിനു് അകമ്പടി സേവിക്കാൻ അണിനിരന്നുകഴിഞ്ഞു. സംഗരോരസ്സിൽ തത്തിക്കളിക്കുന്ന തരംഗനിരകളും സരസ്തടത്തിൽ കിക്കിളിയിളക്കുന്ന വെള്ളിക്കുമിളകളും ഒരുപോലെ കോൾമയിർകൊള്ളുകയാണു്. തളിർച്ചില്ലകളെത്തഴുകിവരുന്ന മന്ദാനിലൻ സൗരഭ്യം എന്നുമാത്രം അങ്ങെ തിരുസന്നിധിയിൽ സമർപ്പിക്കുവാൻ സജ്ജമായിച്ചിട്ടില്ല?

* * *

ഈ വഴിത്താരയിൽ ഞാൻ ചില പുഷ്പങ്ങൾ വിതറിക്കൊള്ളട്ടെ. മഹാരാജ്ഞി എഴുന്നള്ളുന്നുണ്ടു്. അതാ പള്ളിത്തേരുരുളൊച്ച ദൂരെനിന്നു കേൾക്കുന്നു. തിരുമനസ്സിലെ വേഷവിധാനങ്ങൾ എന്തൊക്കെയെന്നോ?

നക്ഷത്രങ്ങളാണു് ആ തിരുമൗലിയിലെ സുവർണ്ണകിരീടത്തിൻെറ വജ്രക്കല്ലുകൾ. ആ പാദപീഠത്തിലമരുന്ന ധവളസുന്ദരമായ മാർബിൾക്കല്ലു് ചന്ദ്രനാണു്!!

ആ പൊല്പമെയ്യിൽ അണിഞ്ഞിരിക്കുന്ന വിശിഷ്ടാംബരമോ? ഉജ്ജ്വലതരമായ കിരണനിരകളാൽ ഇരുളിൽനിന്നു ലോകത്തെ വെളിച്ചത്തിൻെറ മടിയിലേക്കാനയിക്കുന്ന ഭാനുമാൻ!!!

* * *

ഈ ലളിതഗാനത്തിൻെറ ഈരടികൾ ഞാൻ ഒന്നു പാടിക്കൊള്ളട്ടെ. ആ രാജകീയവാദ്യഘോഷങ്ങൾ അടുത്തടുത്തുവരുന്നു. അവളാരാണെന്നോ?

അനന്യലഭ്യമായ അമലോത്ഭവത്താൽ അനുഗൃഹീതയായ രാജകുമാരി!—കളങ്കമററ കന്യാത്വത്തിൻെറ കമനീയതയെ കണ്ണുചിമ്മാതെ നോക്കിനില്ക്കുന്ന ജഗന്മോഹിനി!! — മാതൃത്വത്തിൻെറ മഹിമയുടെ മാററുരച്ചു ലോകത്തിനു വെളിപ്പെടുത്തിയ ധന്യാംബിക!!—മന്നിലും വിണ്ണിലും നിറഞ്ഞുനില്ക്കുന്ന മഹനീയവ്യക്തിത്വത്തെ സ്വാധീനത്തിൽ സംഗ്രഹിച്ചുനിറുത്തിയ അത്ഭുതരൂപിണി!—അഴലിൻെറ നിഴലിൽപ്പോലും അഴകിൻെറ നറുംനിലാവു ചൊരിഞ്ഞുകൊണ്ടിരിക്കുന്ന അസുലഭതേജ:പുഞ്ജം.

* * *

ഈ തെരുവീഥിയിലെ കൺകവരുന്ന കമനീയതകളൊന്നും നോക്കാതെ ഞാൻ മുന്നോട്ടു നീങ്ങിക്കൊള്ളട്ടെ. ഗ്രാമാന്തരങ്ങളിലേക്കായിരിക്കാം ആ തേർച്ചക്രങ്ങൾ നീങ്ങിക്കൊള്ളുന്നതു്. ഫാത്തിമായിൽ ഓക്കുവൃക്ഷത്തിൻെറ മുകൾപ്പരപ്പിലാണു് തിരുമനസ്സിലെ സിംഹാസനം പ്രത്യക്ഷപ്പെട്ടതു്! വെറും ഗ്രാമീണബാലർക്കാണു് ആ മുഖകാന്തി നുകർന്നുകൊള്ളുവാൻ ഭാഗ്യം സിദ്ധിച്ചതു്. പട്ടണത്തിലെ പരിഷ്കാരപ്പകിട്ടുകൾ ആ ഗ്രാമത്തെ നോക്കി അസൂയപ്പെട്ടു. ലൂസി, ഫ്രാൻസിസ്, യസീന്താ, അവരെത്ര ധന്യചരിതരല്ല? കൃതാർത്ഥരല്ല?

ശാസ്ത്രകോവിദരും പണ്ഡിതശ്രേഷ്ഠരും ആ കുഞ്ഞുങ്ങളോളം അർഹരല്ല. മഹാരാജ്ഞിയുടെ സന്ദർശനത്തിനു് പട്ടണത്തിൻെറ പാപപങ്കിലമായ ജാഗ്രതയെക്കാൾ, ഗ്രാമത്തിൻെറ സുന്ദരമായ സുഖസുഷുപ്തി എത്ര ആദരണീയമല്ല? ആകയാൽ ഞാൻ ഒന്നു കടന്നുപൊയ്ക്കൊള്ളട്ടെ. പരിഷ്കാരക്കോട്ടകളേ, നിങ്ങൾ എന്തിനു് എൻെറ മാർഗ്ഗത്തിൽ വിലങ്ങടിക്കുന്നു.

* * *

സ്വാഗതം! ഫാത്തിമാംബേ! കേരളക്കരയിലേക്കുള്ള അങ്ങേ എഴുന്നള്ളത്തിനു്, ഞങ്ങളുടെ ഹൃദയംഗമമായ സ്വാഗതം. അനേകായിരങ്ങൾ ഇവിടെ ഇരുട്ടിൽ തപ്പിത്തടയുന്നു, ആലങ്കാരികദീപങ്ങൾ അനുസ്യൂതം ഈ പട്ടണവീഥികളെ പ്രകാശിപ്പിച്ചുകൊണ്ടിരുന്നിട്ടും. വിലപ്പിടിപ്പുള്ള വിവിധവിഭവങ്ങൾകൊണ്ടു ഞങ്ങളുടെ കമ്പോളങ്ങൾ നിറഞ്ഞിരുന്നിട്ടും അങ്ങേക്കു സമർപ്പിക്കുവാൻ അർഹമായവ തുലോം ചുരുക്കമത്രെ. സത്യദീപത്തിൻെറ ഈ ശീഘ്രലാക്ഷരങ്ങൾമാത്രം തിരുമുമ്പിൽ നിരത്തിക്കൊള്ളട്ടെ.

* * *

ഫാത്തിമാനാഥയുടെ ആദ്ധ്യാത്മികതേജസ്സും അജയ്യമായ കേരളക്കരയിലെ ക്രൈസ്തവചൈതന്യത്തെ പ്രചോദിപ്പിക്കുന്നു.




ഫാത്തിമാമാതാവിൻെറ അത്ഭുതകരമായ ദർശനങ്ങളുടേയും, ആ ദർശനങ്ങളിൽ മാതാവുവഴിയായി ദൈവം ലോകത്തിനു നൽകിയിട്ടുള്ള സന്ദേശങ്ങളുടേയും വെളിച്ചത്തിൽ, അവയുടെ അനിതരസാധാരണമായ മാഹാത്മ്യം അനുസ്മരിക്കുമ്പോൾ ഫാത്തിമാമാതാവിൻെറ തിരുസ്വരൂപത്തോടു ലോകമാസകലം കത്തോലിക്കർ കാണിക്കുന്ന അന്യാദൃശമായ ബഹുമാനവും ഭക്തിയും ഏററവും സമുചിതവും യുക്തിപൂർവകവുമാണെന്നു കാണാം.

# അഭിവാദനം

ഖജാഞ്ചിയിലെ "ഹേ! മാതാ" എ. മ.

(പ്രേം സാഗർ ഫെയിം)

ഓ! മേരി, ഓ! മേരി!
ജയ! ലോകമഹാമാതേ! -നാഥേ!
ജയ! ലോക മഹാമാതേ!
ജയ! ജീവജലാമൃതമേ
വാഴ്ക! വാഴ്ക! വാഴ്ക! ഫാത്തിമാമാതേ!
തീർത്ഥാടന കന്യകയേ! -നാഥേ.

1 ദ്യോവിൽനിന്നുവന്നു
ഭൂവാകെ നീ ചെന്നു
സ്വർഗ്ഗീയസന്ദേശം
നാഥേ! നൽകി, നീളെ നീ (ജയ

2 വാ, വരികാശാദീപം!
വാ, ഇവർതൻ സ്നേഹമെ!
വാരൊളിവില്ലേ! വാ, വാ,
വാനിലെ ഭാഗ്യറാണി നീ (ജയ

3 കാത്തു കാത്തു നിന്നെ
അഭിവാദ്യം ചെയ്യുന്നു!
മക്കൾനിൻ പൊൽപ്പാദം
ഭക്ത്യാമോദം കൂപ്പുന്നു. (ജയ

4 ഓ! നിർമ്മലയാം പ്രാവേ!
മാടപ്രാവിൻ നാഥേ!
കന്മഷഹീനം കാത്തു-
പാലിക്കേണം നാഥേ! നീ (ജയ

(റവ. ഫാദർ ജേക്കബ് കല്ലറക്കൽ)

## സൗജന്യവിതരണ ഫണ്ടു്

ഗേൾസ് സൊഡാലിററി
ഒല്ലൂർ ക. 5—0—0

## Rosary Petals

The ROSARY is the blind man's Missal, the illiterate man's Catechism; it is the handiest prayerbook.

* * *

"The ROSARY is my favourite. I try to say it everyday, and find it very easy to work it in during the course of everyday housework; it's really simple and makes one feel so good."
*(A Busy Housewife)*

"This month I am going to make great efforts to pray the Rosary three times daily. In the past this practice has been my greatest hope against falling into sin during the long stretches of daily life between Sundays." *(A Young Lady)*

"Being a new convert to the Holy Catholic Church, I often wondered why hardly anyone welcomed me into the Church and explained the wonderful devotions to me, and asked me to join them. I have asked three men about the Arch-confraternity of the Holy Rosary and they state it is just for women; but according to what little I know about it, it is also for men, and all men should belong to it. It seems that some men do not value the Rosary as much as they used to. I cannot understand why, because I enjoy it so much and do not believe there is any other prayer better and more pleasing to Our Lord and His Holy Mother except in the Holy Mass." *(Mr. L. H. S. Kentucky)*

ബോസ്കോബാലരംഗം

# 12. രക്ഷകൻെറ വളത്തുപിതാവ്

"നരനാംസുതനീശനെപ്പലത്താ-
നരപൊങ്ങും ഭവികം ലഭിച്ചവന്ദ്യൻ
വരപൂരിതനാകുമാവിശിഷ്ടൻ
പരമാനന്ദമൊടന്തരിച്ചു പിന്നെ."

പ്രിയകുഞ്ഞുങ്ങളേ,

ദൈവമാതാവാകുവാൻ നിശ്ചയിക്കപ്പെട്ടിരുന്ന പരിശുദ്ധ മറിയം മൂന്നുവയസ്സിൽ മാതാപിതാക്കന്മാരാൽ ഓറെശ്ലം ദേവാലയത്തിൽ കാഴ്ചസമപ്പിക്കപ്പെട്ടു. അവിടെയുണ്ടായിരുന്ന മററു കന്യകകളോടൊന്നിച്ച്, പതിന്നാലുവയസ്സുവരെ, ഓറെശ്ലം പള്ളിയിൽത്തന്നെയാണ് ഈ മഹാ പരിശുദ്ധകന്യകയും വളന്നതു്. യോവാക്കിംബാവായും അന്നാഅമ്മയും അതിന്നിടയിൽ ഭാഗ്യമരണം പ്രാപിച്ചുകഴിഞ്ഞിരുന്നു. തൻെറ നവീനഓറെശ്ലമായ ഈ മഹോന്നത സൃഷ്ടിയെ നാനാപ്രകാരത്തിൽ അലങ്കരിച്ചു സജ്ജമാക്കിയിരുന്ന സ്വർഗ്ഗീയപിതാവ്, അനുരൂപനായ ഒരു വരനു ഈ കന്യകയെ ഏല്പിച്ചുകൊടുപ്പാൻ ചിത്തമായി. അതിലേക്കു ദൈവനിദ്ദേശാനുസരണം ശ്രേഷ്ഠാചാര്യൻതന്നെ ഏപ്പാടുചെയ്കയാണുണ്ടായതു്. പരിശുദ്ധ മറിയം ദാവീദിൻെറ ഗോത്രത്തിലാണു പിറന്നതു്. അതിനാൽ പ്രസ്തുത ഗോത്രജാതന്മാരായി ഓറെശ്ലത്തിനടുത്തുണ്ടായിരുന്ന അവിവാഹിതരായ യുവാക്കന്മാരെല്ലാം പള്ളിയിൽവന്നു കൂടുന്നതിനു പ്രധാനാചാര്യൻ ആജ്ഞ നൽകി. അവരുടെ ഓരോരുത്തരുടെയും കൈയിൽ ഓരോ ഉണങ്ങിയകമ്പു നൽകപ്പെട്ടു. ആരുടെ കമ്പു തളിത്തു പുഷ്പിക്കുമോ അയാൾ ഈ ഉന്നതകന്യകയുടെ വരനായിരിക്കുമെന്നും പ്രഖ്യാപിച്ചു. എല്ലാവരും പ്രാത്ഥനാനിമഗ്നരായിനില്ക്കയിൽ, നസ്രസുകാരനും അക്കാലത്തു ഓറെശ്ലം നഗരിയിൽ താമസക്കാരനുമായിരുന്ന യൗസേപ്പെന്നു പേരായ ഒരു യുവാവിൻെറ കൈയിൽ ഇരുന്ന ഉണക്കക്കമ്പു അത്ഭുതമായി തളിത്തു പുഷ്പങ്ങളോടുകൂടി കാണപ്പെട്ടു. ദിവ്യരക്ഷകൻെറ വളത്തുപിതാവും, തിരുക്കുടുംബത്തിൻെറ സംരക്ഷകനുമായി അനാദിമുതൽ ദൈവം സജ്ജമാക്കിയിരുന്ന ഈ സുകൃതനിധിക്കു അന്നു മുപ്പത്തിമൂന്നു വയസ്സു പ്രായമായിരുന്നു. പന്ത്രണ്ടുവയസ്സുമുതൽ നിത്യകന്യാവ്രതം നേന്നിരുന്ന ഈ പരമപരിശുദ്ധനെ, നിത്യകന്യകയായ തൻെറ ദിവ്യമാതാവിൻെറ ഭർതൃപദത്തിനു നിയമിച്ചേല്പിക്കയാണുണ്ടായതു്. പരിശുദ്ധ കന്യകയോടു മൂന്നാം കരിന്തലയിൽ രക്തബന്ധവും അദ്ദേഹത്തിനുണ്ടായിരുന്നു.

വി. മത്തായി ഏവൻഗേലിസ്താ മാർ യൗസേപ്പിനെപ്പററി എഴുതിയിരിക്കുന്നതായതു്: "എന്നാൽ ഈശോമിശിഹായുടെ പിറവി ഇപ്രകാരമായിരുന്നു. അവൻെറ അമ്മയായ മറിയം, യൗസേപ്പിനോടു വിവാഹം ചെയ്യപ്പെട്ടവളായിരിക്കയിൽ, അവർ സംഗമിക്കുന്നതിനു മുമ്പ്, അവൾ പരിശുദ്ധാത്മാവിനാൽ ഗഭിണിയായി കാണപ്പെട്ടു. എന്നാൽ അവളുടെ ഭത്താവായ യൗസേപ്പു നീതിമാനായിരുന്നതുകൊണ്ടു അവളെ അപകീത്തിപ്പെടുത്തുവാൻ അവനു മനസ്സുണ്ടായിരുന്നില്ല. അതിനാൽ അവളെ രഹസ്യത്തിൽ പരിത്യജിക്കുവാൻ അവൻ വിചാരിച്ചു. എന്നാൽ അവൻ ഇവ വിചാരിച്ചിരിക്കയിൽ, കത്താവിൻെറ ദൂതൻ സ്വപ്നത്തിൽ അവനു കാണപ്പെട്ട് അവനോടു പറഞ്ഞു ദാവീദിൻെറ പുത്രനായ യൗസേപ്പേ, നിൻെറ ഭാര്യയായ മറിയത്തെ സ്വീകരിക്കുവാൻ നീ ശങ്കിക്കേണ്ട; എന്തുകൊണ്ടെന്നാൽ അവളിൽ ഉത്ഭവിച്ചിരിക്കുന്നതു് പരിശുദ്ധാത്മാവിൽനിന്നാകുന്നു. അവൾ ഒരു പുത്രനെ പ്രസവിക്കും. നീ അവനു ഈശോ എന്നു പേർ വിളിക്കണം. എന്തുകൊണ്ടെന്നാൽ അവൻ തൻെറ ജനത്തെ അവരുടെ പാപങ്ങളിൽനിന്നു രക്ഷിക്കും." (മത്തായി. , 18-21)

മാർ യൗസേപ്പുപിതാവിൻെറ നേക്കുള്ള ഭക്തി നമുക്കു എത്ര പ്രയോജനകരമാണെന്നു നാം വേണ്ടപോലെ മനസ്സിലാക്കണം. വന്ദ്യയായ മേരി അഗ്രേദായോടു പരിശുദ്ധ ദൈവജനനി താനെ ഇപ്രകാരം അരുളിച്ചെയ്തിരിക്കുന്നു: പ്രിയമകളേ! അത്യുന്നതനായ ദൈവം എൻെറ വിരക്തഭത്താവിനു നൽകിയിരിക്കുന്ന വിശേഷാധികാരങ്ങളും അവകാശങ്ങളും, അപ്രകാരംതന്നെ ദൈവസന്നിധിയിലു, എൻെറ പക്കലും അദ്ദേഹത്തിനുള്ള മാദ്ധ്യസ്ഥശക്തിയും, ലോകത്തിലെ ജനങ്ങൾ അറിഞ്ഞിട്ടില്ല. പാപികളിൽനിന്നു ദൈവശിക്ഷയെ മാററുവാൻ അദ്ദേഹത്തിനു വലിയ ശക്തിയുണ്ടെന്നു ഞാൻ നിന്നോടു ഉറപ്പു പറയുന്നു. അതിനാൽ എല്ലാ പരീക്ഷകളിലും അദ്ദേഹത്തിൻെറ മാദ്ധ്യസ്ഥം അപേക്ഷിക്കുക. എന്തുകൊണ്ടെന്നാൽ എൻെറ പ്രിയമണവാളൻ ചോദിക്കുന്നതെല്ലാം സ്വർഗ്ഗസ്ഥനായ പിതാവു കൊടുക്കാതിരിക്കയില്ല."

പ്രിയകുഞ്ഞുങ്ങളേ, നമ്മുടെ അമ്മയുടെ ഈ ഉപദേശത്തെ നിങ്ങൾ നല്ലപോലെ ഹൃദിസ്ഥമാക്കിക്കൊള്ളണം. എല്ലാ പരീക്ഷകളിലും, പ്രത്യേകം പരിശുദ്ധ കന്യാവ്രതത്തിനെതിരായിട്ടുള്ള പ്രലോഭനങ്ങളിലും ഈ പിതാവിൻെറ സഹായം തേടിക്കൊള്ളുക. "ഈശോ മറിയം യൗസേപ്പേ എന്നെ സഹായിക്കണമേ" എന്നു വിശ്വാസത്തോടും സ്ഥിരതയോടുംകൂടി ചൊല്ലിക്കൊണ്ടാൽ ഏതു പരീക്ഷയിലും വിജയിക്കാം. ആ തിരുനാമങ്ങൾ ചൊല്ലിക്കൊണ്ടു ഭാഗ്യമരണം പ്രാപിപ്പാൻ ഇടയാകയുംചെയ്യും.

പദ്യപ്രദർശനം

"ആദിമാനുഷൻെറ പാപമൊന്നിനാൽ ഭവിച്ചതാം
ഖേദമാകെ നീക്കുവാൻ ജനിച്ചനാഥ പാഹിമാം.
മേഷപാലർ വാഴ്ത്തിടുന്ന ഗീതി കേട്ടു ഗോശ്ശേഹ
തോഷമോടു വാണിരുന്ന ദൈവപുത്ര! പാഹിമാം.
മാനുഷക്കു രക്ഷയേററമേകിടുന്ന പുത്ര"നെ-
മ്മാനുവൽ" സുനാമമാന്നമേരിജാത! പാഹിമാം.
"പൂജരാജർ" നൂതനം സുജന്മതാരമൊന്നിനാൽ
നിർജനസ്സറിഞ്ഞുവന്നു; ദൈവപുത്ര! പാഹിമാം.
സ്വർണ്ണമൊത്തു, മീറ, നല്ല കുന്തുരുക്കമായവർ
തിണ്ണമങ്ങു കാഴ്ചവച്ചു; ക്രിസ്തുനാഥ പാഹിമാം."

സാധുക്കളായ ഹിന്ദുക്കളുടെ കുടുംബങ്ങളിൽപ്പോലും, സന്ധ്യകാലമാകുമ്പോൾ കുട്ടികൾ ചേന്നു് നാമകീത്തനം ആലപിക്കുന്നതു ഞാൻ പലേടത്തും കേട്ടു അസൂയപ്പെട്ടിട്ടുണ്ടു്. നമ്മുടെ ബാലികാബാലന്മാരും ഇത്തരത്തിലുള്ള കീത്തനങ്ങൾ പാടിക്കേൾപ്പാൻ എന്നിടവരുമെന്നു ആഗ്രഹിച്ചിട്ടുള്ളതാണ്. വിദ്വാൻ അതിരമ്പുഴ സി. എം. സെബാസ്ത്യൻ ഈ മട്ടിലുള്ള ഒരു ക്രിസ്തുനാഥചരിതം പ്രസിദ്ധീകരിച്ചപ്പോൾ എനിക്കുണ്ടായ കൃതാത്ഥത ചില്ലറയൊന്നുമല്ല. പ്രസ്തുത കൃതിയിൽനിന്നുള്ള ഒരു ഭാഗമാണു മുകളിൽ ഉദ്ധരിച്ചിരിക്കുന്നതു്. എത്രഹൃദ്യമായ ഒരു രീതിയാണതെന്നു് വായിച്ചുനോക്കുമ്പോൾ തന്നെ ആക്കും മനസ്സിലാകും. ഈ കീത്തനം ഇപ്പോൾ പ്രായേണ പലടത്തും പ്രചാരത്തിൽവന്നിട്ടുണ്ടു്. നമ്മുടെ ബി. സി. സി. അംഗങ്ങളുടെ ഇടയിൽ അതു കുറേക്കൂടെ പ്രചാരത്തിൽ വരുവാൻ ഞാൻ ആഗ്രഹിക്കുന്നു. വല്യച്ചൻെറ പഴയ ഒരു "കുഞ്ഞുമകൻ"കൂടിയായ മി. സെബാസ്ത്യൻ അതിലേ ഒരു പതിനഞ്ചു രൂപാ ബാലരംഗം കുട്ടികൾക്കായി സംഭാവനചെയ്യാമെന്നും സദയം സമ്മതിച്ചിട്ടുണ്ടു്. അതിനായി നമുക്കു ഒരു മത്സരം നടത്തണം. പ്രസ്തുത പുസ്തകത്തിലെ മേലുദ്ധരിച്ച ഭാഗംമുതൽ 130-ാം വരിവരെയുള്ള ഭാഗങ്ങൾ മനപ്പാഠം പഠിച്ചു്, തടവു കൂടാതെ ഭംഗിയായി ചൊല്ലിക്കേൾപ്പിച്ചതായി, ബ. ഒരച്ചൻെറയോ കന്യാസ്ത്രീയുടെയോ, ക്ലാസ് ടീച്ചറിൻെറയോ ഒരു സാക്ഷി ഫെബ്രുവരി 1-ാംതീയതിക്കുമുമ്പു വല്യച്ചൻെറ പേക്കു അയച്ചുതരുന്ന ബാലരംഗാംഗങ്ങളുടെ എല്ലാംപേരുകൾചിട്ടിയിട്ടെടുത്തു പന്ത്രണ്ടു സമ്മാനങ്ങൾ നൽകപ്പെടുന്നതാണ്. പേരും മേൽവിലാസവും ഇടവകയും വിശദമായി കുറിച്ചിരിക്കണം. മാന്നാനം സെൻറു ജോസഫ്സ് പ്രസ്സിൽനിന്നു നാലണ വിലയ്ക്കു ഈ പുസ്തകം കിട്ടുന്നതാണ്. വടക്കുംകൂർരാജരാജവമ്മരാജാ തിരുമനസ്സുകൊണ്ടു് ഈ ഗ്രന്ഥത്തിനു എഴുതിയിട്ടുള്ള അവതാരിക ക്രിസ്തീയയുവജനങ്ങൾ പ്രത്യേകം വായിച്ചിരിക്കേണ്ടതാണെന്നുകൂടി പ്രസ്താവിച്ചുകൊള്ളട്ടെ!




ക്രിസ്മസ്സ് സമ്മാനങ്ങൾ

ചിട്ടികിട്ടിയ ആൺകുട്ടികളുടെയും പെൺകുട്ടികളുടെയും പേരുകളും അവരുടെ രജിസ്റ്റർ നമ്പരുകളും താഴെ ചേക്കുന്നു. പിറവിത്തിരുനാളിനു കിട്ടത്തക്കവണ്ണം സമ്മാനങ്ങൾ അയക്കുന്നുണ്ടു്.

ആൺകുട്ടികൾ

19 പീററർ മാത്യു വട്ടക്കുന്നേൽ, കാഞ്ഞിരപ്പള്ളി. 749 പി. ഏ. ചാക്കോ കണിയാരകത്തു, രാമപുരം. 827 തോമ്മസ് മൂന്നാനപ്പള്ളിൽ, തിടനാടു. 791 ജോസഫ് പൂവത്തോട്ടത്തിൽ, കല്ലുകുളം. 748 വക്കി കണിയാരകത്തു, രാമപുരം. 600 ജോബ്ബ വള്ളിപ്പാലം, കുറവിലങ്ങാടു. 610 ജോസഫ് ചിറാപ്പനാടു, തിടനാടു. 909 ജോസഫ് ചെറുകുന്നേൽ, രാമപുരം. 947 ഏനാനിക്കൽ ജോജ്ജ്, പോത്താനിക്കാടു. 532 മാത്യു കുത്തിയതോട്ടിൽ, കൊങ്ങാണ്ടൂർ. 107 വടശ്ശേരി പൈലി ജോസഫ്, ഞാറയ്ക്കൽ. 304 ജോസഫ് പാലത്തിങ്കൽ, കോട്ടപ്പടി.

പെൺകുട്ടികൾ

578 ഏലിക്കുട്ടി കിഴക്കേകുന്നേൽ, രാമപുരം. 131 മറിയാമ്മ പുതിയ മഠത്തിൽ, രാമപുരം. 267 അച്ചാമ്മ കുഴിയംപ്ലാവിൽ, പൊൻകുന്നം. 57 ചാക്കച്ചാംപറമ്പിൽ താണ്ടക്കുട്ടി, ഇരിങ്ങാലക്കുട. 739 ബ്രിജീററ് തെക്കേക്കര, കോതമംഗലം. 516 തങ്കമ്മ ചിററിലപ്പള്ളി, തുമ്പൂർ. 805 കണ്ണീററുകണ്ടത്തിൽ ത്രേസ്യാ, പോത്താനിക്കാടു. 346 റോസ പറേക്കുന്നേൽ, ചിറക്കടവു. 627 റോസ്‌ലിൻ മാതേക്കൽ, കോട്ടയം. 441 സെലീനാ കളരിക്കൽ, മുട്ടം. 775 ശോശമ്മ പൈകട, പാലാ. 650 പി. ഏ. മറിയക്കുട്ടി നാഗപ്പുഴ.

എല്ലാവക്കും ഹാദ്ദമായ ക്രിസ്സ്മസ്സ് മംഗളം.

എന്നു സ്വന്തം വല്യച്ചൻ

## നിങ്ങൾക്കറിയാമോ?

1 ഈശോ തിരുവവതാരംചെയ്ത അവസരത്തിൽ റോമാസാമ്രാജ്യം ഭരിച്ചിരുന്ന ചക്രവത്തിയുടെ പേരെന്തു്?

2 ബത്‌ലഹം എന്ന വാക്കിൻെറ അർത്ഥമെന്തു്?

3 ഈശോയുടെ ജനനസ്ഥലം ബത്‌ലഹമായിരിക്കുമെന്നു എഴുതിയിരുന്ന പ്രവാചകൻെറ പേരെന്തു്?

4 ഈശോ ജനിച്ചിട്ടു് എത്ര കൊല്ലങ്ങളായി?

(ഉത്തരങ്ങൾ 13-ാം പേജിൽ)

## വിനോദവീഥി

പ്രൊഫസ്സർ: "ഇതവസാനത്തെ ക്ലാസ്സാണ്. ചോദ്യക്കടലാസുകളെല്ലാം അച്ചടിക്കാനായി ഏല്പിച്ചുകഴിഞ്ഞു. ആക്കെങ്കിലും എന്തെങ്കിലും ചോദ്യങ്ങൾ ചോദിക്കാനുണ്ടെങ്കിൽ ഇപ്പോൾ ചോദിക്കാം." പിൻബെഞ്ചിലിരുന്നിരുന്ന ഒരാൾ: "ഒരു ചോദ്യംകൂടി മാത്രമേ ചോദിക്കാനുള്ളു സാർ. ചോദ്യക്കടലാസുകൾ അച്ചടിപ്പിക്കുന്നതു് ഏതു പ്രസ്സിലാണ്?"

* * *

ഭ്രാന്താശുപത്രി സന്ദശിക്കുന്നതിനായിച്ചെന്നമാന്യനായ ഒരാൾ അവിടത്തെ ഫോൺ എടുത്തു നമ്പർ പറഞ്ഞു. എക്സ്ചേഞ്ചിലിരിക്കുന്ന ആൾ അതു വകവച്ചില്ല. കണക്ഷൻ കിട്ടാഞ്ഞതിനാൽ കോപിഷ്ഠനായ മാന്യൻ പറകയാണ്: "ഞാൻ ആരാണെന്നു തനിക്കു് അറിയാമോ?"

എക്സ്ചേഞ്ചിൽനിന്നു്: "നിങ്ങൾ ആരാണെന്നു് അറിഞ്ഞുകൂടാ. പക്ഷെ നിങ്ങൾ വസിക്കുന്നതു് എവിടെയാണെന്നറിയാം."

* * *

"നമ്മൾ അഞ്ചാറുമാസം മുമ്പു ഒരു ഹോട്ടലിൽവച്ചു കണ്ടുമുട്ടിയില്ലേ? ഈ കോട്ടു കണ്ടിട്ടു അങ്ങനെ തോന്നുന്നല്ലോ."

"അന്നു ഞാൻ ഈ കോട്ടു ഇട്ടുകൊണ്ടല്ലല്ലോ വന്നതു്."

"ഞാനാണു് അതു് ഇട്ടുകൊണ്ടു വന്നതു്."

* * *

"അമ്മേ, അമ്മ ജനിച്ചതു തിരുവനന്തപുരത്തല്ലേ?"

"അതേ, മോനേ."

"അപ്പനോ?"

"മദ്രാസിൽ."

"ഞാൻ ജനിച്ചതു് ഇവിടെ എറണാകുളത്തും?"

"അതേ, അങ്ങനെതന്നെ."

"എന്നിട്ടു നമ്മളെല്ലാവരും ഒന്നിച്ചുകൂടിയതാണു് ആശ്ചര്യം!"

# ജപമാലയിലെ കവിത

(മിസ്സ് കുഞ്ഞമ്മ ജോസഫ് പഴയകടവിൽ, കോളേജ്‌വിദ്യാർത്ഥിനി)

മരിയാഭക്തരുടെ ഒരു പ്രധാനോപകരണമാണല്ലോ ജപമാല. കത്തോലിക്കാസഭയിൽ ജപമാലപോലെ അത്ര പ്രചാരം സിദ്ധിച്ചിട്ടുള്ള മറൊരു ഭക്താമുറ ഉണ്ടെന്നും തോന്നുന്നില്ല. ജപമാലയാകുന്ന സുവർണ്ണലത, ത്രിലോകങ്ങളേയും കൂട്ടിയിണക്കുന്ന ഒരു പാവനശൃംഖലയായി പരിലസിക്കുന്നു. ജപമാലയുടെ ആദ്ധ്യാത്മികവശങ്ങളെപ്പററിയോ, ആ നിലയിൽ അതിൻെറ ശ്രേഷ്ഠതയെപ്പററിയോ ഉപന്യസിക്കുന്നതിനല്ല ഞാൻ ഒരുമ്പെടുന്നതു്. ആവക സംഗതികൾ മരിയാഭക്തരായ നമ്മൾ ധാരാളം കേൾക്കുകയും മനസ്സിലാക്കുകയും ചെയ്തിട്ടുള്ളതാണു്. നിത്യം ജപമാലചൊല്ലി അതിൻെറ ആത്മീയഫലങ്ങളെ സ്വീകരിച്ചുകൊണ്ടുപോരുന്ന നമ്മൾ, അതിൻെറ മററുചില വശങ്ങളെപ്പററി കാര്യമായി ഗൗനിക്കുകയോ ചിന്തിക്കുകയോ ചെയ്യാറില്ല. എന്നാൽ, കൊന്തനമസ്കാരത്തിനു സാഹിത്യനിലയിൽ ഒരു വലിയസ്ഥാനംകൂടി ഉണ്ടെന്നുള്ള സംഗതി നാം അറിഞ്ഞിരിക്കുന്നതു് വളരെ ഉപകാരപ്രദമായ ഒരു വസ്തുതയാണു്. ഇതു നാം ഗ്രഹിക്കുന്നതു ജപമാലഭക്തിയുടെ പ്രചാരത്തിനു കൂടുതൽസൗകര്യംകൊടുക്കുകയും, ഭക്തിതീക്ഷ്ണതയോടുകൂടി സാധാരണയിൽകവിഞ്ഞ ഒരു ആസ്വാദ്യതയിൽ ജപമാല ചൊല്ലുന്നതിനു നമ്മെ സഹായിക്കുകയും ചെയ്യുന്നതായിരിക്കും.

അസ്തമനസമയങ്ങളിൽ നമ്മുടെ ചുററും ഉള്ള ഹിന്ദുഗൃഹങ്ങളിൽ സന്ധ്യാവന്ദനം ചൊല്ലുന്നതു നാം പലപ്പോഴും കേൾക്കാറുണ്ടല്ലോ. അതു വെറും നാമോച്ചാരണങ്ങൾമാത്രമാണെങ്കിലും അതു അവർ ഉച്ചരിക്കുന്ന രീതിയിൽ ഒരു കവിത്വം അനുഭവപ്പെടാറുണ്ടു്. എന്നാൽ, നമ്മിൽ പലരും അതേസമയത്തു നമ്മുടെ ഗൃഹങ്ങളിൽ ചൊല്ലിവരുന്ന ജപമാലയിൽ, ലോകത്തിലെ സുപ്രസിദ്ധങ്ങളായ മഹാകാവ്യങ്ങളിൽ കാണുന്ന കവിത്വം അന്തർലീനമായിക്കിടക്കുന്നവസ്തുത ഗ്രഹിക്കുന്നതയില്ല. എൻെറ ഈ ചെറുലേഖനത്തിൽ ജപമാലയിൽ ലയിച്ചുകിടക്കുന്ന ഈ കവിതയെപ്പററി ചില സൂചനകൾ നിങ്ങളുടെ മുമ്പാകെ സമർപ്പിക്കുകമാത്രമാണു് ചെയ്യുവാൻ പോകുന്നതു്.

ഹൈന്ദവാന്തരീക്ഷത്തിലും ഹൈന്ദവസംസ്കാരത്തിൻെറ ഇടയ്ക്കുമാണു് ക്രിസ്ത്യൻസംസ്കാരം നാം വളർത്തിക്കൊണ്ടുവരുന്നതു്. ക്രിസ്ത്യൻ സാഹിത്യവും അതുപോലെതന്നെ. മഹാകാവ്യങ്ങൾ എല്ലാം പുരാണകഥകളെ ആശ്രയിച്ചിരിക്കുന്നു. ഇൻഡ്യയിലെ പുരാണകഥകൾ എല്ലാം ഹിന്ദുകഥകളും ആണു്. പുരാണകഥകൾ വാസ്തവങ്ങളായാലും അവാസ്തവങ്ങളായാലുംശരി അവകളെ അടിസ്ഥാനമാക്കിയുള്ള ധാരാളം കവിതകൾ നാം വായിക്കുകയും പഠിക്കുകയും ചെയ്യുന്നുണ്ടു്. മഹാകാവ്യങ്ങൾ എന്നറിയപ്പെടുന്ന കൃതികൾ എല്ലാം ഇങ്ങനെയുള്ള പുരാണപുരുഷന്മാരുടെ ജീവിതത്തെ പുരസ്കരിച്ചു എഴുതപ്പെട്ടിട്ടുള്ളതാണു്. ജപമാലയാകുന്ന മഹാകാവ്യം നിത്യജീവൻെറ ദാതാവായ സാക്ഷാൽ ഏക ദൈവാവതാരമായ ക്രിസ്തു മഹാപുരുഷൻെറ ജീവിതത്തെ ഏററവും ചുരുങ്ങിയ വാചകങ്ങളിൽ ഉള്ളടക്കംചെയ്യുന്ന ഒരു കൃതിയാണു്.

ലോകത്തിലെ മഹാകാവ്യങ്ങൾ എന്നറിയപ്പെടുന്ന കൃതികൾ എല്ലാം ഈശ്വരകീർത്തനത്തോടുകൂടിയാണു് ആരംഭിക്കുന്നതു്. നിത്യസ്വരൂപനായ ദൈവത്തിൻെറ അളവില്ലാത്ത മഹിമപ്രതാപത്തെ പ്രകീർത്തിച്ചുകൊണ്ടാണു് ജപമാല മഹാകാവ്യം തുടങ്ങുന്നതും. ജപമാലയിൽ, അതു ചൊല്ലുന്ന ഓരോരുത്തരും ഒരു ഭക്തകവിയായി രൂപാന്തരപ്പെടണം. സാധാരണകവികളിൽ ഉണ്ടായിരിക്കേണ്ട പല വിശേഷഗുണങ്ങളും ജപമാലയാകുന്ന മഹാകാവ്യരചനയിൽ പ്രവേശിക്കുന്ന അവസരത്തിൽ നമ്മിൽ നാം സൃഷ്ടിക്കണം. മഹാകവികൾ തങ്ങളെത്തന്നെ മറന്നു് ഭാവനാശക്തിയാൽ ഒരു സുന്ദരലോകത്തിലേക്കു പടിപടിയായി കടന്നുചെല്ലുന്നതുപോലെ, ജപമാലയിൽ നാം സ്വർഗ്ഗത്തിലേക്കു കടന്നുചെല്ലുന്നതായി നമുക്കു് അനുഭവപ്പെടണം.

പാപച്ചേററിൽ ആണ്ടുകിടക്കുന്ന മനുഷ്യകുലത്തെ ലോകമായയാകുന്ന ദുഷ്ടാരൂപിയിൽനിന്നു മോചിപ്പിക്കുന്നതിനായി സ്വർഗ്ഗനാഥനെ ഭൂമിയിൽ അവതരിപ്പിച്ചു് സുഖദുഃഖസമ്മിശ്രമായ പന്ഥാവിൽക്കൂടി നടത്തി മഹിമപ്രതാപത്തിൽ സ്വർഗ്ഗത്തിൽ എത്തിക്കുന്നതും, അതോടുകൂടി ആ തിരുവവതാരത്തിനു പാത്രമായിഭവിച്ചു്, മനുഷ്യപുത്രിയായി ജനിച്ചു്, ലോകമകുടമായിവളർന്നു്, മനുഷ്യകുലസംരക്ഷികയായി, നന്മനിറഞ്ഞവളായി രൂപാന്തരപ്പെട്ട ആ സ്ത്രീരത്നത്തോടു നമുക്കുവേണ്ടി പ്രാർത്ഥിക്കുവാൻ അഭ്യർത്ഥിക്കുന്നതുമാണു് ഈ മഹാകാവ്യത്തിൻെറ കഥാസാരം.

ഈ കാവ്യത്തിൻെറ നായകൻ ശ്രീയേശുനാഥനും, നായിക ദൈവത്തിൻെറയും മനുഷ്യരുടെയും മാതാവുമായ ത്രിലോകരാജ്ഞിയും ആകുന്നു. സകല ചരാചരങ്ങളുടേയും സ്രഷ്ടാവും, അധിപനും, രാജാവും ആയ സ്വർഗ്ഗപിതാവിൻെറ ഏകപുത്രനാണു് ശ്രീയേശു. സാക്ഷാൽ മനുഷ്യത്വവും സാക്ഷാൽ ദൈവത്വവും ഒരാളിൽ അവയുടെ പൂർണ്ണതയിൽ ഉൾക്കൊള്ളുന്നവനും, ദൃശ്യലോകത്തെ അദൃശ്യലോകമായ സ്വർഗ്ഗവുമായി ഘടിപ്പിക്കുന്നവനും, സ്വർഗ്ഗപിതാവിൻെറ പ്രിയസുതനും, മനുഷ്യരുടെ എളിയസഹോദരനുമായ ഈ മഹാപുരുഷൻെറ കഥയെക്കാൾ ശ്രേഷ്ഠമായ ഒരു കഥാവസ്തു ഏതു കാവ്യത്തിനാണു സിദ്ധിക്കുക? അതുപോലെതന്നെ മാതാവും എന്നാൽ കന്യകയും, ഭാര്യയും എന്നാൽ നിത്യബ്രഹ്മചാരിണിയും, സുന്ദരിയും എന്നാൽ ലോകാഡംബരങ്ങളിൽ ആസക്തിയില്ലാത്തവളും ആയ ആ മഹാറാണിയെക്കാളും ഉൽകൃഷ്ടയായ ഒരു കഥാനായികയെ ലോകചരിത്രത്തിൽ പിന്നെ എവിടെയാണു കണ്ടെത്തുന്നതു്?

കവിയുടെ നിസ്സാരതയേയും അല്പജ്ഞതയേയും സൂചിപ്പിച്ചശേഷം കഥാവസ്തുവിലേക്കു പ്രവേശിക്കുന്നു. എന്നാൽ പല മഹാകാവ്യങ്ങളിലും കാണുന്നതുപോലെ കഥാസാരം മുഴുവനും ആദ്യപാദങ്ങളിൽത്തന്നെ വിവരിക്കുന്നുണ്ടു. കവി തൻെറ വിശ്വാസം പ്രഖ്യാപനംചെയ്തുകൊണ്ടാണു് അതു പാടിത്തുടങ്ങുന്നതു്. സകല ചരാചരങ്ങളുടെയും സ്രഷ്ടാവായ പരമപിതാവു് തൻെറ ഏകസുതനെ പരിശുദ്ധാത്മാവുവഴി കന്യകാമറിയത്തിൻെറ ഉദരത്തിൻഫലമായി ഭൂമിയിലേക്കു അയക്കുന്നതും, ആ പുണ്യാത്മാവു് സാധാരണ ഒരു ശിശുവിനെപ്പോലെ ജനിച്ചു് സാധാരണനായ ഒരു മനുഷ്യനെപ്പോലെ ജീവിച്ചു്, ഒരു അസാധാരണമനുഷ്യൻെറ പാടുപീഢകൾ അനുഭവിച്ചു മരിക്കുന്നതും, അത്ഭുതകരമായി ഉയിർത്തെഴുന്നേൽക്കുന്നതും, സ്വർഗ്ഗത്തിൽ മഹിമപ്രതാപത്തിൽ പ്രവേശിക്കുന്നതും, ഭാവിയിൽ ജീവൻെറ നാടിനെ പ്രദാനംചെയ്യുന്നതും, ത്രിലോകങ്ങളേയും ഏകചരടിൽ കൂട്ടിച്ചേർക്കുന്നതും ആയ നിത്യസത്യങ്ങളെ ഏററുപറയുന്നു.

മനുഷ്യഹൃദയങ്ങളെ കുളിർപ്പിക്കുന്ന സന്തോഷരഹസ്യങ്ങളിലേക്കു പിന്നീടു നമ്മെ നയിക്കുന്നു. ഭൂമിയിലെ ജീവിതം സ്വർഗ്ഗത്തിലേക്കുള്ള വഴിയാക്കിത്തീർക്കുന്നതിനുവേണ്ടി സ്വർഗ്ഗനാഥൻ ഭൂമിയിലേക്കു വരുന്ന സന്തോഷവാർത്ത ദൈവദൂതൻ മനുഷ്യകുലത്തെ അറിയിക്കുന്നതും, ത്രിലോകസുന്ദരിയായ വിശുദ്ധകന്യക തൻെറ സ്രഷ്ടാവിൻെറ അഭിലാഷത്തെ പൂർണ്ണമനസ്സോടെ സ്വീകരിക്കുന്നതും, വിശുദ്ധ മറിയം സമുദായനിയമങ്ങൾ അനുസരിച്ചു് ഗർഭിണിയായ തൻെറ ഇളയമ്മയെ കാണുവാൻ പോകുന്നതും, എലിശ്വായുടെ മുന്നോടിയായ യോഹന്നാൻ സ്വമാതാവിൻെറ ഉദരത്തിൽ അപ്പോൾ കുതിച്ചുചാടുന്നതും, പാരിടാവിൻെറ കുരിരുട്ടിൽ മഞ്ഞുകാലത്തിലെ അത്യുഗ്രമായ തണുപ്പിൻെറ നടുവിൽ, ദാരിദ്ര്യത്തിൻെറ മൂർദ്ധന്യദശയിൽ പൊന്നുണ്ണി പുൽത്തൊട്ടിയാകുന്ന എളിയ മെത്തയിൽ ഭൂജാതനാകുന്നതും, "അത്യുന്നതങ്ങളിൽ ദൈവത്തിനു മഹത്വവും ഭൂമിയിൽ നന്മനസ്സുള്ളവർക്കു സമാധാനവും" എന്ന സ്വർഗ്ഗീയഗീതത്തെ വാനാരൂപികൾ ആലപിക്കുന്നതും, ദേവാലയത്തിൽ വിശുദ്ധപീഠത്തിൻമുമ്പാകെവച്ചു പൂർവ്വപിതാവായ ശീമോനും ദീർഘദർശിനിയായ അന്നയും തങ്ങളുടെ കൈകളിൽ ഇരിക്കുന്നതായ പിഞ്ചുപൈതലിനെ കണ്ടിട്ടു് ഭൂതഭാവികാര്യങ്ങളെ ഓർത്തു തങ്ങൾക്കു ജീവസാഫല്യം സിദ്ധിച്ചുകഴിഞ്ഞതായി ഏററുപറയുന്നതും, സുന്ദരബാലൻ ഇളംപ്രായത്തിൽ ശാസ്ത്രികളുമായി വാദപ്രതിവാദത്തിൽ പങ്കുകൊള്ളുന്നതും ഇത്യാദി ദിവ്യരഹസ്യങ്ങളെപ്പററി ചിന്തിച്ചു് സന്തോഷാനുഭൂതിയോടെ ഈ കവിതയുടെ ആദ്യഭാഗം നാം തരണംചെയ്യുന്നു. (ശേഷം അടുത്തതിൽ)





## സുഖാനന്ദകല്പം

ചുമ, നെഞ്ചുവേദന, ക്ഷയപ്പനി, മെലിച്ചൽ, ഹൃദ്രോഗം ഇവകളെ മാററി നല്ല ദേഹപുഷ്ടിയുണ്ടാക്കുന്ന ലേഹ്യമാണിതു്. റാ. 1 ക്കു് വി. പി. ചിലവടക്കം 4 ക. മാത്രം.

ദിവ്യൗഷധശാല, മണലൂർ, (. . . U.


# പ്രശ്നത്തിനുത്തരം

16-ാം ലക്കത്തിൽ പ്രസിദ്ധപ്പെടുത്തിയിരുന്ന പ്രശ്നമത്സരത്തിൽ സമ്മാനാർഹരായവരുടെ പേരുകൾ താഴെ ചേർക്കുന്നു: 1 ജേക്കബ്ബ് വിതയത്തിൽ, കൊരട്ടി. 2. എം. ടി. എൽസി, സെൻറ്മേരീസ് കോൺവെൻറ് ഹൈസ്കൂൾ, എറണാകുളം. 3. കെ. ജെ. ജസ്റ്റിൻ, പെരുമാനൂർ. 4. ടി. ഐ. ഇട്ടീര, തൃശ്ശിവപേരൂർ. 5. വി. ജി. സ്ലേവിയാൻ ജൂലിയററു്, ഹൈസ്കൂൾ, ഒല്ലൂർ.

പ്രശ്നത്തിനു ശരിയായ ഉത്തരങ്ങൾ പലതുണ്ടു്. ഉദാഹരണമായി രണ്ടുത്തരങ്ങൾ താഴെ ചേർക്കുന്നു.

കോളങ്ങളിൽ 1, 2, 3, 4 ആദിയായ അക്കങ്ങൾ അടയാളപ്പെടുത്തിയിരിക്കുന്ന ക്രമം നോക്കുക. മുകളിലത്തെനിരയിൽ നടുവിലെകോളത്തിൽ 1എന്നിടുക. താഴത്തെനിരയിൽ നടുവിലെകോളത്തിൻെറ വലത്തുവശത്തെ കോളത്തിൽ 2 എന്നിടുക. പിന്നീടു കോണോടുകോണു 3, 4, 5. ഇടത്തുവശത്തുള്ള നിരയിൽ 5 നു് എതിരെയുള്ള കോളത്തിൻെറ മുകളിലത്തെ കോളത്തിൽ 6 ഇടുക. പിന്നീടു് കോണോടുകോണു് 9 വരെ. നേരത്തെ അക്കമിട്ടിട്ടുള്ള കോളത്തിൽ മുട്ടുമ്പോൾ താഴത്തെകോളത്തിൽ 10. വീണ്ടും കോണോടുകോണു്. മുൻക്രമപ്രകാരം 13. ഈ രീതിയനുസരിച്ചു് 81 വരെ എഴുതുക. മുകളിൽനിന്നു കീഴോട്ടു കൂട്ടിയാലും ഇടത്തുനിന്നു് വലത്തോട്ടുകൂട്ടിയാലും 81 കിട്ടും. ഇതുപോലെ 5 5 = 25, 7 × 7 49, 11 × 11 = 121 ആദിയായ ഏതു് ഒററസംഖ്യയും വീതിക്കാൻ സാധിക്കും.

| | | | | | | | | |
|---|---|---|---|---|---|---|---|---|
| 47 | 58 | 69 | 80 | 1 | 12 | 23 | 34 | 45 |
| 57 | 68 | 79 | 9 | 11 | 22 | 33 | 44 | 46 |
| 67 | 78 | 8 | 10 | 21 | 32 | 43 | 54 | 56 |
| 77 | 7 | 18 | 20 | 31 | 42 | 53 | 55 | 66 |
| 6 | 17 | 19 | 30 | 41 | 52 | 63 | 65 | 76 |
| 16 | 27 | 29 | 40 | 51 | 62 | 64 | 75 | 5 |
| 26 | 28 | 39 | 50 | 61 | 72 | 74 | 4 | 15 |
| 36 | 38 | 49 | 60 | 71 | 73 | 3 | 14 | 25 |
| 37 | 48 | 59 | 70 | 81 | 2 | 13 | 24 | 35 |

## പ്രശ്നങ്ങൾ

1. ഒരാൾ 1 മുതൽ 64 ക. വരെ വിലവരുന്ന 64 ക്രിസ്തുമസ് സമ്മാനങ്ങൾ വാങ്ങിച്ചു. അവ തുല്യവില വരത്തക്കവണ്ണം 8 ആയി ഭാഗിക്കുന്നതെങ്ങനെ?

2. 1 മുതൽ 9873 വരെയുള്ള സംഖ്യകൾ എല്ലാംകൂടി കൂട്ടിയാൽ എത്ര കിട്ടും? ഈ രണ്ടു പ്രശ്നങ്ങൾക്കും ഉത്തരം കണ്ടുപിടിക്കാനുള്ള എളുപ്പമാർഗ്ഗങ്ങൾ അടുത്തലക്കത്തിൽ പ്രസിദ്ധംചെയ്യുന്നതാണു്.

# ഒക്ടോബർ വിപ്ലവം

(എം. ഒ. ജോസഫ് നെടുങ്കുന്നം)

ഒക്ടോബർ വിപ്ലവം! ഒന്നാം മഹായുദ്ധത്തിന്റെ മൂർദ്ധന്യദശയിൽ, 1917 ഒക്ടോബറിൽ സമരത്തിലേർപ്പെട്ടിരുന്ന രാജ്യങ്ങളിലൊന്നായ റഷ്യയിൽ, തൊഴിലാളികളുടെ നാമത്തിലുള്ള ഒരു വിപ്ലവമുണ്ടായി. തുടന്ന് റഷ്യയിൽ അധികാരത്തിലിരുന്ന സാർ ചക്രവത്തിയെ സിംഹാസനഭ്രഷ്ടനാക്കി, തോക്കിനിരയാക്കിയശേഷം, ലനിനും കൂട്ടരും തൊഴിലാളികളുടെ പേരിൽ ബൊൾഷെവിക്ക ഭരണം ഏർപ്പെടുത്തി. നിലവിലിരുന്ന സാമൂഹ്യവ്യവസ്ഥിതിയെ ഉച്ചാടനംചെയ്തു തൽസ്ഥാനത്തു് മാർക്സ് വിഭാവനം ചെയ്ത തരത്തിലുള്ള ഒരു നവീനവ്യവസ്ഥിതി ഏർപ്പെടുത്തുന്നതിലേക്കായി "അരിവാളും ചുററികയും" ഉയർത്തിപ്പിടിക്കുവാൻ അവർ ആഹ്വാനം നല്കി. രക്താസ്ഥിമജ്ജാസഹിതനായ മനുഷ്യന്റെ മുഖ്യപ്രധാനം അവന്റെ ഉദരമാണെന്നും, അതിനാൽ ഉദരാധിഷ്ഠിതമായ ഒരു സംസ്കാരത്തിനാണു പ്രമാണം നൽകേണ്ടതെന്നുമുള്ള ഒരു നവീനസിദ്ധാന്തത്തിനു പ്രാധാന്യം ലഭിക്കുകയും ചെയ്തു. ലനിൻ പ്രഭൃതികളാൽ സമാരബ്ധമായ കമ്മ്യൂണിസ്റ്റുതത്വസംഹിത ഇന്നു ലോകത്തിന്റെ എല്ലാ ഭാഗങ്ങളിലും പ്രചരിക്കുവാൻ വ്യഗ്രത കാണിക്കുന്നു. അതിന്റെ മായാവലയിൽ കുടുങ്ങിപ്പോയ ജനസാമാന്യം ആ ഒക്ടോബർവിപ്ലവത്തിന്റെ പ്രാധാന്യത്തെയും പ്രയോജനത്തെയും ഇന്നും പാടിപ്പാടി നടക്കുന്നു.

റഷ്യയിൽ ഈ പരിവർത്തനങ്ങൾ നടക്കുമ്പോൾ യൂറോപ്പിന്റെ മറെറാരു മൂലയിൽ വേറൊരു ഒക്ടോബർവിപ്ലവം—1917 ഒക്ടോബർ 13-ാം തീയതി—ഉണ്ടായി. ഈ വിപ്ലവം പോർത്തുഗലിലെ അജ്ഞാതമായ ഒരു ഗ്രാമത്തിൽ—ഫാത്തിമായിൽ—ആണു സംഭവിച്ചതു്. ജീവിതകാലത്തു ഒരു ആശാരിപ്പണിക്കന്റെ ഭാര്യയായിരുന്ന ഒരു തൊഴിലാളിയും മൂന്നു ഇടയപ്പൈതങ്ങളും കൂടിയാണു് ഈ വിപ്ലവം ആരംഭിച്ചതു്. നിലവിലിരിക്കുന്ന വ്യവസ്ഥിതി തികച്ചും ലൗകായതികമായിപ്പോയതിനാൽ അതിനെ ഉച്ചാടനംചെയ്തു തൽസ്ഥാനത്തു തൊഴിലാളികളിൽ തൊഴിലാളി ആയിരുന്ന ക്രിസ്തു വിഭാവനം ചെയ്തിട്ടുള്ള ആ നവ്യവ്യവസ്ഥിതി പുനസ്ഥാപിക്കണമെന്നതായിരുന്നു ഈ വിപ്ലവകാരികളുടെ സന്ദേശം. അതിലേക്കു കരിങ്ങും കൊന്തയും കൈയിലെടുക്കുവാനാണു് ആഹ്വാനമുണ്ടായതു്. മനുഷ്യനു നശ്വരമായ ഉദരത്തെക്കാൾ അനശ്വരമായ ആത്മാവു സർവ്വപ്രധാനമായിരിക്കുന്നതിനാൽ, ആദ്ധ്യാത്മികജീവിതത്തെ പുനരുജ്ജീവിപ്പിക്കണമെന്നും, അതിലേക്കു പ്രാർത്ഥിക്കുകയും പ്രായശ്ചിത്തമെടുക്കുകയും ചെയ്യണമെന്നും ഈ വിപ്ലവകാരികൾ ലോകത്തെ ആഹ്വാനം ചെയ്തു.

ഒരേ കാലത്തു രണ്ടു വിപ്ലവങ്ങൾ. അതേ, ലെനിൻപ്രഭൃതികളുടെ റഷ്യയിലെ ഒക്ടോബർവിപ്ലവത്തിന്റെ തിരിച്ചടിയായിരുന്നു പരിശുദ്ധ കന്യകമറിയത്തിന്റെ ഫാത്തിമായിലെ ഒക്ടോബർ വിപ്ലവം. ഇതു കേവലം ഭാവനാഫലമായ ഒരു അഭ്യൂഹമല്ല; പരിശുദ്ധകന്യകതന്നെ വ്യക്തമായ ഭാഷയിൽ അതു വിശദീകരിക്കുകയുണ്ടായി. "പാപികളെ രക്ഷിക്കുന്നതിനായി എന്റെ വിമലഹൃദയത്തോടുള്ള ഭക്തി ലോകത്തിൽ സ്ഥാപിതമാകുന്നതിനു നമ്മുടെ കർത്താവു് ആഗ്രഹിക്കുന്നു.... ഞാൻ ആവശ്യപ്പെടുന്നതുപോലെ മനുഷ്യർ പ്രവർത്തിച്ചാൽ റഷ്യാ മാനസാന്തരപ്പെടും. അങ്ങനെ ചെയ്തില്ലെങ്കിൽ, സഭയ്ക്കെതിരായി സമരങ്ങളും മർദ്ദനങ്ങളും വരുത്തിക്കൊണ്ടു തെററു ലോകമാസകലം പ്രചരിക്കും." റഷ്യയിൽ സമാരബ്ധമായ അബദ്ധം ലോകത്തിൽ പ്രചരിക്കാതിരിക്കുന്നതിനായി, വഴി തെററിപ്പോയ റഷ്യായുടെ മാനസാന്തരത്തിനായി, മനുഷ്യനെ മൃഗമാക്കിത്തീർക്കുന്ന കമ്മ്യൂണിസത്തിൽനിന്നു് അവനെ ദൈവനന്ദനനായി സമുദ്ധരിക്കുന്നതിനായി, നിസ്സഹായമായ ലോകത്തിനു ഒരു ആശാകേന്ദ്രം കാണിച്ചുകൊടുക്കുകയാണു പരിശുദ്ധകന്യക ചെയ്തിരിക്കുന്നതു്. അരിവാളും ചുററികയും ഉയരാതിരിക്കുന്നതിലേക്കു കരിങ്ങും കൊന്തയും ഉയർത്തിപ്പിടിക്കുവാനുള്ള ഒരു മുന്നറിയിപ്പാണു് ഫാത്തിമായിൽ മുഴങ്ങിയതു്.

ഒന്നാം മഹായുദ്ധം നടമാടിക്കൊണ്ടിരുന്ന അവസരത്തിൽ, 1917ൽ, പരിശുദ്ധകന്യകമറിയം പോർത്തുഗലിലെ മൂന്നു ഇടയപ്പൈതങ്ങൾക്കു ഫാത്തിമായിൽ ആറു തവണ പ്രത്യക്ഷയായി. കത്തോലിക്കരെയും, കത്തോലിക്കാ ഭാവിചരിത്രത്തെയും സംബന്ധിച്ചിടത്തോളം ഏററവും അത്ഭുതവത്താണു ഫാത്തിമാ ദർശനങ്ങളും തദവസരങ്ങളിലെ സന്ദേശങ്ങളും. യുദ്ധപര്യവസാനത്തിനുവേണ്ടി അക്ഷീണയത്നം ചെയ്തുകൊണ്ടിരുന്ന ബനഡിക്ട് പതിനഞ്ചാം മാർപ്പാപ്പാ, സമാധാനസംസ്ഥാപനത്തിനു സമരത്തിലേർപ്പെട്ടിരുന്ന രാഷ്ട്രാധിപന്മാരോടു ചെയ്ത അഭ്യർത്ഥന സഫലമായില്ല. തിരുമേനി ഉടനെ, 1917 മേയ് 5-ാം തീയതി, സകല വരപ്രസാദങ്ങളുടെയും മദ്ധ്യസ്ഥയായ മറിയത്തോടു യു-

1917 മെയ് 13-ാം തീയതി മെത്രാനായി അഭിഷിക്തനായ പച്ചെല്ലിതന്നെയാണു് ഇന്നു കത്തോലിക്കാ സഭയെ മാഹാത്മ്യമോടെ ഭരിക്കുന്ന പന്ത്രണ്ടാം പീയൂസ് മാർപ്പാപ്പാ തിരുമനസ്സുകൊണ്ടു്. 1942 ഒക്ടോബർ മാസത്തിൽ ഈ തിരുമേനി റഷ്യയെയും സമസ്തലോകത്തെയും പരിശുദ്ധകന്യകയുടെ വിമലഹൃദയത്തിനു പ്രതിഷ്ഠിക്കുകയുണ്ടായി.

1917 മേയ് 13, ജൂൺ 13, ജൂലൈ 13, ആഗസ്റ്റ് 19, സെപ്ററംബർ 13, ഒക്ടോബർ 13, ആറു സന്ദർശനങ്ങൾ. ലൂസി, ഫ്രാൻസിസ്, ജസീന്താ—പത്തും ഒൻപതും ഏഴും വയസ്സായ മൂന്നു ഇടയക്കുട്ടികൾക്കാണു ഈ അസുലഭഭാഗ്യം ലഭിച്ചതു്. ഭാഗ്യമോ? മാതാപിതാക്കന്മാരുടെയും സമീപവർത്തികളുടെയും ലൗകികഭരണാധികാരികളുടെയും ഭത്സനമാണു് ആ കുട്ടികൾക്കു കിട്ടിയതു്. പരിശുദ്ധകന്യക അവർക്കു പ്രത്യക്ഷപ്പെടുക! ഭൗതികവ്യാമോഹങ്ങളിൽ കിടന്നുഴന്നിരുന്ന, ഉദരമാ-




ദ്ധപര്യവസാനത്തിനും സമാധാനസംസ്ഥാപനത്തിനുമായി ഒരഭ്യർത്ഥന നടത്തി. എട്ടു ദിവസം കഴിഞ്ഞപ്പോൾ, മേയ് 13-ാം തീയതി, പരിശുദ്ധ കന്യക ഫാത്തിമായിൽ പ്രത്യക്ഷയായി "യുദ്ധം അവസാനിക്കുവാൻ പോകുന്നു; പട്ടാളക്കാർ ഉടനെ അവരുടെ വീടുകളിലേക്കു മടങ്ങുന്നതാണു്" എന്ന സന്ദേശം നൽകി. പത്രോസിന്റെ പിൻഗാമിയുടെ വിളി പരിശുദ്ധകന്യകമറിയം കേട്ടു; ലോകസമാധാനത്തിനുള്ള തന്റെ വ്യവസ്ഥകൾ പ്രഖ്യാപിക്കുകയും ചെയ്തു.

1917 മേയ് 13, പരിശുദ്ധകന്യക ഫാത്തിമായിൽ ആദ്യം പ്രത്യക്ഷപ്പെട്ട ദിനം, മറെറാരുവിധത്തിലും പ്രാധാന്യം അർഹിക്കുന്നു. അന്നു കത്തോലിക്കാ സഭയിലെ ഒരു വൈദികൻ—ഫാദർ പച്ചെല്ലി—മെത്രാനായി അവരോധിക്കപ്പെട്ടു. ഈ മെത്രാൻ, ലോകത്തെ പരിശുദ്ധകന്യകമറിയത്തിന്റെ വിമലഹൃദയത്തിനു പ്രതിഷ്ഠിക്കുന്നതിനും, ലോകസമാധാനത്തിനുവേണ്ടി അഹോരാത്രം യത്നിക്കുന്നതിനും, കമ്മ്യൂണിസ്റ്റു് റഷ്യായുടെ വിക്രിയകളിൽനിന്നു ലോകത്തെ രക്ഷിക്കുന്ന ഒരു പ്രാകാരമായി വർത്തിക്കുന്നതിനും, നിഗൂഢമായ ദൈവപരിപാലനയാൽ തിരഞ്ഞെടുക്കപ്പെട്ടവനായിരുന്നു. അതേ,

ണ് തങ്ങളുടെ ദൈവമെന്നു കരുതിയിരുന്ന, ലോകം അതെങ്ങനെ സമ്മതിക്കും? എങ്ങനെ വിശ്വസിക്കും? പരിശുദ്ധകന്യക തങ്ങൾക്കു പ്രത്യക്ഷയായി എന്ന വസ്തുത ലോകം വിശ്വസിക്കാത്തതിൽ, പരിശുദ്ധകന്യകയുടെ നിർദ്ദേശാനുസരണം പാപികളുടെ മാനസാന്തരത്തിനായി പ്രാർത്ഥിക്കുകയും പ്രായശ്ചിത്തമനുഷ്ഠിക്കുകയും ചെയ്യാത്തതിൽ, ആ കുട്ടികൾ സങ്കടപ്പെട്ടിരിക്കണം.

ആഗസ്റ്റ് 19-ാം തീയതിയിലെ ദർശനവേളയിൽ പരിശുദ്ധകന്യക ആ കുട്ടികളെ സമാശ്വസിപ്പിച്ചു: "ഒക്ടോബർ മാസത്തിൽ, എല്ലാവർക്കും വിശ്വസിക്കത്തക്കവണ്ണം ഞാൻ ഒരു അത്ഭുതം പ്രവർത്തിക്കാം..... ലോകത്തിനു സമാധാനം പ്രദാനം ചെയ്യുന്നതിനായി വിശുദ്ധയൗസേപ്പു ദിവ്യശിശുവിനോടുകൂടി സമാഗതനാകും. ലോകത്തെ അനുഗ്രഹിക്കുവാൻ നമ്മുടെ കർത്താവു തന്നെ എഴുന്നള്ളും......മാത്രമല്ല ജപമാലരാജ്ഞിയും വ്യാകുലമാതാവും സന്നിഹിതരാകുന്നതാണു്." സെപ്ററംബർ 13-ാം തീയതിയും ഈ വാഗ്ദാനം ആവർത്തിക്കപ്പെട്ടു: "സമാധാനത്തിനായി എല്ലാദിവസവും കൊന്ത ജപിക്കുക. ഒക്ടോബർ മാസത്തിൽ ഞാൻ അത്ഭുതം പ്രവർത്തിക്കുന്നതാണു്."

അത്ഭുതമോ? എന്നാൽ അതൊന്നു കാണണമല്ലോ. ഒക്ടോബർ 13-ാംതീയതി എഴുപതിനായിരം ജനങ്ങളാണു ഫാത്തിമായിലെ 'കോവാ ഡ ഇറിയാ'യിൽ തടിച്ചുകൂടിയതു്. പത്രപ്രവർത്തകന്മാർ, റിപ്പോർട്ടർമാർ, ഛായാഗ്രാഹകന്മാർ മുതലായവർ ശതക്കണക്കിനുണ്ടു്. ഗവമ്മെൻറുദ്യോഗസ്ഥന്മാരുടെ സംഖ്യയും കുറവല്ല. ചിലർ എന്താണു സംഭവിക്കുന്നതെന്നു് അറിവാൻ. ചിലർ ഒന്നും സംഭവിക്കുകയില്ലായെന്ന തങ്ങളുടെ വിശ്വാസത്തെ സ്ഥിരീകരിക്കുവാൻ. ഒക്ടോബർ 13-ാം തീയതി ഒരു അത്ഭുതം നടക്കുമെന്നു മൂന്നു മാസം മുൻപേ പരസ്യമാക്കപ്പെട്ടതാണു്. അത്ഭുതം നടക്കുന്ന സ്ഥലവും തീയതിയും മാത്രമല്ല, യഥാർത്ഥ മണിക്കൂറും പറയപ്പെട്ടിട്ടുണ്ടു്. പോർത്തുഗലിന്റെ നാനാഭാഗങ്ങളിൽനിന്നും ആളുകൾ ഈ സ്ഥലത്തേക്കു് ആകർഷിക്കപ്പെട്ടതിൽ ആശ്ചര്യപ്പെടാനില്ല. ചിലർ കാൽനടയായി; ചിലർ വണ്ടിക്കു്; ചിലർ തീവണ്ടിക്കു്—നിശ്ചിതസമയത്തിനു മുൻപുതന്നെ എഴുപതിനായിരമാളുകൾ അവിടെ എത്തിയിരുന്നു.

ലൗകായതികന്മാരുടെ ദൃഷ്ടിയിൽ, ഒരു വിധത്തിൽ അന്നൊരു ദുർദ്ദിനമായിരുന്നു. രാവിലെ ഭയങ്കരമായ ഒരു കൊടുങ്കാററു് അടിച്ചു. തുടന്നു തുമ്പിക്കൈവണ്ണത്തിൽ പേമാരി. ഉടുപ്പെല്ലാം നനഞ്ഞു നാനാവിധമായി. വഴിയിൽ എല്ലാം ചളിവെള്ളം. കോവാ ഡ ഇറിയായുടെ സ്ഥിതി അതിലും കഷ്ടം. ജനക്കൂട്ടത്തിൽ മഴ പെയ്താൽ അവർ നില്ക്കുന്ന സ്ഥലം മുഴുവൻ ക്ഷണത്തിൽ ചെളിയാകുമല്ലോ. വിശ്വാസികളും അവിശ്വാസികളും, ഭക്തന്മാരും നിന്ദകന്മാരും ഒന്നുപോലെ നനഞ്ഞു. നില്ക്കുന്നിടമെല്ലാം ചെളിയും ചേറുമായി. പൊയ്ക്കളയാമെന്നുവെച്ചാൽ, ജനക്കൂട്ടം പിന്നെയും വന്നുകൊണ്ടിരിക്കുന്നതിനാൽ അതു സാദ്ധ്യമല്ല. ഗത്യന്തരമില്ലാതെ അവിടെത്തന്നെ നില്ക്കുവാൻ അവർ നിശ്ചയിച്ചു. നിശ്ചിത സമയത്തു്—പെട്ടെന്നു അതു സംഭവിച്ചു, അത്ഭുതം.

അതേ വാഗ്ദാനംചെയ്യപ്പെട്ട അത്ഭുതമുണ്ടായി. അതു കാണാൻ തരപ്പെടാത്തവർക്കു അതു സംഭവ്യമല്ലായെന്നു പറയാം. അതു കേവലം അന്ധവിശ്വാസമാണെന്നു അവിശ്വാസികൾ വാദിക്കാം. അതു മൂഢതയാണെന്നു നാസ്തികന്മാർക്കു കരുതാം. അതു ചിന്താർഹമേയല്ലെന്നു ലൗകായതികന്മാർക്കു സമാധാനിക്കാം. അതൊരു കല്പിതകഥയാണെന്നു പുരോഗമനവാദികൾക്കു പരിഹസിക്കാം. എന്നിരുന്നാലും അതു സംഭവിച്ചു. എഴുപതിനായിരംപേർ അതുകണ്ടു. സൂര്യനൃത്തം. അതേ സ്ത്രീകളും പുരുഷന്മാരും, വിശ്വാസികളും അവിശ്വാസികളും, പണ്ഡിതന്മാരും പാമരന്മാരും, എന്നുവേണ്ട എല്ലാത്തരക്കാരുമായ എഴുപതിനായിരംപേർ അതുകണ്ടു. ചെളികെട്ടിയ ആ മണ്ണിൽ, ഇരച്ചു പെയ്തുകൊണ്ടിരുന്ന മഴ നനഞ്ഞു നിന്നിരുന്ന എഴുപതിനായിരം ജനങ്ങൾ ഒന്നുപോലെ അതു കണ്ടു. (തുടരും)

## ഹിന്ദി ശിക്ഷക്

ഗ്രന്ഥകർത്താ

പണ്ഡിററ് ശ്രീ സി. വി. ജോസഫ് ആർ. ബി. വി. പി. എച്ച്. പി.

ഹിന്ദിപഠിക്കുവാൻ ഏററവും നല്ല പുസ്തകം. ഒന്നാംഫാറം മുതൽ ആറാംഫാറം വരെയുള്ള വ്യാകരണനിയമപ്രകാരം എഴുതിയിട്ടുള്ള ഏക പുസ്തകം. അപേക്ഷിക്കേണ്ടും മേൽവിലാസം:—

പണ്ഡിററ് സി. വി. ജോസഫ്,

ടീച്ചർ, ഹൈസ്കൂൾ, തേവര.

## ഫാദർ മററത്തിന്റെ ആദ്ധ്യക്ഷത്തിൽ

സന്മാർഗ്ഗപോഷിണിസഭയുടെ 44-ാമത്തെ വാർഷികസമ്മേളനം വൈക്കത്തെ അഷ്ടമിദിവസത്തിൽ റവ. ഫാ. സി. കെ. മററത്തിന്റെ ആദ്ധ്യക്ഷതയിൽ നടന്നിരിക്കുന്നു. ഉൽഘാടകൻ വടക്കുംകൂർ വലിയരാജാ ആയിരുന്നു.

# സത്യദീപം

പത്രാധിപന്മാർ

വെരി റവ. മോൺസിഞ്ഞോർ ജേക്കബ് നടുവത്തുശ്ശേരി

റവ. ഡോക്ടർ ജോസഫ് പാറേക്കാട്ടിൽ ഡി. ഡി., ബി. ഏ.

Vol. 23 | ERNAKULAM, DECEMBER 21 194 | No 18


# ക്രിസ്മസ്മംഗളം

കാലത്തിന്റെ തികവിൽ, നാകത്തിന്റെ കനിവിൽ ലോകരക്ഷാർത്ഥം അവതീർണ്ണനായ ഈശോനാഥന്റെ ജന്മദിനമാഘോഷിക്കുന്ന ഈ ശുഭാവസരത്തിൽ, സത്യദീപത്തിന്റെ മാന്യലേഖകന്മാർക്കും ഏജന്റുമാർക്കും വായനക്കാർക്കും മററു ഗുണകാംക്ഷികൾക്കും ഹാർദ്ദമായ മംഗളങ്ങളാശംസിക്കുകയും ദിവ്യശിശുവിന്റെ കരുണാർദ്രകടാക്ഷങ്ങൾ ഏവരേയും അനുഗ്രഹസമ്പന്നരും ആനന്ദതുന്ദിലരുമാക്കിത്തീർക്കട്ടെയെന്നു പ്രാർത്ഥിക്കുകയും ചെയ്യുന്നു.

## മാതാവു വരുന്നു നമുക്കു സ്വീകരിക്കാം

ഫാത്തിമാമാതാവിന്റെ തിരുസ്വരൂപം അഞ്ചുതീർത്ഥയാത്രകൾ നടത്തിക്കഴിഞ്ഞു; ആറാമത്തേതു നടത്തുവാൻവേണ്ടി ഇക്കഴിഞ്ഞ നവംബർ 27-ാംനു- ഇന്ത്യയിൽ എത്തി. ഗോവയിലേക്കാണ് ആദ്യമായി സംവഹിക്കപ്പെട്ടതു്. വൈദികാധികാരികളും സർക്കാരധികാരികളും സിവിൽ ഉദ്യോഗസ്ഥന്മാരും സൈനികോദ്യോഗസ്ഥന്മാരും, വൈദികഗണവും അവൈദികഗണവും ഒത്തൊരുമിച്ച് ഏററവും ഹൃദയാവർജ്ജകവും ഭക്തിനിർഭരവുമായ സ്വീകരണമാണ് അവിടെ നൽകിയതു്. ഗോവയിലെ പാത്രിയർക്കൽ ഭദ്രാസനദേവാലയത്തിൽ തിരുസ്വരൂപം എഴുന്നെള്ളിച്ചുവച്ചു. പൂർണ്ണജപമാലയിലെ 153 മണികളെ സൂചിപ്പിച്ചു് 153 ദിവ്യപൂജകൾ 80 000ൽപ്പരംവരുന്ന ഭക്തജനക്കൂട്ടത്തിന്റെ സാന്നിദ്ധ്യത്തിലും സഹകരണത്തിലും ഒരേസമയത്തു് അർപ്പിക്കപ്പെട്ടു. ഏകദേശം 40,000 പേർ തദവസരത്തിൽ ദിവ്യകാരുണ്യം സ്വീകരിച്ചു.

ഡിസംബർ 15-ാംനു- തിരുസ്വരൂപം മംഗലാപുരത്തു് കങ്കനാടിമൈതാനത്തിൽ എത്തിച്ചേർന്നപ്പോൾ മംഗലാപുരംബിഷപ്പ് തിരുമേനിസ്സുകൊണ്ടു് ഫാത്തിമാനാഥയേയും സംഘത്തേയും സ്വാഗതംചെയ്തു. പ്രത്യേകം സജ്ജമാക്കിയിരുന്ന തൂന്നടക്കിലാണ് രൂപം പ്രതിഷ്ഠിച്ചതു്. മനോഹരമായ വിധത്തിൽ ഇലക്ട്രിക് ബൾബുകൾ ടൂക്കിനോടു ഘടിപ്പിച്ചിരുന്നു. ഏതാണ്ടു് 25,000 വരുന്ന ഒരു ജനതതിയുടെ അകമ്പടിയോടുകൂടി പ്രതിമ ആഡംബരപൂർവ്വം സെന്റ് അലോഷ്യസ് കോളേജ് മൈതാനത്തിലേക്കു സംവഹിക്കപ്പെട്ടു. അവിടെവച്ചു മെത്രാൻ തിരുമനസ്സുകൊണ്ടു് ഒരു പ്രസംഗം ചെയ്തു. തുടർന്നു് പ. കർബ്ബാനയുടെ വാഴ്വും ഫാത്തിമാനാഥയോടുള്ള പ്രാർത്ഥനകളും നടത്തപ്പെട്ടു. ഗോവയിലെയും മംഗലാപുരത്തെയും ഈ വിശ്വാസപ്രകടനവും ഭക്തിചൈതന്യോത്തേജനവും ഫാത്തിമാമാതാവിന്റെ ഇന്ത്യൻതീർത്ഥാടനത്തിൽ സർവ്വത്ര അനുഭവപ്പെടുമെന്നു പ്രതീക്ഷിക്കാൻ ന്യായമുള്ള ആദ്ധ്യാത്മിക ഗുണഫലങ്ങളുടെ സൂചനയായി ഗണിക്കപ്പെടാം.

ഡിസംബർ 21-ാംനു-യായ ഇന്നു തിരുസ്വരൂപം തൃശ്ശൂർ ഭദ്രാസനദേവാലയത്തിൽ എത്തിച്ചേരുന്നു. അവിടംമുതൽക്കാണ് നമ്മുടെ ഐക്യസംസ്ഥാനത്തിലെ സകല രൂപതകളേയും അവയിലെ പ്രധാന കേന്ദ്രങ്ങളേയും മാതാവു് സന്ദർശിക്കുന്നതു്. ഫാത്തിമായിലെ മൂന്നു ബാലകൾക്കു നൽകിയ അത്ഭുതകരങ്ങളായ ദർശനങ്ങൾക്കിടയിൽ മാതാവു വാഗ്ദാനംചെയ്ത ആദ്ധ്യാത്മികാനുഗ്രഹങ്ങൾ സമൃദ്ധമായി ലഭിക്കുവാൻ തക്കവണ്ണം ബാഹ്യവും ആന്തരികവുമായ ഭക്തിപ്രകടനങ്ങളോടുകൂടി നമുക്കു മാതാവിനെ സ്വീകരിക്കാം. തന്റെ സന്ദർശനങ്ങൾവഴിയായി മാതാവു വർഷിക്കുന്ന സ്വർഗ്ഗീയാനുഗ്രഹവൃഷ്ടി നമ്മിൽ ജീവിതനവീകരണവും പുണ്യാഭിവൃദ്ധിയും വിളയിക്കുവാൻതക്കവിധം നമ്മുടെ ആത്മാക്കളെ പ്രാർത്ഥനയാലും പ്രായശ്ചിത്തപ്രവൃത്തികളാലും പാപമാർഗ്ഗങ്ങളുടെ പരിത്യാഗത്താലും ഒരുക്കിവയ്ക്കാം.

ഫാത്തിമാസന്ദേശം വൈശിഷ്ട്യം

ഒന്നാം ലോകമഹായുദ്ധത്തിനിടയ്ക്കു് 1917-ലാണു് ഫാത്തിമായിലെ മൂന്നു ഇടയക്കുട്ടികൾക്കു മാതാവു പലപ്രാവശ്യം പ്രത്യക്ഷപ്പെട്ടതു്. ആ ദർശനങ്ങൾക്കിടയിൽ മാതാവു് അവരോടു പ്രാർത്ഥനയുടേയും പ്രായശ്ചിത്തപ്രവൃത്തികളുടേയും അവശ്യകതയെപ്പററി സംസാരിച്ചു. തന്റെ ദിവ്യകുമാരനെ മനുഷ്യർ അവരുടെ പാപങ്ങളാൽ മേലാൽ ദ്രോഹിക്കരുതെന്നും, ചെയ്ത പാപങ്ങൾക്കു് അവർ പരിഹാരം ചെയ്യണമെന്നും ഉദ്ബോധിപ്പിച്ചു. മനുഷ്യർ ജപമാല ദിനംപ്രതി ചൊല്ലണമെന്നും, തന്റെ വിമലഹൃദയത്തിനു് അവർ തങ്ങളെമുഴുവനും പ്രതിഷ്ഠിക്കണമെന്നും, 5 മാസാദ്യശനിയാഴ്ചകളുടെ ഭക്തി അനുഷ്ഠിക്കണമെന്നും ആവശ്യപ്പെട്ടു. എന്നാൽ മാതാവിന്റെ ഈ അഭ്യർത്ഥന മനുഷ്യർ ശ്രവിച്ചില്ല. നമ്മിൽ എത്രപേരാണ് പ്രായശ്ചിത്തം അനുഷ്ഠിച്ചിട്ടുള്ളതു്? എത്രപേർ ജപമാല ദിനംപ്രതി ഭക്തിപൂർവ്വം ചൊല്ലി? എത്രപേർ തങ്ങളെ മുഴുവനും മാതാവിന്റെ വിമലഹൃദയത്തിനു് സമർപ്പിച്ചു? മാതാവിന്റെ അഭ്യർത്ഥന മനുഷ്യർ ശ്രവിക്കായ്കയാൽ, അവിടുന്നു് ആ ദർശനങ്ങളിൽ മുന്നറിവു നൽകിയിരുന്നതുപോലെ, രണ്ടാംലോകമഹായുദ്ധം ലോകത്തെ മുഴുവൻ ഗ്രസിക്കുവാനിടയായി. അനേകം രാഷ്ട്രങ്ങളും അവയിലെ കോടാനുകോടി നിവാസികളും അഭൂതപൂർവ്വഭീകരതയോടുകൂടിയ ആ മഹായുദ്ധത്തിന്റെ ദാരുണമായ നാശഫലങ്ങൾ അനുഭവിച്ചു. ഇനിയെങ്കിലും, ലോകത്തെ ദൈവത്തിങ്കലേക്കു തിരിക്കുവാനും, തദ്വാരാ യഥാർത്ഥ സമാധാനം മനുഷ്യർക്കു കൈവരുവാനും ഇടവരണമെന്നാണു് മാതാവിന്റെ ആഗ്രഹം. അതു സാധിക്കുവാൻവേണ്ടി ഫാത്തിമായിലെ സന്ദേശവും വഹിച്ചുകൊണ്ടു് മാതാവുതന്നെ ഒരു ലോകപര്യടനം നടത്തുകയാണു്. ലോകമാസകലമുള്ള തന്റെ മക്കളെ അവരവരുടെ സ്വന്തം സ്ഥലങ്ങളിൽവച്ചു സന്ദർശിച്ചു്, താൻ നൽകിയ മുന്നറിയിപ്പുകളും വാഗ്ദാനങ്ങളും അവരെ വീണ്ടും വീണ്ടും അനുസ്മരിപ്പിക്കുകയാണ് മാതാവു് ഇപ്പോൾ ചെയ്തുകൊണ്ടിരിക്കുന്നതു്.

ലോകത്തെ മുഴുവനും പാപത്തിൽനിന്നു രക്ഷിക്കുവാനും ദൈവത്തോടു വീണ്ടും യോജിപ്പിക്കുവാനും ദൈവപുത്രൻ മനുഷ്യനായവതരിച്ചു. രക്ഷാകരമായ ആ മഹാകൃത്യത്തിൽ തന്റെ മാതാവായ പരിശുദ്ധ മറിയത്തെ സഹകാരിണിയായി അവിടുന്നു സ്വീകരിച്ചു. അങ്ങനെ മനുഷ്യരായ നമ്മുടേയും മാതാവായി അവിടുന്നു പ്രഖ്യാപനംചെയ്തു. തദനുസരണം തന്റെ മക്കളായ മനുഷ്യരുടെ ലൗകികവും ആദ്ധ്യാത്മികവുമായ സംരക്ഷണയിൽ മാതാവു വ്യാപൃതയായിരിക്കുന്നു. ഈ സംരക്ഷണക്രിസ്ത്യചരിത്രത്തിൽ പല പ്രാവശ്യവും അത്ഭുതകരമായിത്തന്നെ അനുഭവപ്പെട്ടിട്ടുണ്ടു്. കഴിഞ്ഞ നൂററാണ്ടിലെ ഏററവും മികച്ച അനുഭവം ലൂർദ്ദിലെ സുപ്രസിദ്ധമായ ദർശനവും അതിനെ തുടർന്നുള്ള അത്ഭുതകരങ്ങളും ആദ്ധ്യാത്മികങ്ങളുമായ അനുഗ്രഹവർഷങ്ങളുമാണു്. ഈ നൂററാണ്ടിലെ ഏററവും വലിയ അനുഭവം ഫാത്തിമായിലേതാകുന്നു. ഫാത്തിമായിലെ ദർശനങ്ങളുടെ യാഥാർത്ഥ്യം തിരുസ്സഭ ഔദ്യോഗികമായിത്തന്നെ അംഗീകരിച്ചുകഴിഞ്ഞു. ആ ദർശനങ്ങളിൽ മാതാവു് ആവശ്യപ്പെട്ടവിധം നമ്മുടെ പരിശുദ്ധ പിതാവു 12-ാം പീയൂസ് ലോകത്തെ മാതാവിന്റെ വിമലഹൃദയത്തിനു പ്രതിഷ്ഠിച്ചു. തിരുസ്സഭ നൽകുന്ന വിശ്വാസമാകുന്ന കണ്ണാടിയിൽക്കൂടി നോക്കിയാൽ കാണാം, ഫാത്തിമായിൽനിന്നു പുറപ്പെട്ടിട്ടുള്ള തിരുസ്വരൂപത്തിന്റെ തീർത്ഥാടനം തീർച്ചയായും ദൈവനിശ്ചിതമാണെന്നു്. നമ്മെ തന്നിലേക്കാനയിക്കുവാനും ആകർഷിക്കുവാനും ദൈവം തിരഞ്ഞെടുക്കുന്ന മാർഗ്ഗത്തെ ചോദ്യം ചെയ്യുവാൻ നമുക്കവകാശമില്ല. ആ മാർഗ്ഗം സ്വീകരിച്ചു തദനുസരണം പ്രവർത്തിക്കുകയാണു് നമ്മുടെ കർത്തവ്യം.

[...]നെ ലക്ഷ്യമാക്കി അർപ്പിക്കപ്പെടുന്നവയാണെന്നും നമുക്കറിയാം. ആകയാൽ അത്യന്തമായ ഭക്തിബഹുമാനങ്ങളോടും അന്തഃപൂർണ്ണമായ ആത്മശുദ്ധിയോടുംകൂടി മാതാവിനെ നമുക്കു സ്വീകരിക്കാം. അതിനുവേണ്ടി നാം ചെലവിടുന്ന പണവും സഹിക്കുന്ന ബുദ്ധിമുട്ടുകളും ദിവ്യരക്ഷകനു് ഏററവും പ്രീതികരങ്ങളായിരിക്കും; നമ്മുടെ ആ ദാനങ്ങളെല്ലാം ആദ്ധ്യാത്മികാനുഗ്രഹങ്ങളുടെ രൂപത്തിൽ നൂറുമടങ്ങായി നമുക്കുതന്നെ തിരിച്ചുകിട്ടുകയും ചെയ്യും. രാഷ്ട്രപിതാവായ ഗാന്ധിജിയുടെ വ്യക്തിത്വത്തിന്റേയും സന്ദേശങ്ങളുടേയും പ്രാതിനിധ്യം വഹിക്കുന്ന ഭൗതികാവശിഷ്ടങ്ങൾക്കും ഛായാപടങ്ങൾക്കും പ്രതിമകൾക്കും എത്ര മഹനീയങ്ങളായ സ്വീകരണങ്ങളാണു്, ഭാരതത്തിൽ മാത്രമല്ല, ഇതരരാജ്യങ്ങളിലും ഔദ്യോഗികമായിത്തന്നെ നൽകപ്പെടുന്നതു്! തന്റെ മാതാവിനെ സബഹുമാനം സ്വീകരിച്ച കാനായിലെ കുടുംബത്തിനു കല്യാണാവസരത്തിൽ അനുഭവപ്പെട്ട ക്ലേശങ്ങൾ നീക്കിക്കൊടുക്കുവാൻ, താൻ അത്ഭുതം ചെയ്യേണ്ടസമയം സമാഗതമായിരുന്നില്ലെങ്കിലും, മാതാവിന്റെ മാദ്ധ്യസ്ഥത്താൽ




മാതൃസ്വീകരണം അനുഗ്രഹദായകം

ലോകരക്ഷകനായ തന്റെ തിരുകുമാരനെ ഉദരത്തിൽ വഹിച്ചുകൊണ്ടു തന്റെ പിതാവായ ദാവീദിന്റെ നഗരമായ ബേത്ലഹമിൽ മാതാവു ചെന്നു. എന്നാൽ അവിടത്തെ നിവാസികൾ മാതാവിനെ സ്വീകരിച്ചില്ല. "അവിടുന്നു തന്റെ സ്വന്തക്കാരുടെ ഇടയിൽ ചെന്നു എന്നാൽ തന്റെ സ്വന്തക്കാർ അങ്ങയെ സ്വീകരിച്ചില്ല" എന്നാണല്ലോ വിശുദ്ധ യോഹന്നാൻ ക്രിസ്തുവിന്റേയും അവിടത്തെ മാതാവിന്റേയും നേരെ കാണിക്കപ്പെട്ട ആ നിന്ദനത്തെ സവ്യസനം രേഖപ്പെടുത്തിയിരിക്കുന്നതു്. തന്റെ തൃക്കുമാരന്റെ രക്ഷാസന്ദേശവും വഹിച്ചുകൊണ്ടു തന്റെ മക്കളായ നമ്മുടെ ഇടയിലേക്കു മാതാവു വന്നിരിക്കുകയാണു്. ഫാത്തിമായിൽനിന്നും ഇവിടെ എഴുന്നെള്ളിയിരിക്കുന്ന തിരുസ്വരൂപം അവിടെ ദർശനങ്ങൾ നൽകിയ മാതാവിനേയും അവിടുന്നറിയിച്ച സന്ദേശങ്ങളേയും പ്രാതിനിധ്യം ചെയ്യുന്നു. ആ തിരുസ്വരൂപത്തോടു കാണിക്കുന്ന ബഹുമാനങ്ങളെല്ലാം മാതാവിന്റെ നേർക്കുള്ള ബഹുമാനങ്ങളുടെ ചിഹ്നങ്ങൾ മാത്രമാകുന്നെന്നു നമുക്കറിയാം. ആ തിരുസ്വരൂപത്തിന്റെ മുമ്പിൽ അർപ്പിക്കുന്ന പ്രാർത്ഥനകളും പ്രായശ്ചിത്തപ്രവൃത്തികളും മാതാവി[...]

മാത്രം അത്ഭുതം ചെയ്യുവാൻ ദിവ്യരക്ഷകൻ സന്നദ്ധനായില്ലേ? മലനാട്ടിൽക്കൂടി ദീർഘയാത്ര കഴിച്ചു സന്ദർശനാർത്ഥം ചെന്ന മാതാവിനെ "എന്റെ ദൈവത്തിന്റെ അമ്മ" എന്നു പ്രകീർത്തിച്ചു ഹൃദയപൂർവ്വം സ്വീകരിച്ച വിശുദ്ധ എലിശബെത്തിനെ ദിവ്യരക്ഷകൻ പരിശുദ്ധാത്മാവിനാൽ നിറയ്ക്കുകയും ആ സാധ്വിയുടെ ഉദരത്തിൽക്കിടന്ന യോഹന്നാനെ ഉത്ഭവപാപത്തിൽനിന്നു മോചിക്കുകയും ചെയ്തില്ലേ? ഏതാദൃശമായ മനോഭാവത്തോടുകൂടി ഫാത്തിമാമാതാവിനെ സ്വീകരിക്കുന്ന നമുക്കും ദിവ്യരക്ഷകന്റെ നാനാതരങ്ങളായ അനുഗ്രഹങ്ങൾ തീർച്ചയായും പ്രതീക്ഷിക്കാം.

തൊഴിലാളികളുടെ അമ്മ

തൊഴിലാളിയായ ക്രിസ്തുവിന്റെ മാതാവാണു് ഈ തിരുസ്വരൂപം വഴിയായി നമ്മെ സന്ദർശിക്കുന്നതു്. വിശപ്പും ദാഹവും സഹിച്ചു വിവശരായ ആയിരങ്ങളെ നോക്കി "ഈ ജനക്കൂട്ടത്തിന്റെ നേരെ എനിക്കു് അനുകമ്പയുണ്ടു്" എന്നരുളിച്ചെയ്ത തന്റെ തൃക്കുമാരന്റെ സന്ദേശവും വഹിച്ചുകൊണ്ടുവരുന്ന മാതാവിനു്, സാമ്പത്തികമായ അവശതകളനുഭവിക്കുകയും തന്നിമിത്തം ആത്മീയമായ നാശത്തിന്റെ അപകടത്തിൽ പെട്ടുകൊണ്ടിരിക്കുകയും ചെയ്യുന്ന തൊഴിലാളികളുടേയും മററു പാവ[...]

ങ്ങളരുളും കാര്യത്തിൽ പ്രത്യേകതാല്പര്യമുണ്ടെന്നു പറയണമെന്നില്ലല്ലോ. അവരുടെയിടയിൽ സഞ്ചരിക്കുവാനും അവരെ കാണുവാനും അവർക്കു വേണ്ട സമാശ്വാസം നൽകുവാനും മാതാവിനു കൂടുതൽ ആഗ്രഹമുണ്ടായിരിക്കും. ആകയാൽ നാം മാതാവിനെ സ്വീകരിക്കുന്ന സ്ഥലങ്ങളിലെല്ലാം അവിടുത്തെ തിരുമുമ്പിലേക്കു തൊഴിലാളികളുടെയും മററു പാവങ്ങളുടെയും ആനയിക്കുവാൻ നാം പ്രത്യേകം ശ്രദ്ധിക്കേണ്ടിയിരിക്കുന്നു. "നിരീശ്വരകമ്മ്യൂണിസം പ്രസംഗിക്കുന്നവരുടെ കരങ്ങളിൽ തൊഴിലാളിലോകം ചെന്നു വീഴുവാൻ അനുവദിച്ചുകൂടാ. തൊഴിലാളികളെ ദൈവത്തിനും ക്രിസ്തുവിനും വേണ്ടി വീണ്ടെടുക്കുവാൻ സമസ്തവും, അങ്ങേ അററം വരെത്തന്നെയും, ചെയ്യേണ്ടതാണ്" എന്നുള്ള നമ്മുടെ പരിശുദ്ധ പിതാവ് 12-ാം പീയൂസിന്റെ ഹൃദയംതൊട്ടുള്ള ഉദ്ബോധനം ഈ അവസരത്തിൽ നാം അനുസ്മരിക്കണം. മാതാവിനെ അത്യാഡംബരപൂർവ്വം സ്വീകരിക്കുവാൻ ആയിരക്കണക്കിനു നാം ശേഖരിച്ചുകൊണ്ടിരിക്കുന്ന പണത്തിന്റെ ഒരു ഗണ്യമായ ഭാഗം ഇക്കാര്യത്തിനുവേണ്ടി ചെലവിടുന്നതു മാതാവിനു കൂടുതൽ പ്രീതികരമായിരിക്കും. മാതാവിന്റെ ഈ ഘോഷയാത്രയിൽ സംബന്ധിക്കുവാനും, അവിടുത്തെ തിരുമുമ്പിൽ തങ്ങളുടെ ഹൃദയം തുറക്കുവാനും, തന്നെ സന്ദർശിക്കുന്നവർക്ക് അവിടുന്നു നൽകുവാനിരിക്കുന്ന പ്രത്യേകാനുഗ്രഹങ്ങൾ പ്രാപിക്കുവാനും വളരെയധികം ആഗ്രഹമുണ്ടെങ്കിലും സാമ്പത്തികമായ കഴിവിന്റെ കുറവിനാൽ, അതു സാധിക്കാതെ ഇഛാഭംഗപ്പെടേണ്ടിവരുന്ന അനേകം പാവപ്പെട്ട തൊഴിലാളികളുണ്ടായിരിക്കും. മാതൃസന്ദർശനത്തിന് അവരെ വേണ്ടവിധം ഒരുക്കി, മാതൃദാനങ്ങൾ സമൃദ്ധമായി ലഭിക്കുവാൻ പ്രാപ്തരാക്കി, അവരെ മാതാവിന്റെ തിരുമുമ്പിലേക്ക് ആനയിക്കുവാനുള്ള സകല പരിശ്രമങ്ങളും നമുക്കു ചെയ്യാം.

എടക്കുന്നിൽ വി. അന്തോനീസിന്റെ

## തിരുനാൾ

ആരംഭം: ഡിസംബർ 28 ബുധൻ
അവസാനം: ജാനുവരി 1 ഞായർ
പ്രസുദേന്തി: അക്കരപ്പററി തോമ ഔസേപ്പ്, തൃശ്ശൂർ

തിരുകർമ്മങ്ങൾ ഉച്ചഭാഷിണിയിൽകൂടി. N. B. എല്ലാ മാസത്തിന്റെയും ആദ്യശനിയാഴ്ച തുടങ്ങി വി. അന്തോനീസിന്റെ നവനാൾ ആഘോഷിച്ചു വരുന്നു. അർത്ഥനകൾ എഴുതി വി. അന്തോനീസിന്റെ പള്ളി, പാദുവാപുരം, കറുകുററി എന്ന വിലാസത്തിൽ അയച്ചാൽ, വിശുദ്ധന്റെ സ്വരൂപത്തിനടുത്ത്, തിരുശ്ശേഷിപ്പിനു സമീപം സൂക്ഷിച്ച് നൊവേനനടത്തുന്നതും, അനന്തരം നശിപ്പിച്ചുകളയുന്നതുമാണ്.

## "ഫാത്തിമായിലെ കുട്ടികൾ"

(Registered)

ഏററം രസാവഹമായ ഈ ലേഖനപരമ്പരയിലെ 10 അദ്ധ്യായങ്ങൾകൂടി ഇനി പ്രസിദ്ധീകരിക്കാനുണ്ട്. അടുത്ത ലക്കംമുതൽ അതു തുടരുന്നതാണ്.


# ഫാത്തിമാമാതാവിന്റെ വരവിന്

## അലങ്കാരത്തിനും പ്രദക്ഷിണത്തിനും മററും

| | | |
|---|---|---|
| 1 ഫാത്തിമാമൃതം (തീർത്ഥാടനഗാനങ്ങൾ) | | 0—2—0 |
| 2 ഫാത്തിമാകൊടികൾ | 100-ന് | 3—8—0 |
| 3 ബാഡ്ജുകൾ | 100-ന് | 2—0—0 |
| 4 പടങ്ങൾ 9"×7" 1-ന് 0—1—3, | 8"×5" | 0—0—9 |
| 5 ചെറുപടങ്ങൾ | 100 ന് | 1—4—0 |
| 6 നൊവേന, പ്രാർത്ഥനകൾ മുതലായവ | 1-ന് | 0—1—0 |

മാനേജർ, ചെറുപുഷ്പം പ്രസ്സ്, മഞ്ഞുമ്മൽ P. O.

കച്ചവടക്കാർക്കു പ്രത്യേകകമ്മീഷൻ


## ദി ഫെഡറൽ ബാങ്ക്

പ്രശസ്തനിലയിൽ നടന്നുവരുന്ന ദി ഫെഡറൽ ബാങ്കി (ക്ലിപ്തം) ന്റെ ഒരു ശാഖ എറണാകുളത്തു ബ്രോഡ്വേയിൽ മെത്രാപ്പോലീത്തൻ അരമനയ്ക്കുസമീപം മാമ്പിള്ളി ബിൽഡിംഗ്സിൽ ഡിസം: 17-ാംനു ഡോക്ടർ പി. ജെ. തോമസ് ഉൽഘാടനം ചെയ്തിരിക്കുന്നു. ബാങ്ക് ചെയർമൻ ക്യാപ്റ്റൻ ഫ്രാൻസിസ് പാനികുളം മാന്യ അതിഥികൾക്കു സ്വാഗതം ആശംസിച്ചുകൊണ്ടും, ബാങ്ക് മാനേജിംഗ് ഡിറക്ടർ ശ്രീ കെ. പി. ഹോർമിസ് ബി. എ. ബി എൽ. ഫെഡറൽ ബാങ്കിന്റെ പ്രവർത്തനങ്ങളെ വിശദീകരിച്ചുകൊണ്ടും ഓരോ ചെറുപ്രസംഗം ചെയ്തു. അനന്തരം ഡോക്ടർ തോമസ് ഉൽഘാടനപ്രസംഗം നിർവ്വഹിച്ചു.

### അ. കേ. ക. കോൺഗ്രസ്

കഴിഞ്ഞ ഞായറാഴ്ച അഖിലകേരള കത്തോലിക്കാ കോൺഗ്രസിന്റെ പുതിയ മാനേജിംഗ് കൗൺസിലിന്റെ പ്രഥമയോഗം കോട്ടയത്തുവച്ചു പുതിയ പ്രസിഡണ്ട് ശ്രീ ഇ. പി. വറുഗീസ് എം. എ. ബി. എൽ. അവർകളുടെ അദ്ധ്യക്ഷതയിൽ നടന്നിരിക്കുന്നു. ഒരവസരത്തിൽ താഴെ പറയുന്ന ഉദ്യോഗഭാരവാഹികൾ പുതുതായി തിരഞ്ഞെടുക്കപ്പെട്ടു.

വൈസ്പ്രസിഡണ്ട്—തോമസ് മാക്കിൽ ബി. എ. ബി. എൽ., ട്രഷറാർ—കെ. ഡോമിനിക് ജോസഫ് ബി. എ. ബി. എൽ.. ജനറൽ സിക്രട്ടറി—എ. കെ. ജോസഫ് എം. എ., എൽ. ടി., വർക്കിംഗ്കമ്മിററി അംഗങ്ങൾ—പി. കെ. കര്യാക്കോസ്, ടി. വി. ജോസഫ്, തോമസ് ഡി. വേലിയാത്ത് ബി. എ., സിറിയക് ജെ. നിധീരി ബി. എ., സി. ജോസഫ് കൊച്ചുവാവ മാപ്പിള.

### അഞ്ചൽ

തിരുവിതാംകൂറിലെ അഞ്ചൽക്കാർഡും കവറും സ്റ്റാമ്പും കൊച്ചിയിലും കൊച്ചിയിലേതു തിരുവിതാംകൂറിലും ഉപയോഗിക്കുവാൻ ഗവണ്മെന്റ് അനുവദിച്ചിരിക്കുന്നു.

## പ്രാദേശികവാർത്തകൾ

മംഗലപ്പുഴ സെമ്മിനരി സാഹിത്യസമാജത്തിന്റെ 35-ാമതു വാർഷികം ഡിസംബർ 15-ാംനു തിരുവല്ലാരൂപതയുടെ അഡ്മിനിസ്ട്രേറർ മാർ സെവേരിയോസ് തിരുമേനിയുടെ സാന്നിദ്ധ്യത്തിൽ ആഘോഷിക്കപ്പെട്ടിരിക്കുന്നു. തലേരാത്രിയിൽ "രക്തം" എന്ന നാടകം വൈദികവിദ്യാർത്ഥികൾ തന്മയത്വത്തോടുകൂടി അഭിനയിച്ചു. പൊതുയോഗത്തിൽ വന്ദ്യതിരുമേനി ആദ്ധ്യക്ഷംവഹിക്കുകയും റവ. ബ്രദർ ജോസഫ് തേവാരി, റവ. ബ്രദർ എബ്രഹാം മാറം എന്നിവർ യഥാക്രമം ഇംഗ്ലീഷിലും മലയാളത്തിലും ഓരോ പ്രസംഗം ചെയ്യുകയുംചെയ്തു.

—ചാലിൽ പള്ളിഇടവകയിൽപ്പെട്ട ഇടത്തിച്ചിറകുടുംബാംഗമായ റവ. ഫാദർ തോമസ് നെല്ലൂർ സെമ്മിനരിയിൽവച്ചു ഡിസംബർ 8-ാംനു പട്ടം സ്വീകരിക്കുകയും ഡിസംബർ 12-ാംനു സ്വന്തം ഇടവകയിൽ ലഘു വരികയുംചെയ്തു.

—മൂക്കന്നൂർ മരിയാസഖ്യത്തിന്റെ വാർഷികം റവ. ഫാദർ ജോസഫ് വിതയത്തിൽ ബി. എ. എൽ. ടി. അവർകളുടെ അദ്ധ്യക്ഷതയിൽ ഡിസംബർ 11-ാംനു ആഘോഷിക്കപ്പെട്ടിരിക്കുന്നു. മി. പി. ജെ. ജോസഫ് ബി. എസ് സി., മി. എം. പി. ദേവസ്സി എന്നിവർ പ്രസംഗിച്ചു.

—ചങ്ങനാശേരി സെൻറ് വിൻസെൻറ് ഡി പോൾ സൊസൈററിയുടെ 10-ാമതു വാർഷികം ഡിസ. 11-ാംനു റവ. ഫാ. കാവുകാട്ട് ബി എ. അവർകളുടെ അദ്ധ്യക്ഷതയിൽ നടത്തപ്പെട്ടു. ശ്രീ കെ. എസ്. ആൻറണി എം. എ., ശ്രീ എം. ടി. ജോൺ ബി. എ. എന്നിവ പ്രസംഗങ്ങൾ ചെയ്യുകയുണ്ടായി.

—വടയാർ സ്ഥാപിതമായിരിക്കുന്ന "സെൻറ് മേരീസ് ബുക്സ്റ്റാൾ" എന്ന പുസ്തകശാലയുടെ ഉൽഘാടനം ഡിസ. 11-ാംനു നിർവ്വഹിക്കപ്പെട്ടിരിക്കുന്നു.

—കരാഞ്ചിറ സെൻറ് വിൻസെൻറ് ഡി പോൾ സംഘത്തിന്റേയും മരിയാസഖ്യത്തിന്റേയും സംയുക്തവാർഷികം ഡിസംബർ 18-ാംനു എറണാകുളം അതിരൂപതാ വികാരിജനറാൾ റൈററ് റവ. മോൺ. മാത്യു പോത്തനാമൂഴി പി എച്ച്. ഡി. ഡി. ഡി അവർകളുടെ അദ്ധ്യക്ഷതയിൽ നടത്തപ്പെട്ടു. റവ ഡോക്ടർ ജോസഫ് പാറേക്കാട്ടിൽ, പ്രൊഫസർ ടി. ജെ. ജോബ് എം. എ. എന്നിവർ പ്രസംഗിച്ചു. വിൻസെൻറ് ഡി പോൾ സഖ്യം കഴിഞ്ഞവർഷത്തിൽ 1071 ക. 3 ണ. 11 പൈ ധർമ്മകാര്യങ്ങൾക്കായി ചെലവാക്കിട്ടുള്ളതായറിയുന്നു.

(താമസിച്ചുകിട്ടുന്ന വാർത്തകൾ പ്രസിദ്ധംചെയ്യുന്നതല്ല.)




## കവർച്ചിത്രം

ഫാത്തിമാമാതൃസ്വരൂപം യൂറോപ്പിൽ എത്തിയ അവസരത്തിൽ എടുത്ത ഫോട്ടോ എൻലാർജ്ജു ചെയ്തതാണ് 1-ാം പേജിൽ ചേർത്തിരിക്കുന്നതു്.

## ഫാദർ ജോനസ്

ഷെവലിയർ ജോസഫ് തളിയത്ത് അവർകളുടെ പുത്രൻ റവ. ഫാദർ ജോനസ് സി. ഡി. റോമിൽ ഉപരിവിദ്യാഭ്യാസം നിർവ്വഹിച്ചുവരികയാണ്. ഇക്കഴിഞ്ഞ ഒഴിവുകാലം അദ്ദേഹം ലിസ്ബണിലാണു ചെലവഴിച്ചതു്. അതിനിടക്കു ഫാത്തിമ സന്ദർശിക്കുകയും ഒരാഴ്ച അവിടെ വസിക്കുകയും ചെയ്തു. അദ്ദേഹം സ്വപിതാവിനയച്ചുകൊടുത്ത ഫോട്ടോകളാണു 16-ാം പേജിൽ ചേർത്തിരിക്കുന്നതു്. വിശേഷാൽപ്രതിയിൽ അടിക്കുന്നതിനായി പ്രസ്തുത ചിത്രങ്ങൾ അയച്ചുതന്നതിനു് ഷെവലിയർ തളിയത്തിനോടു ഞങ്ങൾക്കുള്ള കൃതജ്ഞത രേഖപ്പെടുത്തിക്കൊള്ളുന്നു.

## കൃതജ്ഞത



ബ. അൽഫോൻസാമ്മയുടെ മാദ്ധ്യസ്ഥതാൽ ഉദ്ദിഷ്ടകാര്യം സാധിച്ചതിനു കൃതജ്ഞത.

ടി. ഒ. സേവ്യർ, കടവന്ത്ര

## ചരമം

കോടിക്കുളം, ശ്രീ കല്ലറക്കൽ ചാക്കൊ ചാക്കൊ 53-ാമത്തെ വയസ്സിൽ ഡിസംബർ 11-ാംനു നിര്യാതനായിരിക്കുന്നു.

—കോട്ടക്കാട്ടു ചാലിശ്ശേരി താരു ഔസേപ്പ് 74-ാമത്തെ വയസ്സിൽ ഡിസ. 16-ാംനു നിര്യാതനായിരിക്കുന്നു.

—കാത്തൂർ ലീജ്യൻ ഓഫ് മേരി സെക്രട്ടറിയായിരുന്ന മറിയാമ്മ ജോസഫ് കരിമാററം ഡിസ. 2-ാംനു നിര്യാതയായിരിക്കുന്നു. R. I. P.


## സത്യദീപം വരിസംഖ്യ

| | | |
|---|---|---|
| പ്രതിവർഷം | അഞ്ചൽ | ക. 6—0—0 |
| പ്രതിവർഷം | തപാൽ | " 6—8—0 |
| ഇൻഡ്യക്കു | പുറമെ | " 8—0—0 |


## വിജ്ഞാപനം

ക്രിസ്തുമസ് പ്രമാണിച്ച് ഓഫീസ് ഒഴിവാകയാൽ അടുത്തയാഴ്ചയിൽ പത്രമുണ്ടായിരിക്കുന്നതല്ല.


Permissu Ecclesiastico
Printed & Published by
K. L. Vackey
at the Mar Louis Memorial Pre
Ernakulam





# ദി ഫെഡറൽ ബാങ്ക് ക്ളിപ്തം

(ക്ലിപ്തബാദ്ധ്യതയോടുകൂടി തിരുവിതാംകൂർ കൊച്ചി ഐക്യസംസ്ഥാനത്തു രജിസ്റ്റർ ചെയ്യപ്പെട്ടതു്)

## H. O. ആലുവാ

ബ്രാഞ്ചുകൾ: അങ്കമാലി, പെരുമ്പാവൂർ, എറണാകുളം

വാഗ്ദത്തമൂലധനം ക. 2,85,720. അടച്ചുതീത്ത മൂലധനവും, റിസർവ്വും ക. 1,35,190.

## നായകന്മാർ

ക്യാപ്ററൻ ഫ്റാൻസിസ് പാനികുളം
B. A., M. B. B. S., D. A. (Eng.) ചെയർമൻ

ശ്രീ തട്ടിൽ കൊച്ചുവറീതു, Ex-M. L. C., തൃശ്ശൂർ
" യു. ജെ. മത്തായി, മുനിസിപ്പൽ ചെയർമൻ, ആലുവാ.
" പി. കെ. കുര്യാക്കോസ് Ex-M. L. A., കോതമംഗലം
" കെ. സി. എം. മേത്തർ, M. L. A., എറണാകുളം
" എബ്രാഹം വടക്കഞ്ചേരി, ആലുവാ.
" ടി. എസ്സ്. കൃഷ്ണസ്വാമി അയ്യർ, ഏജൻറ, K. D. H. P. C., ആലുവാ
" പോൾ മംഗലി, തുറവൂർ
" കെ. പി. ഉമ്മീസ് B. A., B. L. (മാനേജിംഗ് ഡയറക്ടർ)

എല്ലാവിധ ബാങ്കിംഗ് പ്രവത്തനങ്ങളും
കാര്യക്ഷമമായും തൃപ്തികരമായും ചെയ്തുകൊടുക്കുന്നതാകുന്നു.

## ബിസിനസ്സ് വ്യവസ്ഥകൾ

### 1 കറൻറ ഡെപ്പോസിററുകൾ

25000 ക. വരെ 1 ശതമാനവും കൂടുതൽ തുകകൾക്കു പ്രത്യേക നിശ്ചയമനുസരിച്ചുള്ള പലിശയും നല്കുന്നതായിരിക്കും. അക്കൗണ്ടു തുടങ്ങുന്നതിനു ചുരുങ്ങിയ തുക, 100 രൂപാ മാത്രം.

### 2 സേവിംഗ്സ് അക്കൗണ്ടു

അഞ്ചുറുപ്പികയുണ്ടെങ്കിൽ ഒരു സേവിംഗ്സ് അക്കൗണ്ടു് ആരംഭിക്കാം. പലിശനിരക്കു് 3%. ഒരാഴ്ചയിൽ 500 രൂപാവരെ ചെക്കുകൾ മൂലം പിൻവലിക്കാവുന്നതാണു്.

### 3 ഫെഡറൽ സേവിംഗ്സ് ഫണ്ടു

പ്രതിമാസികമായോ, ത്രൈമാസികമായോ, അർദ്ധവാർഷികമായോ നിക്ഷേപിക്കപ്പെടുന്ന ചെറിയതുകകൾ ഒരു നിശ്ചിതകാലാവധിക്കുശേഷം ഒരു നല്ല ലാഭത്തോടുകൂടി ഒന്നായിട്ടു ലഭിക്കുന്നതിനുള്ള ഒരു പദ്ധതിയാണിതു്. ഒരു ചിട്ടിയുടെ എല്ലാ ഗുണങ്ങളുമുള്ളതും, എന്നാൽ ചിട്ടിയിൽ ചേരുന്നവർക്കു് സാധാരണയായി അനുഭവപ്പെടാറുള്ള അസൗകര്യങ്ങൾ ഇല്ലാത്തതും, കൂടുതൽ ആദായകരവും, ആയ ഒരു നവീനപദ്ധതി. അടച്ചിരിക്കുന്ന തുകയുടെ ഈടിന്മേൽ ചുരുങ്ങിയ പലിശക്കു് പണം കടമെടുക്കുവാനുള്ള സൗകര്യവും ഇതിൽ ചേരുന്നവക്കു ചെയ്തുകൊടുത്തിട്ടുണ്ടു്. ഓവർഡ്രാഫ്ട് അനുവദിക്കുന്ന കാര്യത്തിലും ഫണ്ടിൽ ചേരുന്നവക്കു പ്രത്യേകപരിഗണനയുണ്ടായിരിക്കുന്നതാണു്.

### 4 ക്യാഷ് സർട്ടിഫിക്കെററുകൾ

100, 500, 1000, 5000, രൂപാവിലക്കുള്ള ക്യാഷ് സർട്ടിഫിക്കെററുകൾ ബാങ്കിൽനിന്നും വിററുവരുന്നു. വിൽപനവില യഥാക്രമം 80, 400, 800, 4000, രൂപവീതമാണു്. മുപ്പതു് ദിവസത്തെ നോട്ടീസ്സു് കൊടുത്തു് ആവശ്യപ്പെടുമ്പോൾ തിരിച്ചെടുക്കത്തക്ക സൗകര്യവും ഇതിനു പ്രത്യേകമായുണ്ടു്.

### 5 സ്ഥിരകാലനിക്ഷേപങ്ങൾ

ആറുമാസത്തേക്കു 4, ഒരു കൊല്ലത്തേക്കു 4%, രണ്ടു വഷത്തേക്കു 5, മൂന്നു വഷത്തേക്കു 5%, എന്നീ നിരക്കിൽ പലിശ ലഭിക്കുന്നതാണു്. ജൂൺ 30, ഡിസംബർ 30, എന്നീ തീയതികളിലാണു് നിക്ഷേപകക്കു പലിശ അയച്ചുകൊടുക്കുന്നതു്. ധമ്മസ്ഥാപനങ്ങൾക്കു് പ്രത്യേകം സൗജന്യനിലയിൽ മാസംതോറും പലിശ നൽകുന്നതിനും സൗകര്യപ്പെടുത്തുന്നതാണു്.

### 6 ഷോർട്ട്നോട്ടീസ് ഡെപ്പോസിററ

ടി നിക്ഷേപങ്ങൾ 7 ദിവസത്തെയോ, 15 ദിവസത്തെയോ, നോട്ടീസ്സിനു ശേഷം പിൻവലിക്കാവുന്നതു്. യഥാക്രമം 2 ശതമാനവും 4 ശതമാനവും വീതം പലിശ ലഭിക്കുന്നതുമാകുന്നു.

### 7 കടവായ്പകൾ

സ്വർണ്ണപ്പണ്ടങ്ങൾ, അംഗീകൃതകച്ചവടസാധനങ്ങൾ, ഗവമ്മെണ്ടു് കടപ്പത്രങ്ങൾ, അംഗീകൃതകമ്പനിഷെയറുകൾ മുതലായവയുടെ ഉറപ്പിന്മേൽ കടവായ്പ അനുവദിക്കുന്നതാണു്.

### 8 ട്രഷറി റമിററൻസ്

ആദായനികുതി, വില്പനനികുതി, വാഹനനികുതി, മുതലായ ഇനങ്ങളിൽ ഗവമ്മേണ്ടു് ട്രഷറികളിൽ പണമടയ്ക്കുന്നതിനു ഞങ്ങൾ വേണ്ട സൗകര്യങ്ങൾ ചെയ്തുകൊടുക്കുന്നതാണു്. കൂടാതെ ഗവമ്മേണ്ടു് ചെക്കുകൾ, ബില്ലുകൾ, മുതലായവ മാററി പണം കൊടുക്കുന്നതുമാകുന്നു.

### 9 ജനറൽ

മുൻപറഞ്ഞ സേവനങ്ങൾക്കുപുറമേ, ചെക്കു, ബില്ല മുതലായവ കളക്റ്റുചെയ്യുക, ഡിസ്കൗണ്ടു് ചെയ്യുക, സ്വർണ്ണം, കമ്പനിഷെയറുകൾ കക്ഷികൾക്കുവേണ്ടി വാങ്ങിക്കുക, വില്ക്കുക, വാടകപിരിയ്ക്കുക, ഇൻഷ്വറൻസ് പ്രീമിയം അടയ്ക്കുക, മഷീൻ തുടങ്ങിയവ കീറിയതും വിനിമയം നിഷേധിക്കപ്പെട്ടതുമായ കറൻസിനോട്ടുകൾ മാററിക്കൊടുക്കുക, മുതലായ മററു ബാങ്കിംഗ് സേവനങ്ങളും ഏററവും തൃപ്തികരവും സൗകര്യപ്രദവുമായരീതിയിൽ ചെയ്തുകൊടുക്കുന്നതാകുന്നു

കൂടുതൽ വിവരങ്ങൾക്കു ഹെഡാഫീസ്സിലോ, ബ്രാഞ്ചുകളിലോ, അന്വേഷിക്കുക.

## ഫ്റീ ഇൻഡ്യാ ബാങ്ക് ക്ലിപ്തം, കോട്ടയം

തിരുവിതാംകൂറിൽ രജിസ്റ്റാക്കപ്പെട്ടതു്

ഓഹരി ഉടമസ്ഥന്മാരുടെ ബാദ്ധ്യത ക്ലിപ്തം

| | | | | |
|---|---|---|---|---|
| പലിശനിരക്കു് കറൻറു് | 1% | 6 മാസം കാലാവധി | | 4 |
| സേവിംഗ്സ് | 3% | 12 | „ | 4½% |
| ഷോർട്ടു് നോട്ടീസ് | 3% | 24 | „ | 5% |
| | | 36 | „ | 5½% |

ഇതിനുംപുറമെ ആവശ്യക്കാർക്കു 6 ശതമാനം പലിശ ലഭിക്കുന്ന ത്രിവത്സരക്യാഷ് സർട്ടിഫിക്കറ്റുകളും വാങ്ങാവുന്നതാണു്. ബ്രാഞ്ചുകൾ: കോട്ടയം, കോതമംഗലം, രാമപുരം, പാലാ, കിടങ്ങൂർ, പൊൻകുന്നം, നെടുംകുന്നം, ചങ്ങനാശ്ശേരി, ഉല്ലല.


ചെറുകഥ

# സഖാവു ശേഖർ

(പി. ജെ. മാത്യു കടക്കച്ചിറ)

“ശേകരനു് മൂന്നുവയസ്സോളപ്പം അവന്റെ അച്ഛൻ ചത്തതാ; അന്നു മൊതൽ ഈ ഓറ ഒരുത്തീടെ പുത്തിമുട്ടാ അവനെ വളത്തി പ്രാഞ്ചാറാക്കിയതു്.”

ആത്മാഭിമാനത്തിൽ ഉയർന്ന സംതൃപ്തിയോടെ തന്റെ പൂർവ്വകാലസ്മരണകളെ അയൽവക്കത്തെ പെണ്ണുങ്ങളുടെ മുമ്പിൽ അറുപത്തിയഞ്ചു കഴിഞ്ഞ ആ വയസ്സി ഉന്നവയ്ക്കാറുണ്ടു്. ആരുടെ മുമ്പിലും ആ പരമാർത്ഥം തുറന്നുപറയുവാൻ അവൾ മടിക്കാറില്ല. ശേഖരനു വയസ്സു് മുപ്പത്തിയാറു കഴിഞ്ഞെങ്കിലും—ഭാര്യയും അഞ്ചാറു കുട്ടികളുമുണ്ടെങ്കിലും—ആ തള്ളയ്ക്കു് അവൻ ഇന്നും ചെറുപ്പമാണു്.

അതു് അങ്ങനെതന്നെയാണു്. എത്ര പ്രായമായാലും തങ്ങളുടെ മക്കൾ ചെറുപ്പമാണെന്നാണു് മാതാക്കളുടെ ഭാവം.

അഞ്ചാറു കൊല്ലമായിട്ടു് കുടുംബഭരണം അവൾ ശേഖരനെ ഏല്പിച്ചിരിക്കുകയാണു്. “കൊച്ചുശേകര”നു് അതിനുള്ള സാമർത്ഥ്യം ഉണ്ടെന്നു് ആ തള്ളയ്ക്കു് അറിയുകയും ചെയ്യാം. തടിച്ചു കൊഴുത്ത ആ കുട്ടികൃഷ്ണനെ കാണുമ്പോൾ, മാതൃത്വത്തിന്റെ ഒരു കിക്കിളി ജരപിടിച്ച അവരുടെ ദേഹത്തിൽക്കൂടി ഓടിനടക്കാറുണ്ടു്.

ശേഖരൻ ഒരു അദ്ധ്വാനശീലനാണു്. ചില ദിവസങ്ങളിൽ അഞ്ചു രൂപാവരെ കൂലികിട്ടത്തക്കവണ്ണം അവൻ തെങ്ങു കയറാറുണ്ടു്. തരപ്പടിക്കാരെ അതിശയിപ്പിക്കത്തക്കവണ്ണം ആ കലയിൽ അവൻ അത്ര സമർത്ഥനാണു്. ഇരുപത്തഞ്ചാളുകൾ വീതം പ്രതിദിനം ജോലിചെയ്തുകൊണ്ടിരുന്ന ആ വലിയ തെങ്ങിൻതോപ്പിന്റെ കാവൽക്കാരനും കാര്യസ്ഥനും അവൻതന്നെയാണു്. വിശ്വസ്തനായ ആ തൊഴിലാളിയെ അവന്റെ മുതലാളി പരിപൂർണ്ണമായി വിശ്വസിച്ചിരുന്നു.

ചുറുചുറുക്കോടെ ശേഖരനും കൂട്ടുകാരുംകൂടി ഒരു ദിവസം ജോലിചെയ്തുകൊണ്ടിരിക്കുകയാണു്. അപ്രതീക്ഷിതമായി ഒരു ജൂബാക്കാരൻ അവിടെ ആഗതനായി. ആ പട്ടണവേഷധാരി ആരെന്നറിയുവാൻ അവർ അവന്റെ ചുററുംകൂടി. കാര്യഗൗരവം അദ്ദേഹത്തിന്റെ മുഖത്തു് സ്ഫുരിക്കുന്നുണ്ടായിരുന്നു. എങ്കിലും വശീകരണാത്മകമായ ഒരു പുഞ്ചിരി അവരെ അദ്ദേഹത്തോടടുപ്പിച്ചു. തൊഴിലാളികൾ തനിയെ ജോലി ചെയ്യുന്ന ഒരു സ്ഥലമാണു് അതെന്നു് മനസ്സിലാക്കിയ അദ്ദേഹം ഒരു സഖാവിനു സഹജമായ വിധത്തിൽ തന്റെ പ്രസംഗം ആരംഭിച്ചു.

സാധുക്കളുടെ ഹൃദയരക്തം ഊററിക്കുടിക്കുന്ന മുതലാളിവർഗ്ഗത്തിന്റെ അധർമ്മത്തെ നിശിതമായ ഭാഷയിൽ അയാൾ ഭർത്സിച്ചു. തൊഴിലാളികളുടെ കഷ്ടതകളെ ഹൃദയാവർജ്ജകമാംവണ്ണം അദ്ദേഹം വിവരിച്ചു. മുതലാളികൾക്കുവേണ്ടി സ്വരക്തം വിയർപ്പാക്കി മാറ്റുന്ന സാധു തൊഴിലാളികളുടെ അറിവില്ലായ്മയെ ആ സഖാവു് അപലപിച്ചു. ഇതിനൊക്കെ അന്തംവരുത്തുവാൻ എന്താണു മാർഗ്ഗമെന്നും ആ പതിതോദ്ധാരകൻ നിർദ്ദേശിച്ചു. തൊഴിലാളികൾ സംഘടിക്കേണ്ടതിന്റെ ആവശ്യകതയെപ്പററി “ആ തൊഴിലാളിസ്നേഹി” എടുത്തുപറഞ്ഞു. കൂടാതെ അവരുടെയിടയിൽ ഒരു സംഘടന സ്ഥാപിക്കണമെന്നും നേതൃസ്ഥാനത്തേക്കു് ഒരാളെ തിരഞ്ഞെടുക്കണമെന്നും അയാൾ അവരെ ധരിപ്പിച്ചു. അവരുടെ ഏകകണ്ഠമായ നിർദ്ദേശാനുസരണം ശേഖരൻതന്നെ ആ കൊച്ചുസംഘത്തിന്റെ അദ്ധ്യക്ഷസ്ഥാനത്തേക്കുയർന്നു. സംഘടനയുടെ നടത്തിപ്പിനു് പണം ആവശ്യമായതുകൊണ്ടു് മാസംതോറും ഒരു തുക വരിസംഖ്യയിനത്തിൽ ഓരോരുത്തരും നല്കണമെന്നും അയാൾ ഉൽബോധിപ്പിച്ചു.

അങ്ങനെ മുതലാളിവിദ്വേഷവിഷം നിഷ്കളങ്കരായ ആ തൊഴിലാളികളിൽ ഒരു കൊതുകിന്റെ സാമർത്ഥ്യത്തോടെ ആ സഖാവു് കുത്തിവച്ചു. അയാളുടെ വാഗ്ധാടിയുടെ മുമ്പിൽ ആ പാവങ്ങൾ തലകുനിച്ചു അദ്ദേഹത്തിന്റെ ആജ്ഞാനുവർത്തികളായിരുന്നുകൊള്ളാമെന്നു് അവർ വാക്കുകൊടുത്തു. മനശ്ശാസ്ത്രവിദഗ്ദ്ധനായ ആ സഖാവു് ശേഖരന്റെ പേർ ആദ്യം കുറിച്ചെടുത്തു. തുടർന്നു മററുള്ളവരുടെയും. അടുത്ത ഞായറാഴ്ച പട്ടണത്തിൽവച്ചു് ഒരു മീററിംഗ് കൂടുന്നുണ്ടെന്നും അതിൽ അവർ എല്ലാപേരും വന്നു ചേരണമെന്നും ആ സഖാവു് ഉൽബോധിപ്പിച്ചു.

മീററിംഗിന്റെ ദിവസം വന്നു. ശേഖരനും കൂട്ടുകാരും യോഗസ്ഥലത്തേക്കു് ധൃതിയിൽ പോകുകയാണു്. മദ്ധ്യാഹ്നസൂര്യന്റെ ഉഗ്രവീക്ഷണം ഭൂമിദേവിയിൽ രൂക്ഷമായി പതിക്കുന്നുണ്ടെങ്കിലും തെരുവീഥികളിൽ തട്ടിവരുന്ന മന്ദപവനൻ അവരെ വീശി ആശ്വസിപ്പിച്ചുകൊണ്ടിരുന്നു. മേഘഗർജ്ജനം പോലെ അങ്ങിങ്ങായി കേൾക്കാം ‘ഇങ്കിലാബു് സിന്ദാബാദ്’ വിളികൾ. ഒരു നവോഢയുടെ ലജ്ജ ആദ്യമാദ്യം അയാളെ ബാധിച്ചിരുന്നുവെങ്കിലും തെല്ലും മടിച്ചില്ല. മുഷ്ടി ചുരുട്ടി അന്തരീക്ഷത്തിൽ ചലിപ്പിച്ചുകൊണ്ടു് ശേഖരനും മുഴക്കി “ഇങ്കിലാബു് സിന്ദാബാദ്”.

മുദ്രാവാക്യങ്ങളോടുകൂടി മീററിംഗ് ആരംഭിച്ചു. പലരുടെയും തീപ്പിടിപ്പൻ പ്രസംഗങ്ങൾക്കുശേഷം, പട്ടണം ചുററിയുള്ള ഘോഷയാത്രയും കഴിഞ്ഞു്, ഒരു വെടിക്കെട്ടു കഴിഞ്ഞ പ്രതീതിയോടെ ആളുകൾ പിരിഞ്ഞുതുടങ്ങി. പണ്ടത്തെ ആ ജൂബാക്കാരൻ സഖാവു് ശേഖരനെ എങ്ങോട്ടോ വിളിച്ചുകൊണ്ടുപോയി.

അന്നു വളരെ വൈകിയതിന്റെ ശേഷമാണു് ശേഖരൻ അവന്റെ വീട്ടിൽ തിരിച്ചെത്തിയതു്. ഒററമുണ്ടോടുകൂടി മീററിംഗ് കൂടാൻപോയ ശേഖരൻ ഒരു ജൂബായിൽ ഇറങ്ങിത്തിരിച്ചുവന്നതു കണ്ടപ്പോൾ സൗന്ദര്യവികാരത്തിന്റെ ചില മിന്നൽപ്പിണരുകൾ മിസ്സസ് ശേഖരന്റെ ഹൃദയത്തിൽ മിന്നിപ്പൊലിഞ്ഞു.

“ഇതെന്താ വല്ല ഉദ്യോഗോം കിട്ടിയോ?” ശേഖരന്റെ ഭാര്യ കളിയായി ചോദിച്ചു.

“എടീ ഈ മുതലാളിമാർക്കു മാത്രമല്ല ഉദ്യോഗം ഭരിക്കാവുന്നതു്.” അവളുടെ മുഖത്തിലെ ഹാസ്യരസത്തിൽ ശേഖരനുണ്ടായ കോപം പ്രദർശിപ്പിച്ചു. “നമ്മുടെ ചുടുരക്തം ഊററിക്കുടിക്കുന്ന ഖലന്മാരാണു് ഈ മുതലാളിമാർ. ഇവരുടെ ചൂഷണത്തിനൊരന്തം വരുത്താതെ ഈ സഖാവു ശേഖർ ഇനി ജീവിക്കുന്നില്ല.” മീററിംഗിൽ കേട്ട പ്രസംഗങ്ങൾ അതേപടി പകർത്തുവാൻ അയാൾ ശ്രമിച്ചു. അങ്ങനെ സഖാവു ശേഖറിന്റെ ആദ്യത്തെ പ്രസംഗം ഒരു ചുഴലിക്കാററുപോലെ ആ കൊച്ചുകുടിലിലെ അന്തരീക്ഷത്തിൽ ചുററിയടിച്ചു.




“അങ്ങേട്ടെ ഈ ഉടുപ്പു് ഇന്നു കിട്ടീതാ?” ബാലിശമായ ഒരു ജിജ്ഞാസ അതറിയുവാൻ അവളെ പ്രേരിപ്പിച്ചു.

“പാർട്ടിയിൽനിന്നും എനിക്കു സമ്മാനിച്ചതാണു്.” അയാൾ അഭിമാനത്തോടെ മറുപടിപറഞ്ഞു. ഈ മുതലാളിമാരുടെ സ്വത്തുക്കൾ പങ്കുവയ്ക്കുന്ന ഒരു കാലം അധികം ദീർഘമല്ല.” ആ ചെറുസഖാവു ദീർഘദർശനം ചെയ്തു.

“എന്റീശ്വരാ എന്തൊക്കെയാണോ ഇപ്പറേണെ!” സഖാവിന്റെ ഭാര്യ ആത്മഗതം ചെയ്തു.

“ഈശ്വരൻ! ആരാടീ ഈശ്വരനെ കണ്ടിട്ടുള്ളതു്? മേലാൽ ആ ശബ്ദം ഇവിടെ കേട്ടുകൂടാ.” ആ സഖാവു് അയാളുടെ നാസ്തികത്വത്തെ അവിടെ പ്രഖ്യാപനംചെയ്തു. അല്ലാ, ആ വീട്ടിലുള്ളവരും അങ്ങനെയായിത്തീരണമെന്നു് അയാൾക്കു നിർബന്ധമുണ്ടു്.

തന്റെ മകന്റെ ജീവിതത്തിൽ വിപ്ലവപരമായ ഈ ഭാവവ്യത്യാസം കണ്ട ആ വൃദ്ധ, ശേഖരന്റെ നാസ്തികപ്രഭാഷണം കേട്ടപ്പോൾ ഞെട്ടിപ്പോയി.

“ശേകരാ! എന്താന്നാ മകനെ നീ ഇപ്പറേണേ!” ആ വൃദ്ധ മകനെ ഗുണദോഷിക്കാൻ മുതിർന്നു.

“ഞാൻ ശേകരനല്ലാ, സഖാവ ശേഖർ. മേലാൽ എന്നെ ശേകരാ എന്നു വിളിക്കണ്ടാ.” അയാൾ ജീവിതത്തിൽ ആദ്യമായി തന്റെ തള്ളയ്ക്കു താക്കീതു കൊടുത്തു.

രജനിയുടെ യാമങ്ങൾ രണ്ടുമൂന്നു കഴിഞ്ഞപ്പോൾ നിദ്രാദേവി ശേഖരനെയും തലോടിയുറക്കി. സന്തപ്തയായ ആ വൃദ്ധമാത്രം രാത്രിമുഴുവൻ ഹൃദയമുരുകി പ്രാർത്ഥിച്ചുകൊണ്ടിരുന്നു, മകനു നല്ല ബുദ്ധി തോന്നിക്കുവാൻ.

ദിവസങ്ങൾ ഇഴഞ്ഞിഴഞ്ഞു് മുമ്പോട്ടു നീങ്ങി. സഖാവു വീട്ടിലിരുന്ന ദിവസങ്ങൾ തന്നെ നന്നേ ചുരുങ്ങി. നൈററുക്ലാസുകൾ കായികമായും മാനസികമായും അയാളെ ഒരുപടികൂടി ഉയർത്തി. തപ്പിത്തടഞ്ഞു പ്രസംഗിക്കുവാൻ മാത്രം ആശയങ്ങളും അയാളുടെ സ്വാധീനതയിൽ വന്നു. മൂന്നുനാലു മാർച്ചിംഗ് ഗാനങ്ങളും, അരഡസൻ മുദ്രാവാക്യങ്ങളും അയാൾ സദാ ഉരുവിടാറുണ്ടു്.

ദാരിദ്ര്യമില്ലാതെ നിത്യവൃത്തി കഴിച്ചുവന്ന ആ കൊച്ചുകുടുംബം പട്ടിണിയിൽക്കൂടിയും, അലംഭാവത്തിൽക്കൂടിയും മുമ്പോട്ടു നീങ്ങുകയാണു്. എങ്കിലും ഒരു സന്നദ്ധഭടന്റെ വീറോടെ അയാൾ തലയുയർത്തിനടന്നു.

* * *

ഒരു സായംകാലം. എങ്ങുനിന്നോ മഴ ഇരച്ചുവരുന്നതുപോലെ ഒരു ശബ്ദകോലാഹലം. ശേഖർ ചെവിവട്ടം പിടിച്ചു. സ്വരം അടുത്തടുത്തു വന്നു. വെടിയുടെയും, നിലവിളികളുടെയും മാറെറാലി സ്പഷ്ടമായി കേൾക്കാമായിരുന്നു. ശേഖർ തയ്യാറാക്കിവച്ചിരുന്ന കുന്തം കൈയിലെടുത്തുകൊണ്ടു മുററത്തേക്കു ചാടി. ആ വൃദ്ധ മകന്റെ ബലിഷ്ഠബാഹുവിൽ കടന്നുപിടിച്ചു. ഭാര്യയും കുഞ്ഞുങ്ങളും മുറവിളികൂട്ടി.

പുത്രകളത്രാദികളുടെ ആർത്തനാദം ഒരുവശത്തു്, സ്വസഖാക്കളുടെ ജയനിനാദം മറുവശത്തു്. ഇതികർത്തവ്യതാമൂഢനായ ആ ശുദ്ധഹൃദയൻ നിശ്ചേഷ്ടനായി—ചിന്താഗ്രസ്തനായി—ഒട്ടു നേരം അവിടെനിന്നു പോയി. ആ നിലവിളികൾക്കിടയിലും മുഴങ്ങിക്കേട്ടിരുന്ന “ഇങ്കിലാബു്” വിളികൾ ആ സഖാവിനെ വീറുപിടിപ്പിച്ചു. “ഇങ്കിലാബു് സിന്ദാബാദ്” കൈ കുടഞ്ഞുകൊണ്ടു് ആ കമ്മ്യൂണിസ്റ്റു് ധർമ്മഭടൻ മുന്നോട്ടാഞ്ഞു.

* * *

അനേകം മൃതദേഹങ്ങൾക്കു സാക്ഷിനില്ക്കുവാനായി ഉയർന്ന അന്നത്തെ ചന്ദ്രിക മങ്ങിമങ്ങി പ്രകാശിച്ചു. അർദ്ധപ്രാണനായ സഖാവു ശേഖറിനെ രണ്ടുപേർകൂടി വഹിച്ചുകൊണ്ടു വരുന്നു. വൃദ്ധയായ അവന്റെ തള്ള ഉൾക്കരുത്തില്ലാതെ നിലംപതിച്ചു.

സ്വമാതാവിനെയും, തന്റെ അരുമക്കുഞ്ഞുങ്ങളെയും, പ്രേമഭാജനത്തെയും, എന്നന്നേക്കും നിരാധാരരാക്കിയിട്ടു് അടുത്ത പുലരിക്കുമുമ്പു് സഖാവു ശേഖർ അഥവാ, ആ കമ്മ്യൂണിസ്റ്റു് ധർമ്മഭടൻ—അന്ത്യശ്വാസം വലിച്ചു.




വേദശാസ്ത്രപംക്തി

## പാപസങ്കീർത്തനം

### V

### ദിവ്യസ്ഥാപനം

ഏതുപാപത്തിനും പൊറുതിനൽകുവാൻ ശക്തിയുള്ള പാപസങ്കീർത്തനമെന്നകൂദാശ മനുഷ്യരിൽ ആരെങ്കിലും സങ്കല്പിച്ചുണ്ടാക്കിയതല്ല. ദൈവമനുഷനായ മിശിഹാതന്നെ കല്പിച്ചേർപ്പെടുത്തിയതാണു്. വെളിപാടിൻെറ രണ്ടു കലവറകളായ വേദപുസ്തകവും വിശുദ്ധ പാരമ്പര്യവും നിഷ്പക്ഷബുദ്ധ്യാ പരിശോധിക്കുന്ന ആക്കും ഇപ്പറഞ്ഞതിനെ സ്ഥാപിക്കയും സമർത്ഥിക്കയുംചെയ്യുന്ന പല സാക്ഷ്യങ്ങളും സ്പഷ്ടമായി കാണ്മാൻകഴിയും.

കേസറിയാപ്രദേശത്തുവച്ചു വി. പത്രോസ്, "നീ ജീവനുള്ളദൈവത്തിൻെറ പുത്രനായ മിശിഹായാകുന്നു," എന്നു പരസ്യമായി പ്രഖ്യാപനംചെയ്തു. ഇതിൽ പാരം സംപ്രീതനായ ക്രിസ്തു പത്രോസിനു നൽകിയ സംഭാവന ഒരു മഹാവാഗ്ദാനമായിരുന്നു. "പത്രോസേ, നീ പാറയാകുന്നു; ഈ പാറയിന്മേൽ എൻെറപള്ളി ഞാൻ പണിയും ………സ്വർഗ്ഗരാജ്യത്തിൻെറ താക്കോലുകൾ നിനക്കു ഞാൻ തരും; നീ ഭൂമിയിൽ കെട്ടുന്നതെല്ലാം സ്വർഗ്ഗത്തിൽ കെട്ടപ്പെട്ടിരിക്കും; നീ ഭൂമിയിൽ അഴിക്കുന്നതു സ്വർഗ്ഗത്തിലും അഴിക്കപ്പെട്ടിരിക്കും." (മത്തായി 16,-18. 19) സഭയുടെ പരമാദ്ധ്യക്ഷനെന്നനിലയ്ക്കു വി. പത്രോസിനു വാഗ്ദാനംചെയ്യപ്പെട്ട കെട്ടുവാനും അഴിക്കുവാനുമുള്ള ശ്രേഷ്ഠാധികാരം, വേറൊരവസരത്തിൽ അദ്ദേഹത്തിൻെറ സഹപ്രവർത്തകന്മാരായ ഇതരശ്ലീഹന്മാക്കും ക്രിസ്തു വാഗ്ദാനംചെയ്യുകയുണ്ടായി. "ഞാൻ സത്യമായി നിങ്ങളോടു പറയുന്നു: നിങ്ങൾ ഭൂമിയിൽ കെട്ടുന്നതെല്ലാം സ്വർഗ്ഗത്തിൽ കെട്ടപ്പെട്ടിരിക്കും; നിങ്ങൾ ഭൂമിയിൽ അഴിക്കുന്നതു സ്വർഗ്ഗത്തിലും അഴിക്കപ്പെട്ടിരിക്കും." (മത്ത. 18, 18)

അലങ്കാരഭാഷയിലാണു് ക്രിസ്തു സംസാരിക്കുന്നതെങ്കിലും ആശയം സുവിശദമാണു്. ഒരു ഭവനത്തിൻെറ താക്കോലുകൾ ആക്കെങ്കിലും ഏല്പിച്ചുകൊടുത്താൽ അതു തുറക്കുവാനും അടയ്ക്കുവാനുമുള്ള അധികാരം അയാൾക്കു സിദ്ധിക്കുന്നു. എന്നുവച്ചാൽ അയാൾക്കു ആ വീടിനെസംബന്ധിച്ചിടത്തോളം പരമാധികാരം നൽകപ്പെടുന്നു എന്നാണു സങ്കല്പം. മതഗ്രന്ഥങ്ങളിലും ഇതരകൃതികളിലും ഈ ശൈലിയുടെ സാരം ഇതാണു്. സ്വർഗ്ഗരാജ്യം എന്നപദംകൊണ്ടു ക്രിസ്തു വിവക്ഷിക്കുന്നതു സാർവ്വത്രികസഭയാണെന്നു അനന്തരവാചകം തെളിയിക്കുന്നുണ്ടു്. പത്രോസിനുമാത്രമേ "താക്കോലുകളുടെ അധികാരം" നൽകപ്പെട്ടിട്ടുള്ളു. ആകയാൽ പത്രോസിൻെറ പരമാധികാരത്തിനു കീഴ്പ്പെട്ടുകൊണ്ടാണു മററുശ്ലീഹന്മാർ തങ്ങളുടെ അധികാരം പ്രയോഗിക്കേണ്ടതു്. പ്രസ്തുതാധികാരത്തിൻെറ സ്വഭാവം തുടർന്നുള്ള വാക്കുകൾ വിശദീകരിക്കുന്നുണ്ടു്. "നിങ്ങൾ കെട്ടുന്നതെന്തോ അതു കെട്ടപ്പെടും; നിങ്ങൾ അഴിക്കുന്നതെന്തോ അതു അഴിക്കപ്പെടും." പാപം ഒന്നുമാത്രമാണു ആത്മാവിനെ ബന്ധിക്കുന്ന ചങ്ങല. ആകയാൽ ക്രിസ്തുവിൻെറ വചനങ്ങളെ ഇങ്ങനെ വ്യാഖ്യാനിക്കാം: അനുതപിക്കുന്ന ആത്മാവിൻെറ പാപശൃംഖലകളെ വെട്ടിനീക്കി ഈശ്വരസന്താനത്തിനുചേർന്ന സ്വർഗ്ഗീയസ്വാതന്ത്ര്യം പ്രദാനംചെയ്യുവാനുള്ള അദ്ധ്യാത്മാധികാരം ഞാൻ നിങ്ങൾക്കു നല്കും.

ഇങ്ങനെ വാഗ്ദാനംചെയ്യപ്പെട്ട പാപവിമോചനാധികാരം ഈശോ ശ്ലീഹന്മാക്കു പ്രത്യക്ഷത്തിൽ പ്രദാനംചെയ്തതു അവിടുന്നു ഉത്ഥാനംചെയ്ത ദിവസത്തിലാണു്. അന്നു സായാഹ്നത്തിൽ അവിടുന്നു അവർ സമ്മേളിച്ചിരുന്ന മുറിയിൽ പെട്ടെന്നു പ്രത്യക്ഷപ്പെട്ടുകൊണ്ടു കല്പിച്ചരുളി: "നിങ്ങൾക്കു സമാധാനം. എൻെറപിതാവു എന്നെ അയച്ചതുപോലെ ഞാൻ നിങ്ങളേയും അയക്കുന്നു. ഇത്രയും അരുളിച്ചെയ്തിട്ടു അവിടുന്നു അവരുടെമേൽ നിശ്വസിച്ചുകൊണ്ടുപറഞ്ഞു; നിങ്ങൾ പരിശുദ്ധാത്മാവിനെ സ്വീകരിച്ചാലും. നിങ്ങൾ ആരുടെയെങ്കിലും പാപങ്ങൾ മോചിച്ചാൽ അവ മോചിക്കപ്പെടും; എന്നാൽ ആരുടേതെങ്കിലും നിങ്ങൾ ബന്ധിച്ചാൽ അവ ബന്ധിക്കപ്പെട്ടവയായിരിക്കും." (യോ. 20, 21-23.)

മുമ്പൊരിക്കൽ മിശിഹാ ശ്ലീഹന്മാക്കും അവരുടെ ന്യായമുറയ്ക്കുള്ള പിൻഗാമികളായ മെത്രാന്മാക്കും പുരോഹിതന്മാക്കും വാഗ്ദാനംചെയ്തിരുന്ന ശ്രേഷ്ഠാധികാരം അവിടുന്നു അവക്കു അവസാനമായി നൽകിയ ചരിത്രപ്രസിദ്ധമായ രംഗമാണു വി. യോഹന്നാൻ ഏവംവിധം വിവരിച്ചിട്ടുള്ളതു്. പ്രഥമശ്രവണത്തിൽതന്നെ അവിടുത്തെ വചനങ്ങളുടെ അർത്ഥം ആക്കും നിഷ്പ്രയാസം ഗ്രഹിക്കാം. ഞാൻ നിങ്ങൾക്കു നല്കുന്ന സമാധാനം നിങ്ങളും ഈശ്വരനുമായുള്ള രമ്യതയുടെ അടയാളമായി അനുതപിക്കുന്ന ആത്മാക്കൾക്കു പ്രദാനംചെയ്താലും. എൻെറ പിതാവിൽനിന്നു എനിക്കു സിദ്ധിച്ചിട്ടുള്ള പാപവിമോചനാധികാരം ഞാൻ നിങ്ങൾക്കുംതരുന്നു. തിന്മയുടെ അരൂപി കയ്യടക്കിഭരിക്കുന്ന ആത്മാക്കൾക്കു പരിശുദ്ധാരൂപിയെ നല്കുവാൻവേണ്ടി ഞാൻ നിങ്ങൾക്കു പവിത്രാത്മാവിനെ സംഭാവനചെയ്യുന്നു. നിങ്ങളുച്ചരിക്കുന്ന അനുഗ്രഹത്തിൻെറ വിധിവാചകത്തെ ഞാൻ സ്വർഗ്ഗത്തിൽ ശരിവച്ചംഗീകരിക്കും."

(പി. കെ.)

## സംഭവകഥകൾ

### വൈമാനികർ രക്ഷപെട്ടതു്

കഴിഞ്ഞ മഹായുദ്ധകാലത്തു് ഒരമേരിക്കൻ വിമാനം കടലിൽ പതിക്കാനിടവന്നു. അതിലെ നാലു വൈമാനികർ 16 ദിവസം ഒരു റബ്ബർ റാഫ്ററിന്മേൽ പിടിച്ചുകിടന്നു. അവസാനം ഒരു ദ്വീപിൻെറ കരയ്ക്കടുത്തപ്പോൾ അവർ മുട്ടുകുത്തി പ്രാർത്ഥിച്ചുകൊണ്ടു് ദൈവത്തിനു കൃതജ്ഞത പ്രകാശിപ്പിച്ചു. അനന്തരം ഒരു ചെറുകുടിൽകെട്ടി ആ രാത്രി അവിടെ നിദ്രചെയ്തു. പിറേറദിവസം ഉണർന്നപ്പോൾ രണ്ടു ജപ്പാൻകാർ മുമ്പിൽ നില്ക്കുന്നതുകണ്ടു് അവർ ഭയവിഹ്വലരായി. ഒരുവിധത്തിൽ അവർ വനത്തിലേക്കോടി രക്ഷപെട്ടു. കുന്നും മലയും കടന്നു് അനേകദിവസം പ്രയാണംചെയ്തശേഷം അവസാനം അവർ ഒരു ചെറുഗ്രാമത്തിലെത്തി. തദ്ദേശവാസികൾ അവക്കു് സ്വാഗതമരുളിയതു രൂക്ഷമായ വീക്ഷണങ്ങളാലായിരുന്നു. തന്നിമിത്തം അമ്പരന്നവൈമാനികർ ജപമാലയെടുത്തു പ്രാർത്ഥിക്കുവാൻ തുടങ്ങി. ആ ജപമാല അവരെ രക്ഷിച്ചു. കാരണം ആ ഗ്രാമനിവാസികളെല്ലാവരും ഭക്തരായ കത്തോലിക്കരായിരുന്നു. സന്ദർശകരും കത്തോലിക്കരാണെന്നറികയാൽ, അവർ സങ്കോചമെന്യേ ആഗതക്കു് വേണ്ട സഹായങ്ങളെല്ലാം ചെയ്തുകൊടുത്തു.




### ആദ്ധ്യാത്മികശൃംഖല

"Our Savior's Call" എന്ന മാസികയിൽ ഒരാൾ ഇപ്രകാരമെഴുതുന്നു: "ഏതാനും നാളുകൾക്കുമുമ്പു് ഞാനൊരു തീവണ്ടിയിൽ യാത്രചെയ്യുമ്പോൾ ഭയങ്കരമായ ഇടിവെട്ടും മഴയുമുണ്ടായി. തീവണ്ടിമുറി അന്ധകാരമയമായി. മിന്നൽപ്രവാഹം ഇടവിടാതെ അന്തരീക്ഷത്തെ പ്രകാശിപ്പിച്ചുകൊണ്ടിരുന്നു. ഇടിവെട്ടു് ദിക്കെങ്ങും മുഴങ്ങിക്കൊണ്ടിരുന്നു. കോരിച്ചൊരിയുന്ന മഴയും. ഈയവസരത്തിൽ ഞാനൊരു കിലുകിലുക്കം കേട്ടു. പള്ളിയുടെ ഓർമ്മയാണു് എൻെറ സ്മൃതിപഥത്തിൽ വന്നതു്. സ്വരം കേട്ട വശത്തേക്കു നോക്കിയപ്പോൾ എനിക്കെതിരെയുള്ള ബെഞ്ചിൽ കൈയിൽ കൊന്തയും പിടിച്ചുകൊണ്ടു് ഒരു സ്ത്രീ ഇരിക്കുന്നതു കണ്ടു. അവർക്കു് യാതൊരു ഭയവും ഉള്ളതുപോലെ തോന്നിയില്ല. പ്രത്യുത അവർ ഭക്തിപുരസ്സരം പ്രാർത്ഥിച്ചുകൊണ്ടിരുന്നു. താദൃശസാഹചര്യങ്ങളിൽ അപ്രകാരം പ്രാർത്ഥിക്കയാണു ചെയ്യേണ്ടതെന്നു് അവരുടെ മുഖഭാവം വിളിച്ചുപറയുന്നതുപോലെ തോന്നി. അതെന്നെ സംബന്ധിച്ചിടത്തോളം നിശ്ശബ്ദമായ ഒരു പ്രസംഗമായിരുന്നു. അപകടം വരുമ്പോൾ ഒരു കുട്ടി അതിൻെറ അമ്മയുടെ പക്കലേക്കാണല്ലോ ഓടിച്ചെല്ലുന്നതു്. അവിടെ ഞാൻ കണ്ടതു് മറിയത്തിൻെറ ഒരു യഥാർത്ഥ പുത്രിയെയാണു്. ആ സമയംമുതൽ പ്രസ്തുത വാഹനത്തിൽ ഞാൻ ഏകാകിനിയാണെന്നു് എനിക്കു തോന്നിയില്ല. ആദ്ധ്യാത്മികമായ ഒരു ബന്ധം ഞാൻ കണ്ടുപിടിച്ചിരുന്നു. അതിൽ ഞാൻ ആനന്ദംകൊണ്ടു. നമ്മെ എല്ലാവരേയും പരസ്പരം ബന്ധിക്കുന്ന ഒരു സുവർണ്ണശൃംഖലയാണു് ജപമാല."

——

## ഒരു നവയുഗം

കത്തോലിക്കാതിരുസ്സഭയുടെ 1950-ലെ വിശുദ്ധവത്സരാഘോഷങ്ങൾ നീതിയുടേയും പരിശുദ്ധിയുടേയും ആനന്ദത്തിൻേറയും ഒരു പുതിയ യുഗം ലോകത്തിനു പ്രദാനംചെയ്യുന്നതാണെന്നു ഡിസംബർ 12-ാംനു-യിലെ കർദ്ദിനാളന്മാരുടെ ഒരു രഹസ്യസമ്മേളനത്തിൽവച്ചു് പരിശുദ്ധ പിതാവു 12-ാം പീയൂസ് മാർപ്പാപ്പാ തിരുമനസ്സുകൊണ്ടു് അരുളിച്ചെയ്തിരിക്കുന്നു. ജൂബിലിയുടെ ഉൽഘാടനം സംബന്ധിച്ചുള്ള ക്രിസ്തുസ്കാലത്തെ ചടങ്ങുകൾക്കായി തദവസരത്തിൽ 3 പേപ്പൽപ്രതിനിധികളെ അവിടുന്നു നിയോഗിക്കുകയുണ്ടായി. വിശുദ്ധ വർഷത്തിൽ ശീശ്മക്കാരും മതവിപരീതരുമായ പലരും തിരുസ്സഭയിലേക്കു തിരിച്ചുവരുമെന്നും കൂടുതൽ നീതിയുക്തവും കൂടുതൽ പരിശുദ്ധിസമ്പന്നവുമായ ഒരു നവയുഗം മനുഷ്യകുടുംബത്തിനെല്ലാംവേണ്ടി സമുദയംചെയ്യുമെന്നുമുള്ള പ്രതീക്ഷ മാർപ്പാപ്പാതിരുമേനി പ്രദർശിപ്പിക്കുകയും ചെയ്തു.



ST. ALOYSIUS ELECTROPLATING WORKS AND CATHOLIC DEPOT,
Municipal Office Road, TRICHUR. PROPRIETOR: C. O. LOUIS

നിഷ്ടധൈര്യരായ സ്വഭടന്മാരെ സമരോദ്യുക്തരാക്കുന്നതിനായി യൂദാസ് മക്കബേയൂസ് തനിക്കുണ്ടായ ഒരു ദർശനത്തെ അവർക്കു വിവരിച്ചുകൊടുത്തു. അതിപ്രകാരമായിരുന്നു: പ്രധാനാചാര്യനായിരുന്ന ഓനിയാസ് തൻെറ കരങ്ങൾ വിരിച്ചു് യൂദന്മാർക്കുവേണ്ടി പ്രാർത്ഥിച്ചുകൊണ്ടിരുന്നു. അതിനുശേഷം അനവദ്യമായ കാന്തിപ്രകർഷവും പ്രതാപപ്രചുരിമയും പ്രസരിക്കുന്ന ഒരു വൃദ്ധൻ പ്രത്യക്ഷനായി. അപ്പോൾ ഓനിയാസ് പറഞ്ഞു: ഇദ്ദേഹം ഇസ്രായേലിൻെറ സ്നേഹിതനും തൻെറ ജനങ്ങൾക്കും വിശുദ്ധ നഗരത്തിനും വേണ്ടി പ്രാർത്ഥിച്ചുകൊണ്ടിരിക്കുന്നവനുമായ യെറമിയാസ് പ്രവാചകനാകുന്നു. ഉടനെ യെറമിയാസ് തൻെറ കരങ്ങൾ നീട്ടി യൂദാസിനു സ്വർണ്ണനിർമ്മിതമായ ഒരു വാൾ നല്കിക്കൊണ്ടു പറഞ്ഞു: "ദൈവദത്തമായ ഈ ഖഡ്ഗം സ്വീകരിക്കുക. എൻെറ ജനമായ ഇസ്രായേലിൻെറ ശത്രുക്കളെ ഇതുകൊണ്ടു നീ പരാജിതരാക്കും" (2 മക്കബ. ). ഇതുപോലെതന്നെ ക്രിസ്ത്വബ്ദം 13-ാം നൂററാണ്ടിൽ അൽബിജൻസസ് എന്ന പാഷണ്ഡമതം വിപ്ലവവും വിനാശവും വിതറിക്കൊണ്ടു് ഫ്രാൻസിൽ ഇരമ്പിക്കയറിയപ്പോൾ അതിനെ ഉന്മൂലനം ചെയ്യുന്നതിനായി പ. കന്യക വി. ദൊമിനിക്കോസിനു പ്രത്യക്ഷയായിക്കൊണ്ടു നല്കിയ ദിവ്യായുധമാണു് ജപമാല. ജപമാലഭക്തി പ്രചരിച്ചതോടുകൂടി ആ പാഷണ്ഡമതം പമ്പകടന്നു. 1571-ൽ തിരമാലകൾപോലെ അണിയണിയായി അലച്ചുകയറിയിരുന്ന തുർക്കിസൈന്യങ്ങൾ ക്രൈസ്തവമതത്തേയും സംസ്കാരത്തേയും ഭൂമുഖത്തുനിന്നു് പാടെ തുടച്ചുനീക്കുമെന്ന ഘട്ടം വന്നപ്പോൾ ലെപ്പാൻടൊ യുദ്ധത്തിൽ ക്രിസ്ത്യാനികൾക്കു വമ്പിച്ച വിജയം സിദ്ധിച്ചതും ജപമാലയുടെ ശക്തികൊണ്ടുമാത്രമാണു്. ക്രിസ്ത്യാനികൾ തീക്ഷ്ണതയോടെ കൊന്ത ജപിച്ചിരുന്നപ്പോഴെല്ലാം അവർക്കു അന്ധകാരശക്തികളുടെമേൽ വിജയം സിദ്ധിച്ചിട്ടുണ്ടെന്നു് ചരിത്രത്തിൻെറ ഏടുകൾ സാക്ഷ്യംവഹിക്കുന്നു. ഈ അടുത്ത കാലത്തു നമ്മുടെ നാട്ടിൽത്തന്നെ കത്തോലിക്കാവിദ്യാലയങ്ങൾക്കെതിരായി അഴിച്ചുവിടപ്പെട്ട മർദ്ദനത്തെ ചെറുക്കുന്നതിനു് നേതാക്കന്മാരുടെ പരിശ്രമങ്ങളെക്കാളധികം വിശ്വാസികളുടെ കൊന്തജപങ്ങളല്ലേ സഹായകമായിത്തീന്നതു്?

നാശത്തിൻെറ വക്കിൽ സൈ്വരനിദ്രചെയ്യുന്ന മനുഷ്യരെ വിളിച്ചുണർത്തി ആസന്നമായ ആപത്തിനെക്കുറിച്ചു് മുന്നറിയിപ്പു നല്കുന്നതിനും പ്രതിവിധികൾ നിർദ്ദേശിക്കുന്നതിനും, ആധുനികലോകത്തിൽ ഓളംതല്ലുന്ന പാപപ്രളയം പ്രായോഗികമായി പ്രതിരോധിക്കുന്നതിനുമായി സ്വർഗ്ഗനിർദ്ദിഷ്ടമായ ഒരു ദിവ്യപദ്ധതിയുംകൊണ്ടു് 1917 ൽ പരി. ജനനിതന്നെ ഫാത്തിമായിൽ മൂന്നു് ആട്ടിടയക്കുട്ടികൾക്കു ആറു പ്രാവശ്യം പ്രത്യക്ഷയായ മഹാസംഭവം ഇതിനകം സുപ്രസിദ്ധമായിട്ടുണ്ടല്ലോ. ആഗോളപര്യടനം നടത്തുന്നതിനായി പുറപ്പെട്ടിരിക്കുന്ന ഫാത്തിമാനാഥയുടെ പ്രതിമ കേരളത്തിലും വന്നുചേരുന്ന ഈ ശുഭമുഹൂർത്തത്തിൽ ഫാത്തിമാസന്ദേശത്തെ സുതരാം ഗ്രഹിച്ചുകൊണ്ടും അതിനെ സ്വജീവിതത്തിൽ പ്രതിഫലിപ്പിക്കുവാൻ ഓരോരുത്തനും അഹമഹമികയാ പരിശ്രമിക്കേണ്ടതാണു്. ഫാത്തിമാനാഥയുടെ തീർത്ഥകസ്വരൂപം ലിസ്ബനിൻെറ തലസ്ഥാനനഗരിയിൽ എത്തിയപ്പോൾ അവിടെ സമ്മേളിച്ച മനുഷ്യമഹാസമുദ്രത്തെ അഭിമുഖീകരിച്ചുകൊണ്ടു ലിസ്ബണിലെ കർദ്ദിനാൾ പാത്രിയർക്കീസ് തിരുമേനി ഇപ്രകാരം പറഞ്ഞു: "എന്താണു് യഥാർത്ഥത്തിൽ ഫാത്തിമായിലെ സന്ദേശം? അതു താഴെ പറയുന്ന വാക്കുകളിൽ സംഗ്രഹിക്കാമെന്നു തോന്നുന്നു: ഇന്നത്തെ ലോകത്തിനുള്ള പരി. ജനനിയുടെ വിമലഹൃദയത്തിൻെറ ആവിഷ്കരണം......" "എൻെറ വിമലഹൃദയത്തോടുള്ള ഭക്തി പ്രചരിപ്പിക്കുവാൻ ദൈവം ആഗ്രഹിക്കുന്നു" എന്നും പരി. കന്യക കുട്ടികളോടു അരുളിച്ചെയ്യുകയുണ്ടായി. എന്നാൽ

പ്രഭാഷണം

# ഫാത്തിമാസന്ദേശവും
# ജപമാലയും

"എന്നെ കണ്ടെത്തുന്നവൻ ജീവനെ കണ്ടെത്തുന്നു; അവനു കർത്താവിൽനിന്നു രക്ഷലഭിക്കയും ചെയ്യും" ( r v Vl-35)

അതേസമയംതന്നെ ജപമാലഭക്തിയെക്കുറിച്ചും ഫാത്തിമാസന്ദേശത്തിൽ വളരെയധികം ഊന്നിപ്പറഞ്ഞിട്ടുള്ളതായും നാമറിയുന്നു. കരങ്ങളിൽ കൊന്ത പിടിച്ചുകൊണ്ട പ്രാർത്ഥനാനിരതയായ നിലയിലാണല്ലോ പ. കന്യക കുട്ടികൾക്കു പ്രത്യക്ഷയായതും. "കൊന്ത എത്തിക്കുക" എന്നു വീണ്ടും വീണ്ടും അവിടുന്നു ഉദ്ബോധിപ്പിക്കയുണ്ടായി. എന്തെല്ലാം ഉദ്ദേശങ്ങൾക്കുവേണ്ടി? "ലോകത്തിൽ സമാധാനം ലഭ്യമാകുന്നതിനു്" (1-ാം ദർശനം), "യുദ്ധം അവസാനിക്കുന്നതിനു്" (3-ാം 5-ാം ദർശനങ്ങൾ) മററുദർശനങ്ങളിലും ജപമാലയുടെ കാര്യം—അതും ദിവസേന തുടന്നു

കൊണ്ടെത്തിക്കണമെന്നു് — ശക്തിയുക്തം ഉദ്ബോധിപ്പിച്ചിട്ടുണ്ടു്.

ഫാത്തിമാസന്ദേശം ദിക്കെങ്ങും മാറെറാലികൊള്ളുന്ന ഈ സന്ദർഭത്തിൽ നമ്മുടെ കുടുംബങ്ങളിലെ കൊന്തനമസ്കാരം എങ്ങനെ നിർവ്വഹിക്കപ്പെടുന്നുവെന്നു ആത്മസംശോധനം ചെയ്യുന്നതു് സന്ദർഭോചിതമായിരിക്കും. കേരളക്രിസ്ത്യാനികൾ മരിയാഭക്തിയിലും പ്രത്യേകിച്ചു് ജപമാലഭക്തിയിലും മഹത്തായ പാരമ്പര്യമുള്ളവരാണു്. എന്നാൽ ഭൗതികത്വവുമായുള്ള സമ്പർക്കംമൂലം നമ്മുടെ ജപമാല ഭക്തിക്കു ഈ അടുത്തകാലത്തു് അല്പം മാന്ദ്യം സംഭവിച്ചിട്ടില്ലേയെന്നു സംശയിക്കേണ്ടിയിരിക്കുന്നു. എല്ലാ കത്തോലിക്കാഭവനങ്ങളിലും രാത്രിയിൽ കൂട്ടമായി കൊന്ത എത്തിക്കുന്ന ആ നല്ല പതിവു് ഇന്നും പുലരുന്നുണ്ടെന്നുള്ളതു് ശ്ലാഘിക്കേണ്ടതുതന്നെ. എന്നാൽ ഈ കൊന്തയിൽ കുടുംബത്തിലെ കാരണവരും പ്രായംചെന്ന പുരുഷാംഗങ്ങളും കൃത്യമായി സംബന്ധിക്കാറുണ്ടോ? അതോ, സ്ത്രീകൾക്കും കുട്ടികൾക്കുമായി അതു മാററിവെച്ചുകൊണ്ടു്, തത്സമയത്തു് ലോകകാര്യങ്ങളിലൊ, മദ്യപാനത്തിലൊ സുഹൃൽസംഭാഷണങ്ങളിലൊ വ്യാപൃതരാകുകയാണോ പതിവു്? കുടുംബത്തിലെ പുരോഹിതൻ കുടുംബത്തലവനാണു്. തന്നിമിത്തം കുടുംബത്തിലെ ഭക്തികൃത്യങ്ങളിൽ അയാൾ നായകത്വം വഹിക്കണം. ഉറക്കം തൂങ്ങിയും, അടുക്കളക്കാര്യങ്ങൾ അന്വേഷിച്ചും, കൃഷികാര്യങ്ങളെക്കുറിച്ചു് തലകൊട്ടത്താലോചിച്ചുമററും വെറും ഒരു കടമ കഴിക്കുന്നതുപോലെയുള്ള കാട്ടിക്കൂട്ടൽകൊണ്ടും വലിയ ഫലമൊന്നും സിദ്ധിക്കയില്ല. ഓരോ രഹസ്യങ്ങളെക്കുറിച്ചും മനസ്സിരുത്തി ധ്യാനിക്കണം; ഏതൽസംഭവവേളയിൽ പരി: മറിയത്തിൻെറ വിമലഹൃദയത്തിൽ തിരതല്ലിയിരുന്ന പരിശുദ്ധ വികാരങ്ങളെ നമ്മുടെ മനോമുകുരത്തിൽ ദർശിക്കണം; ആ ഹൃദയത്തെ അനുകരിക്കുവാനുള്ള സന്നദ്ധതയും നമ്മിലുണ്ടാകണം. ആ കാശങ്ങളിലിരിക്കുന്ന, നന്മനിറഞ്ഞ മറിയം, ത്രിത്വസ്തുതി തുടങ്ങിയ വിശിഷ്ടജപങ്ങളാണല്ലോ കൊന്തയിൽ അടങ്ങിയിരിക്കുന്നതു്. ക്രൈസ്തവദൈവശാസ്ത്രസംഹിതയുമാണു് ജപമാല. വൈദികർക്കു കാനോനനമസ്കാരംപോലെ അൽമേയർക്കു ജപമാലയും ആയിരിക്കട്ടെ. കൊന്ത എല്ലായ്പോഴും നമ്മോടുകൂടെ കൊണ്ടുനടക്കുന്നതും ആശാസ്യമായിരിക്കും. ഭൗതികപരിഷ്കാരത്തിൻെറ കരിനിഴലുകൾ ബാധിച്ചു് കാർമ്മങ്ങിയിട്ടുള്ള യുവാക്കന്മാർക്കു കൊന്തഭക്തി പരിഹാസവിഷയമായി തോന്നുന്നുണ്ടെങ്കിൽ അവർ ഭക്തിപൂർവ്വം കൊന്ത എത്തിച്ചിരുന്ന പാസ്റ്റർ, ആംപയർ, ഡോൾഫസ്സ് തുടങ്ങിയവരുടെ ജീവിതം പഠിക്കട്ടെ. കൂട്ടമായ കൊന്തകൊണ്ടുമാത്രം തൃപ്തിപ്പെടാതെ ഓരോരുത്തരും രഹസ്യമായി കൊന്തകൾ എത്തിക്കുവാൻ പരിശ്രമിക്കണം. വൃഥാ സംഭാഷണങ്ങൾക്കും വിനോദങ്ങൾക്കും വേണ്ടി ചെലവഴിക്കുന്ന സമയത്തും പ്രത്യേകിച്ചൊന്നും ചെയ്‌വാനില്ലാതെ അലസനായിരിക്കുമ്പോഴും കൊന്തയെടുത്തു് രഹസ്യത്തിൽ ജപിക്കുവാൻ പരിശീലിക്കണം. അണുബോംബിൻെറ ശക്തിയെയും വെല്ലുന്ന ഒരു സമരായുധമാണു് കൊന്ത. ഇതുവഴിയായി അന്ധകാരശക്തികൾ തോറേറാടും; സമാധാനം സ്ഥാപിക്കപ്പെടും; യുദ്ധങ്ങൾ ഇല്ലാതാകും; പാപപ്രളയം പ്രതിരോധിക്കപ്പെടും; അനുതാപകണ്ണുനീരൊഴുകും; തപഃക്രിയകളനുഷ്ഠിക്കപ്പെടും; ജീവിതനൈർമ്മല്യത്തിൻെറ മധുരിമ അനുഭവഗോചരമാകയും ചെയ്യും.

(ജെ. ചെമ്മണൂർ)

"സിസ്റ്റർ അൽഫോൻസാമ്മയുടെ സഹായത്താൽ എൻെറ മകളുടെ സുഖക്കേടിനു് ശാന്തി കിട്ടിയതിനു് നന്ദി."

കുളങ്ങര വർക്കി ചീക്കു





# പുഷ്പാഞ്ജലിഗ്രന്ഥങ്ങൾ

1 പുഷ്പാഞ്ജലി (ചെറുപുഷ്പത്തെ സംബന്ധിച്ചുള്ളതു്)
ഷെ. ജോസഫ് തളിയത്തു്. ...... ...... 6 ണ.
2 കാലത്തിനൊത്ത പ്രവർത്തനം. (പ്രസംഗങ്ങളും ലേഖനങ്ങളും)
ഷെ. ജോസഫ് തളിയത്തു്. ...... ...... 6 ണ.
3 വി. ജോൺ. ബ്രിട്ടോ. (അരുളാനന്ദസ്വാമി)
ശ്രീ. വറുഗീസ് കാഞ്ഞിരത്തുങ്കൽ ...... ...... 12 ണ.
4 പുതിയ രക്തസാക്ഷി (അ. തെയോഫിൻ വേനാർഡ്)
ശ്രീ. ജെ. പി. പെരയിര. ...... ...... 9 ണ.

മനോഹരമായ കവർ. ആകർഷകങ്ങളായ ചിത്രങ്ങൾ. എല്ലാ പ്രധാന കത്തോലിക്കബുക്കുഡിപ്പോകളിലും കിട്ടും. കിട്ടാത്ത പക്ഷം നേരിട്ടെഴുതുക. 1-ം, 2-ം നമ്പർ പുസ്തകങ്ങൾ മേനിക്കടലാസിലുള്ളതു് 8 ണ. വീതം. 12 എണ്ണത്തിൽ കൂടുതൽ ഒന്നായി വാങ്ങിക്കുന്നവർക്കു നല്ല കമ്മീഷൻ:—

ജെ. തളിയത്തു ആൻഡ് സൺസ്,
ഈശ്വരവിലാസം റോഡ്, തിരുവനന്തപുരം


ഫാത്തിമാമാതാവും
## ലോകസമാധാനവും

(14-ാം പേജ് തുടർച്ച)

ത്തിമാരാജ്ഞി കാണിച്ചുതരുന്ന മാർഗ്ഗങ്ങൾ—പശ്ചാത്താപം, ജീവിതനവീകരണം, പരിഹാരം ഈയടിസ്ഥാനതത്വങ്ങളിൽ സമാരംഭിച്ചുയരുന്ന സമാധാനശ്രമങ്ങളെ വിമലഹൃദയഭക്തിയും ജപമാലാഭക്തിയും പരിപോഷിപ്പിക്കുകയും ഫലപുഷ്കലമാക്കുകയും ചെയ്യും. എന്തെങ്കിലും സംശയമുള്ളവർ ഇന്നത്തെ പോർട്ടുഗലിലേക്കു ഒന്നു കണ്ണുതിരിക്കട്ടെ. നാശത്തിലേക്കും ശൂന്യതയിലേക്കും പാഞ്ഞുകൊണ്ടിരുന്ന പോർട്ടുഗലിൽ ഫാത്തിമാമാതാവു് സാധിച്ചുകഴിഞ്ഞിരിക്കുന്ന സർവ്വതോമുഖമായ പുനരുദ്ധാരണം ഇതര രാഷ്ട്രങ്ങളിലെ നേതാക്കന്മാരെ പ്രബുദ്ധരാക്കേണ്ട ഒരു വസ്തുതയാണു്.

[ലേഖകനാൽ വിരചിതമായ "ഫാത്തിമാമാതാവു്" എന്ന വിശിഷ്ടഗ്രന്ഥം മാന്നാനം സെൻറ് ജോസഫ്സ് പ്രസ്സിൽനിന്നും 1 രൂപ 12 ണയ്ക്കു ലഭിക്കുന്നതാണു്.]

## നിങ്ങൾക്കറിയാമോ?

(5-ാം പേജ് തുടർച്ച)

(ഉത്തരങ്ങൾ)

1 സീസർ അഗസ്റ്റസ്
2 അപ്പത്തിൻെറ ഭവനം
3 മിക്കയാസ്
4 1949

## ഫാത്തിമാമാതാവും
# ലോകസമാധാനവും

(ഫാദർ ജോസഫ് തേക്കനാടി)

### രണ്ടു ലോകയുദ്ധങ്ങൾ

ഒരു കാൽ ശതാബ്ദത്തിനുമുമ്പ് ഭൂമുഖത്തെ മുഴുവനും ഭയങ്കരമായ ഒരു കൊലക്കളമാക്കിത്തീർത്ത പ്രഥമലോകമഹാസമരം വെഴ്സെയിൽസ് ഉടമ്പടിയിലും സർവ്വരാജ്യസഖ്യത്തിലും ചെന്നവസാനിച്ചു. രാഷ്ട്രീയനേതാക്കന്മാരുടെ പ്രത്യാശാജനകങ്ങളായ പ്രസ്താവനകൾ കേട്ട് വെടിയും, പടയും, കൊള്ളിയും കൊലയും ഇനിയൊരിക്കലുമുണ്ടാകുകയില്ലെന്നു ലോകമെല്ലാം വിശ്വസിച്ചുപോയി. പക്ഷേ, മനുഷ്യന്റെ വ്യാപാരങ്ങളെ നിയന്ത്രിക്കുന്നതിനു പ്രകൃത്യതീതവും സാർവ്വലൗകികവുമായ ചില മൗലികമാനദണ്ഡങ്ങൾ ഉണ്ടായിരിക്കണമെന്ന പൊതുതത്ത്വം അവർ വിസ്മരിച്ചുകളഞ്ഞു. ദൈവത്തേയും ദൈവസ്ഥാപിതങ്ങളായ ധാർമ്മികപ്രമാണങ്ങളേയും അവഗണിച്ചുകൊണ്ടുള്ള അവരുടെ പരിശ്രമങ്ങളെല്ലാം പരാജയത്തിലേ അവസാനിക്കുകയുള്ളുവെന്നു തെളിയുവാൻ അധികം കാലം വേണ്ടിവന്നില്ല. സ്വാർത്ഥതയുടെ പക്ഷങ്ങളിൽ രേഖീകൃതമായ വെഴ്സെയിൽസ് ഉടമ്പടിയിൽ മുഴച്ചുനിന്ന കടുത്ത അനീതിയും, രാജ്യതന്ത്രത്തിന്റെയും നിയമവിധികളുടേയും മറവിൽ അതിനെ ന്യായീകരിക്കുന്നതിനുവേണ്ടി രൂപവൽകൃതമായ സർവ്വരാജ്യസഖ്യവും, തൽപരകക്ഷികളുടെ മർദ്ദനമുറ രൂക്ഷീച്ചു അതിന്റെ ബലഹീനതയും ദ്വിതീയലോകമഹാസമരത്തിനു ഒരു കളമൊരുക്കുകമാത്രമാണു ചെയ്തതു്. ലൗകായതികത്വത്തിലും അസാന്മാർഗ്ഗികതകളിലും വേരൂന്നിയ വിപ്ലവസംരംഭങ്ങളും വിദ്ധ്വംസകപ്രസ്ഥാനങ്ങളും മനുഷ്യരാശിയെ മുഴുവനും പരസ്പരവിരുദ്ധങ്ങളായ രണ്ടു ചേരികളായി തിരിച്ചുനിറുത്തി. അവരുടെ ഇടയിൽ അനുനിമിഷം വിസ്തൃതതരമായിക്കൊണ്ടിരുന്ന അത്യഗാധമായ ഒരു വിടവു പ്രത്യക്ഷപ്പെട്ടു. മൃതശരീരങ്ങൾ കുന്നുകുന്നായി കൂടുവാനും ചോരപ്പുഴകൾ കരകവിഞ്ഞു പരന്നൊഴുകുവാനും തുടങ്ങി.

### സമാധാനം വേണമെങ്കിൽ!

രണ്ടാമത്തെ ലോകമഹാസമരം അവസാനിച്ചെന്നു പറഞ്ഞുകേൾക്കാൻ തുടങ്ങിയിട്ട് വളരെക്കൊല്ലങ്ങളായെങ്കിലും അന്തരീക്ഷം ഇന്നും സ്വസ്ഥമായിട്ടില്ല; സമാധാനം ഇന്നും സംജാതമായിട്ടില്ല. അതു് ഒരു കുഴഞ്ഞപ്രശ്നമായിത്തന്നെ കിടക്കുന്നു. ഭരണധുരന്ധരന്മാരും രാഷ്ട്രമീമാംസകന്മാരും വളരെയൊക്കെ ചെയ്തു; നവീനമാർഗ്ഗങ്ങൾ കണ്ടുപിടിക്കുവാനും നൂതനപദ്ധതികൾ പ്രാവർത്തികമാക്കുവാനും അവർ വളരെ പണിപ്പെട്ടു; ശാന്തിക്കും സമാധാനത്തിനും വേണ്ടി സമ്മേളനങ്ങളും പരിചിന്തനങ്ങളും പ്രചാരണങ്ങളും അവർ വളരെയൊക്കെ നടത്തി. അവർ വളരെ ദൂരം, വളരെ വേഗത്തിൽ, ഓടിക്കഴിഞ്ഞിരിക്കുന്നു. പക്ഷേ, അവയെല്ലാം അബദ്ധമാർഗ്ഗങ്ങളിൽക്കൂടിയായിരുന്നുവെന്നു് ഇപ്പോഴും അവർക്കു ബോധപ്പെട്ടിട്ടില്ല. വേണ്ടാ. അമ്പിളിയെ ആകാശത്തട്ടിൽനിന്നു് അടർത്തിയെടുത്തു് അമ്മാനമാടുവാൻ അലഞ്ഞു ചാടുന്ന ബാലകനെപ്പോലെ, കാനൽജലം കണ്ടു കൊതിച്ചോടുന്ന മൃഗത്തെപ്പോലെ അനന്തരഫലം അവർതന്നെ അനുഭവിച്ചറിഞ്ഞുകൊള്ളും.

എന്നാൽ, ശാശ്വതമായ സമാധാനം സ്ഥാപിക്കുന്നതിനുള്ള സുഗമങ്ങളായ മാർഗ്ഗങ്ങൾ വെഴ്സെയിൽസ് ഉടമ്പടിക്കും സർവ്വരാജ്യസംഘടനയ്ക്കും മുമ്പ് അഖിലലോകത്തോടും അസന്ദിഗ്ദ്ധമായി പ്രഖ്യാപിക്കപ്പെട്ടിരുന്നു; സൗഭാഗ്യവും സംതൃപ്തിയും സ്വസ്ഥതയും സംയോജിച്ചുള്ള സമത്വസുന്ദരസമാകർഷകമായ ഒരു നവ്യലോകവ്യവസ്ഥിതി സംജാതമാകുന്നതിനുള്ള സുനിശ്ചിതങ്ങളായ ഉപാധികൾ പരിശുദ്ധ കന്യക അന്നു ലോകത്തെ ഉദ്ബോധിപ്പിച്ചിരുന്നു. അന്ധമായ നായകത്വത്തിന്റെ പുറകേ ഓടി കിഴുക്കാംതൂക്കായി കിടക്കുന്ന ഒരു പാറക്കെട്ടിന്റെ വക്കുവരെ എത്തിയിരിക്കുന്ന മനുഷ്യവംശം ആഴമേറിയ ആ വിപദ്ഗർത്തത്തിൽ വീണു തല കീറി ചിതറി നശിക്കാതിരിക്കണമെങ്കിൽ, ഇരുളടഞ്ഞ മേഘപടലങ്ങളിൽ മങ്ങിമറയുന്ന ശാന്തിയുടെ വെള്ളിച്ചന്ദ്രിക ഭൂതലത്തെ ഭാസുരമാ

കണ്ടെങ്കിൽ, നരകുലം മുഴുവനും അത്യുൽക്കടമായ അഭിവാഞ്ഛയോടെ പ്രതീക്ഷിച്ചുകൊണ്ടിരിക്കുന്ന സമാധാനത്തിന്റെ വറ്റാത്ത ഉറവകൾ ശാശ്വതമായി പൊട്ടിപ്പുറപ്പെട്ടുകൊണ്ടിരിക്കണമെങ്കിൽ, ലോകമാസകലം ധാർമ്മികമായ ഒരു സമൂലപരിവർത്തനം ഉണ്ടാകണമെന്നു ദൈവജനനി വ്യക്തമായി പ്രസ്താവിച്ചിരുന്നു. ഓരോ വ്യക്തിയുടേയും ആന്തരികമായ ജീവിതനവീകരണവും ആദ്ധ്യാത്മികമായ പുനസ്സംഘടനവുമാണു് അവിടുന്നു ആവശ്യപ്പെട്ടിരുന്നതു്. ഇവയിൽ ഉടലെടുക്കുന്ന സമാധാനം, വിമലഹൃദയത്തിന്റെയും ജപമാലയുടേയും ചൈതന്യവിശേഷത്താൽ എന്നും പരിപുഷ്ടമായിക്കൊണ്ടിരിക്കുമെന്നും അവിടുന്നു് അറിയിച്ചിരുന്നു.

മനുഷ്യന്റെ പരിമിതികൾക്കതീതമായ ധാർമ്മികമാനദണ്ഡങ്ങൾ വേണം




വ്യക്തികളുടേയും സമുദായങ്ങളുടേയും രാഷ്ട്രങ്ങളുടേയും പ്രവർത്തനങ്ങളെ നിയന്ത്രിക്കുവാൻ. ഈ സിദ്ധാന്തം ചില രാഷ്ട്രീയചിന്തകന്മാർ പരസ്യമായി സമ്മതിച്ചുതുടങ്ങിയിട്ടുണ്ട്. ധാർമ്മികതത്വങ്ങളിൽ അടിയുറയ്ക്കാത്ത സമാധാനപരിശ്രമങ്ങൾ ദയനീയമായ പരാജയത്തിലേ ചെന്നവസാനിക്കുകയുള്ളുവെന്നു്, അടുത്തകാലത്തു് കാലിഫോർണിയായിൽ സമ്മേളിച്ച അഖിലലോകധാർമ്മിക പുനരായുധീകരണസംഘടന തുറന്നു പ്രസ്താവിച്ചിരിക്കുന്നതു ശ്രദ്ധേയമായിരിക്കുന്നു. രോഗമറിയാതെയുള്ള ചികിത്സ തുടർന്നുകൊണ്ടുപോകുന്നതു് കൂടുതൽ നാശത്തിനേ കാരണമാകുകയുള്ളുവെന്നു് മററുള്ള നേതാക്കന്മാരും നേരത്തേ അറിഞ്ഞിരുന്നെങ്കിൽ!!

### ഇന്നത്തെ ആവശ്യങ്ങൾ

എന്തിനു് അവരെ മാത്രം പഴിക്കുന്നു! ഫാത്തിമായിലെ ജപമാലരാജ്ഞി ലോകത്തിനു നൽകിയ സ്വർഗ്ഗീയസന്ദേശം നാം ശ്രവിച്ചുകഴിഞ്ഞു. എന്നാൽ, ദൈവമാതാവിന്റെ വാക്കുകളുടെ വിവക്ഷയെന്താണെന്നു ഭക്തരായ ചില ക്രൈസ്തവർപോലും വ്യക്തമായി ഗ്രഹിച്ചില്ല. കുറെമുമ്പ് ചിലർ സിസ്റ്റർ ലൂസിയോടു ചോദിക്കുകയുണ്ടായി: "സഹോദരീ, നാമെല്ലാം തപസ്സു ചെയ്യണമെന്നു പരി. കന്യക ആവശ്യപ്പെ

ട്ടോ?" എന്നു്. ജീവിതനവീകരണമെന്നു കേട്ടപ്പോൾ തപസ്സും പ്രായശ്ചിത്തവുമെന്നുമാത്രമാണു് അവർ ധരിച്ചുപോയതു്. പക്ഷേ, സ്വർഗ്ഗരാജ്ഞി, അപരിത്യാജ്യമായി എടുത്തു കാണിച്ചതു പശ്ചാത്താപത്തേയും പരിഹാരത്തേയും ജീവിതനവീകരണത്തെയുമാണു്. തപശ്ചര്യകൾ അല്പം നന്മനസ്സുള്ളവർക്കൊക്കെ കുറെയെങ്കിലും സാധിക്കുമായിരിക്കാം. എന്നാൽ, പശ്ചാത്താപം, പരിഹാരം, ജീവിതനവീകരണം—ഇവയാണു നമ്മുടെ കർമ്മധീരതയുടെ മാററു പരിശോധിക്കുന്ന ഉരകല്ലുകൾ. ഇവയത്രേ ഇന്നത്തെ ആവശ്യങ്ങൾ. "എന്തുകൊണ്ടെന്നാൽ, മനുഷ്യർ തങ്ങളുടെ പാപങ്ങൾക്കു പൊറുതി യാചിക്കണം....... കഠിനപാപങ്ങളുടെ ആധിക്യംനിമിത്തം നിസ്സീമമാംവണ്ണം ദ്രോഹിക്കപ്പെട്ടുകഴിഞ്ഞിരിക്കുന്ന ദൈവത്തിന്റെ നീതിയുടെ ഭൂക്കരങ്ങളെ പ്രതിബന്ധിക്കു

വാൻ പരിശുദ്ധ കന്യകയ്ക്കു് ഇനിയും സാധിച്ചെന്നു വരുന്നതല്ല" എന്നത്രേ ലൂസി പ്രസ്താവിക്കുന്നതു്.

### പശ്ചാത്താപം

"മനുഷ്യർ തന്റെ പാപങ്ങൾക്കു പൊറുതി യാചിക്കണം." അനുതപിച്ചുവരുന്ന ധൂർത്തപുത്രനെപ്പോലെ, ആത്മാർത്ഥമായ പശ്ചാത്താപത്തോടെ സ്വർഗ്ഗീയതാതന്റെ സന്നിധിയിൽ സ്നേഹപൂർവ്വം ചെന്നണഞ്ഞുകൊണ്ടു് അവൻ കുററം സമ്മതിക്കണം. ഇതുയും കാണുവാനാണു് ദൈവം കാത്തിരിക്കുന്നതു്. ഇതത്രേ ജീവിതനവീകരണത്തിന്റെ—ധാർമ്മിക പുനർജ്ജന്മത്തിന്റെ—ആദ്യത്തെ പടി. സ്നേഹാത്മകമായ പശ്ചാത്താപത്താൽ ശിഥിലീകൃതമായ ഹൃദയത്തിൽനിന്നും നിർഗ്ഗമിക്കുന്ന ചുടുകണ്ണീർത്തുള്ളികളിൽ പുതിയജീവിതത്തിന്റെ ഭാവിപരിപാടി നാം രേഖപ്പെടുത്തണം. ജീവരക്തത്തിന്റെ അന്തിമബിന്ദുകൊണ്ടുപോലും അതിനെ മുദ്രിതമാക്കുവാൻ നാം സന്നദ്ധരായിരിക്കണം. ലൗകായതികന്മാരായ രാഷ്ട്രീയനേതാക്കന്മാർ ഇന്നും സ്വപ്നം കാണുകമാത്രം ചെയ്യുന്ന ശാശ്വതമായ ലോകസമാധാനത്തിന്റെ അടിസ്ഥാനതത്ത്വമായിരിക്കും അതു്.

### ജീവിതനവീകരണം

ജീവിതനവീകരണം—പ്രലോഭനീയങ്ങളായ വിഷയസുഖങ്ങളിൽ അത്യാസക്തമായിരിക്കുന്ന ആധുനികലോകത്തിനു തീരെ അരോചകങ്ങളായ ഏതാനുമക്ഷരങ്ങൾ! അനീതിയിലും ഔദ്ധത്യത്തിലും തഴമ്പിച്ചുകഴിയുന്ന ദാംഭികന്മാർക്കു് ജീവിതനവീകരണം അത്ര സുഖപ്രദമായിരിക്കുകയില്ല. വിരിക്കുടിയ രാജകീയപാതകളിൽക്കൂടി സാഹ്ലാദം സഞ്ചരിച്ചുസുഖിച്ചു സുഖിച്ചു പരിചയിച്ചിട്ടുള്ളവർ സ്വർഗ്ഗത്തിലേക്കുള്ള ഇടുങ്ങിയ മാർഗ്ഗത്തിലെ ക്ലേശങ്ങളുടേയും യാതനകളുടേയും ബഹുലത കാണുമ്പോൾ ഞെട്ടിവിറച്ചുപോകും. അധർമ്മത്തിന്റേയും വഞ്ചനയുടേയും സന്തതികൾ ചുടുന്നു കുരുപ്പിടിച്ച സമ്പന്നന്മാരുടെ നയനങ്ങൾ ശാന്തിയുടെ പൊൻകിരണങ്ങൾ പ്രസരിപ്പിക്കുന്ന ഉന്നതമണ്ഡലങ്ങളിലേക്കുയർത്തുക വിഷമംതന്നെ. ആനന്ദമാത്രം ഏകജീവിതലക്ഷ്യമായി കരുതിപ്പോന്നവരുടെ നൈതികത്വത്തിൽ ആത്മസംയമനവും ഇന്ദ്രിയനിഗ്രഹവും ചില മുള്ളുകൾ ഉളവാക്കാതിരിക്കുകയില്ല. ഇവിടെയാണു് ഒരു സംഘട്ടനം—വിഭിന്നങ്ങളും വിരുദ്ധങ്ങളുമായ രണ്ടാദർശങ്ങൾ തമ്മിലുള്ള ഒരാന്തരികസമരം. ഇതിലാണു പലരും ദയനീയമായി പരാജയമടയുന്നതു് — ആയുധസന്നാഹങ്ങൾകൊണ്ടും യുദ്ധയന്ത്രങ്ങൾകൊണ്ടും ശത്രുനിരകളെ തകർത്തു തുരത്തിയ സമർത്ഥരായ സേനാനായകന്മാർപോലും. ഇരുമ്പായുധങ്ങളും വെടിയുണ്ടകളും എതിരാളികളെ അടിച്ചമർത്തിയേക്കാം. എന്നാൽ, അവയൊന്നും സമാധാനം സംജാതമാക്കുകയില്ല. ജീവിതനവീകരണത്തെ ലക്ഷ്യമാക്കി ഓരോ വ്യക്തിയും നടത്തേണ്ട ആദ്ധ്യാത്മികസമരം വിജയപ്രദമായി പരിണമിക്കുമ്പോൾ ലോകസമാധാനസ്ഥാപനശ്രമങ്ങളും വിജയശ്രീലാളിതമായിത്തീരാം.

ജീവിതനവീകരണത്തിലുള്ള വൈഷമ്യങ്ങൾ കണ്ടു ഭീരുവായി വർത്തിക്കുന്ന ലോകത്തിനു ദുഃഖിതം—നാശം. യസീന്താ പറയുന്നതു കേൾക്കുക: "മനുഷ്യർ ജീവിതനവീകരണം സാധിക്കുന്നില്ലെങ്കിൽ ലോകത്തിനു ഭയങ്കരതരങ്ങളായ ശിക്ഷകൾ—പീഡകൾ—വരുവാനിരിക്കുന്നു..." അവളുടെ ഈ വാക്കുകൾ രേഖപ്പെടുത്തിയ ലിസ്ബണിലെ ആതുരാലയാധികൃത ഇപ്രകാരം ഒരു കുറിപ്പുകൂടെ അടിയിൽ ചേർത്തിട്ടുണ്ടു്: "ഒരു ഭയങ്കരശിക്ഷയെപ്പററിയാണു യസീന്താ സംസാരിച്ചതു്. അതു ആസന്നമായിരിക്കുമെന്നു് അവൾ രഹസ്യമായി എന്നോടു പറഞ്ഞിരിക്കുന്നു. ഹാ, ദൈവമേ, അങ്ങേ കരുണ ഞങ്ങളുടെ മേൽ എന്നുമുണ്ടായിരിക്കണമേ!! പരിശുദ്ധ കന്യകതന്നെയാണു യസീന്തായ്ക്കു് ഈ രഹസ്യം വെളിപ്പെടുത്തിയിരിക്കുന്നതെങ്കിലും, "മനുഷ്യർ ജീവിതം നവീകരിക്കുന്നില്ലെങ്കിൽ" എന്നൊരു വ്യവസ്ഥയുംകൂടി നല്കിയിട്ടുണ്ടല്ലോ. അതുകൊണ്ടു് എല്ലാം നമ്മെത്തന്നെ ആശ്രയിച്ചാണിരിക്കുന്നതു്. ദൈവം കാരുണ്യാതിരേകത്താലെ നമ്മെ കടാക്ഷിക്കട്ടെ.!" 1920-ലായിരുന്നു യസീന്തായുടെ ഈ പ്രവചനം. എന്നാൽ, മനുഷ്യർ ജീവിതം നന്നാക്കിയില്ല. 1938-മുതലുള്ള ആറേഴു കൊല്ലങ്ങളിൽ അവളുടെ വാക്കുകൾ പലതും അനുസ്മരിച്ചു കാണുന്നു.

### പരിഹാരം

നാം അനുഭവിച്ചതും അനുഭവിച്ചുകൊണ്ടിരിക്കുന്നതുമായ ജീവിതക്ലേശങ്ങളും ബഹുവിധയാതനകളും നമ്മുടെ ദുഷ്കർമ്മവൈകല്യങ്ങൾക്കും പാപദ്രോഹങ്ങൾക്കുമുള്ള ശിക്ഷകളാണെന്നു് ദൈവനീതിയുടെ ഹോമവേദിയിൽ ആഹുതിചെയ്യാവുന്ന നല്കാഴ്ചകളായ പരിഹാരബലിവസ്തുക്കളാണെന്നു് — അനുതാപത്തിലേക്കു നമ്മെ ക്ഷണിക്കുന്ന ദിവ്യാഹ്വാനങ്ങളാണെന്നു്—നാം ധരിച്ചാൽ ഭാഗ്യം. നിനിവനിവാസികളെപ്പോലെ നാമും ഉദ്ബുദ്ധരായിരുന്നെങ്കിൽ! എന്തുകൊണ്ടെന്നാൽ, "അവർ തങ്ങളുടെ പാപമാർഗ്ഗത്തിൽനിന്നകന്നുവെന്നു ദൈവം കണ്ടു. അവർക്കയക്കുമെന്നു താൻ പറഞ്ഞിരുന്ന ശിക്ഷയെപ്പററി അവിടുന്നു് ഓർത്തു. അവിടുന്നു് അവയെ മാററിക്കളയുകയും ചെയ്തു." അവർ അനുഗൃഹീതരുമായി.

ഇവയാണു ശാശ്വതമായ ലോകസമാധാനം സ്ഥാപിതമാകുന്നതിനു ഫാ

(ശേഷം 13-ാം പേജിൽ)




# മോസ്കോ—ഫാത്തിമാ

(ഫ്റാൻസിസ് പയ്യപ്പിള്ളി ബി. എസ്സ്.സി. (ഓണേഴ്സ്)

മോസ്കോയും ഫാത്തിമായും നമ്മെ പുളകംകൊള്ളിക്കുന്ന രണ്ടു വിശേഷോത്തരനഗരങ്ങളാണു്. ഒന്നു സ്റ്റാലിന്റെ ആസ്ഥാനം—കമ്മ്യൂണിസ്റ്റുകാരുടെ തലസ്ഥാനം; മറേറതു് ജപമാലനാഥയുടെ പാദപീഠം—യഥാർത്ഥ കത്തോലിക്കരുടെ ആശാസങ്കേതം. സ്റ്റാലിന്റെ രക്തംചിന്തുന്ന ചെങ്കൊടിക്കീഴിൽ അണിനിരന്നിരിക്കുന്ന കമ്മ്യൂണിസ്റ്റുകാർ ദൈവത്തേയും മതത്തേയും നാടുകടത്തി, അക്രമത്തേയും അനീതിയേയും വരിച്ചു്, അപഥസഞ്ചാരിയായ സ്വാതന്ത്ര്യത്തിന്റെ കൃഷ്ണച്ഛായയിൽ നയിക്കുന്നു ഒരു കുത്തഴിഞ്ഞ ജീവിതം. അവർ ലോകത്തു സ്വർഗ്ഗം സൃഷ്ടിക്കുവാനെന്ന വ്യാജേന തീനരകത്തിന്റെ ഉയിരും ഉടലും കരുപ്പിടിപ്പിച്ചിരിക്കുന്നു. അതിൽ കിടന്നു റഷ്യയും യൂഗോസ്ലേവിയയും ചെക്കോസ്ലവാക്യയും പോളണ്ടും ചൈനയും മററും ആളിക്കത്തി ദഹിക്കുന്നു. നാലുപാടും നാളങ്ങൾ പായിക്കുന്ന ഈ പട്ടടയിലൂടെ സ്വർഗ്ഗംഗാനദിയെ — സർവ്വലോകവരനിരയെ—പ്രവഹിപ്പിച്ചു ശാന്തിയുടെ കുളിർത്താമരകളെ കിളിർപ്പിക്കുകയാണു് കത്തോലിക്കരായ നമ്മുടെ ഇന്നത്തെ ധർമ്മം. അതിനു നമുക്കു ഫാത്തിമാനാഥ നേതൃത്വവും നല്കുന്നു.

1917 നവംബറിൽ ഘോരാട്ടഹാസങ്ങൾ കേട്ടു ഞെട്ടി മേഘങ്ങൾ സ്തംഭിച്ചുനിന്നപ്പോൾ—കട്ടച്ചാരവീണ ഭൂതലം വിറച്ചുപോയപ്പോൾ—"വിന്റർ പാലസിന്റെ കല്ലുകളിൽനിന്നു വിലാപഗാനങ്ങളുതിർന്നപ്പോൾ വിപ്ലവത്തിന്റെയും അക്രമത്തിന്റെയും ചിഹ്നങ്ങളെഴുതിയ രക്തപതാക കാററിലുലഞ്ഞാടിക്കളിച്ചു. അന്നു നടന്നു ലോകൈകവിപ്ലവത്തിന്റെ ഉദ്ഘാടനം; അന്നു തകർന്നു സമാധാനതന്ത്രികൾ.

ലോകജീവിതവും ആദ്ധ്യാത്മികജീവിതവും അപകടത്തിലാഴുന്നു. സ്വർഗ്ഗനാഥ ചോരക്കടലിൽ മുങ്ങുന്ന ലോകത്തെ പൊക്കിപ്പിടിക്കുവാൻ സഹായഹസ്തം നീട്ടിക്കൊണ്ടെത്തുന്നു. അക്കൊല്ലം ജൂലൈ 13-ാംതീയതി അവിടുന്നു ഫാത്തിമായിൽ പ്രത്യക്ഷയായി ലൂസിക്കും യസീന്തയ്ക്കും ഫ്രാൻസിസിനും. ദർശനത്തിന്റെ അന്ത്യഘട്ടം. അവർ കാണുന്നു, "ഒരഗ്നിസമുദ്രം. കട്ടുകച്ചുരുളുകൾ ഉദ്വമിപ്പിക്കുന്ന അഗ്നിശിഖകളാൽ സംവഹിക്കപ്പെട്ടു പൊന്തിക്കിടക്കുന്ന, ക[illegible] വന്ന കിരണഭേദ്യങ്ങളായി ചുട്ടുപഴുത്തു്, മനുഷ്യരൂപമെടുത്ത കൽക്കരികൾക്കണക്കെ മഹാഗ്നിബാധകളിൽ ചുററുപാടും ചിതറിപ്പാഞ്ഞുവീഴുന്ന സ്ഫുലിംഗങ്ങൾപോലെ, ഭീതിയും ബീഭത്സതയുംകൊണ്ടു വിറപ്പിക്കുന്ന ആക്രന്ദനങ്ങളുടേയും ആർത്തനാദങ്ങളുടേയും നൈരാശ്യത്തിന്റെയും മദ്ധ്യേ ഘനവും സമാനഭാരതവുമററു്, അഗ്നിനിമജ്ജനം ചെയ്ത പിശാചുക്കളും ആത്മാക്കളും ആ അഗ്നിക്കുണ്ഡത്തിൽ വീണുതാഴുന്നു. പിശാചുക്കൾ അദൃഷ്ടങ്ങളും ഭയങ്കരങ്ങളുമായ കാട്ടുമൃഗങ്ങളുടെ ബീഭത്സവും ഭീതിജനകവുമായ ആകാരങ്ങളാൽ വ്യവച്ഛേദിക്കപ്പെടുന്നു; എന്നാൽ അവ ചുട്ടുപഴുത്ത കൽക്കരികൾപോലെ കിരണഭേദ്യങ്ങളാണു്." (Memoir IV-By Luci) ഈ ഭയാനകചിത്രം തുറന്നിട്ടുകൊണ്ടു് ആ കന്യക പറയുന്നു:

"നിങ്ങൾ കാണുന്നു, നിരാലംബരായ പാപികളുടെ ആത്മാക്കൾ പോകുന്ന നരകം. അവരെ രക്ഷിക്കുവാനായി എന്റെ വിമലഹൃദയത്തോടുള്ള ഭക്തി ലോകത്തു സംസ്ഥാപിക്കുന്നതിനു ദൈവം ആഗ്രഹിക്കുന്നു. ഞാൻ നിങ്ങളോടു പറയുന്നതു് അവർ ചെയ്യുമെങ്കിൽ, അനേകാത്മാക്കൾ രക്ഷപെടുകയും സമാധാനം കൈവരികയുംചെയ്യും. യുദ്ധം അവസാനിക്കുവാൻ പോകുന്നു. പക്ഷേ, അവർ ദൈവദ്രോഹത്തിൽനിന്നു വിരമിക്കുകയില്ലെങ്കിൽ പതിനൊന്നാം പീയൂസിന്റെ വാഴ്ചക്കാലത്തു ഘോരതരമായ മറെറാരു യുദ്ധമുണ്ടാകും.—അജ്ഞാതമായ ഒരു പ്രകാശത്താൽ തേജോമയമായ ആ നിശ നിങ്ങൾ കാണുമ്പോൾ, അതു് ദൈവം ലോകത്തിന്റെ പാതകങ്ങളെ യുദ്ധവും ക്ഷാമവും തിരുസ്സഭയ്ക്കും പരിശുദ്ധ പിതാവിനും എതിരായ മർദ്ദനവുംകൊണ്ടു ശിക്ഷിക്കുവാൻപോകുന്നുവെന്നതിനു് അവിടുന്നു നല്കുന്ന ഒരു വലിയ അടയാളമായി കരുതിക്കൊള്ളുക.—ഇതിന്റെ നിരോധനാർത്ഥം റഷ്യയെ എന്റെ വിമലഹൃദയത്തിനു പ്രതിഷ്ഠിക്കുവാനും ആദ്യശനിയാഴ്ചകളിൽ പരിഹാര ദിവ്യകാരുണ്യം സ്വീകരിക്കുവാനും ആവശ്യപ്പെടുവാനായിഞാനിതാ വന്നിരിക്കുന്നു. അവർ എന്റെ അഭ്യർത്ഥനയെ ശ്രവിക്കുമെങ്കിൽ, റഷ്യ മാനസാന്തരപ്പെടും, സമാധാനമുണ്ടാകും. ഇല്ലെങ്കിൽ, അവൾ തന്റെ അബദ്ധസിദ്ധാന്തങ്ങളെ മതമർദ്ദനങ്ങളും സമരങ്ങളും ഇളക്കിവിട്ടുകൊണ്ടു ലോകമൊട്ടുക്കു പ്രചരിപ്പിക്കും. സത്തുക്കൾ മർദ്ദിതരാകും; പരിശുദ്ധ പിതാവു വളരെയേറെ സഹിക്കേണ്ടിവരും; പല രാജ്യങ്ങളും നശിപ്പിക്കപ്പെടും.-അവസാനം എന്റെ വിമലഹൃദയം വിജയിക്കും. പരിശുദ്ധ പിതാവു റഷ്യയെ എനിക്കു പ്രതിഷ്ഠിക്കും; അവൾ മാനസാന്തരപ്പെടും; സമാധാനത്തിന്റെ ഒരു കാലം ലോകത്തിനു് അനുവദിക്കപ്പെടും." (Memoirs III & IV-By Lucy).

അങ്ങനെ മോസ്കോയുടെ നശീകരസിദ്ധാന്തങ്ങളുടെ കുത്തകപിടുത്തവും അവയ്ക്കെതിരായി ആയുധങ്ങളേന്തി അണിയണിയായിനിന്നു സമരംചെയ്യാനുള്ള ഫാത്തിമാഹ്വാനവും ഒരേസമയത്തായിരുന്നു. എങ്കിലും, ലോകസമാധാനത്തിനും ആത്മരക്ഷയ്ക്കുമായി ജപമാലനാഥ മെടഞ്ഞെടുത്ത പാവനപദ്ധതിക്കു് ലോകം വേണ്ടപോലെ സ്വാഗതമരുളിയില്ലെന്നു് നാം സമ്മതിക്കുകതന്നേ വേണം. അനന്തരസംഭവങ്ങൾ അതിനു സാക്ഷ്യം വഹിക്കുന്നു. രണ്ടാം ലോകമഹായുദ്ധം കെങ്കേമമായി നടന്നു. കമ്മ്യൂണിസം അനേകലക്ഷങ്ങളുടെ ചോരകുടിച്ചും പല രാജ്യങ്ങളേയും വിഴുങ്ങിയും വീർത്തുവീർത്തുവരുന്നു.

റഷ്യയെ മാനസാന്തരപ്പെടുത്തുവാനും ലോകത്തെ കമ്മ്യൂണിസത്തിന്റെ കടിയിൽനിന്നു വിടുവിക്കുവാനും കന്യാംബിക വച്ചുനീട്ടിയ ആയുധങ്ങൾ മറിയത്തിന്റെ വിമലഹൃദയത്തിനുള്ള റഷ്യയുടെ പ്രതിഷ്ഠയും മാസാദ്യശനിയാഴ്ചകളിലെ പരിഹാരദിവ്യകാരുണ്യവുമായിരുന്നു. 1927-ൽ അവിടുന്നു വീണ്ടും പ്രത്യക്ഷയായി, റഷ്യ ഒരു പ്രത്യേക ദിവസം മാർപ്പാപ്പയാലും ലോകത്തലെ എല്ലാമെത്രാന്മാരാലും തന്റെ വിമലഹൃദയത്തിനു പ്രതിഷ്ഠിതമാകണമെന്നു് ലൂസിയോടു പറഞ്ഞു. അവൾ രണ്ടു വർഷത്തിനുശേഷം യേശുനാഥന്റെയും കന്യാംബികയുടേയും അഭിലാഷാഭ്യർത്ഥനകൾ എഴുതി തന്റെ കുമ്പസാരക്കാരനായ ഈശോസഭയിലെ ബെർണ്ണാർഡു് ഗോൺസാൽവസച്ചനു കൊടുത്തു. അതു അദ്ദേഹം ലീറിയായിലെ മെത്രാനേയും ഇദ്ദേഹം ഏറെതാമസിയാതെ പരിശുദ്ധപിതാവു പതിനൊന്നാം പീയൂസിനേയും ഏല്പിച്ചു.

1938 ജനുവരി 25-ാംനു- രണ്ടാം ലോകമഹായുദ്ധത്തിന്റെ നാന്ദിയായി പ്രവചിക്കപ്പെട്ടിരുന്ന പ്രഭാവിശേഷം ദൃശ്യമായി. രാത്രി 9 മുതൽ 2 മണിവരെ ആകാശം കത്തിജ്ജ്വലിക്കുംപോലെ അരുണവർണ്ണാങ്കിതമായിരുന്നു. ആസന്നമായ സമരത്തേയും റഷ്യയുടെ മാനസാന്തരത്തിനായുള്ള പരിഹാരദിവ്യകാരുണ്യസ്വീകരണത്തേയും പ്രതിഷ്ഠയേയുംപററി ഉടനെ സഹോദരി മേരി (ലൂസിയുടെ പുതിയ പേരു്) ലീറിയായിലെ മെത്രാനെ എഴുതിയറിയിച്ചു. അവൾ പരിശുദ്ധപിതാവിനും ഒരു കത്തയച്ചു. അവിടുന്നു ഫാത്തിമാസന്ദേശങ്ങളെ വിശ്വസിച്ചോ അഥവാ സംശയിച്ചോ എന്നു നമുക്കറിഞ്ഞുകൂടാ. ഒരുപക്ഷേ, അവസാനദിവസങ്ങളിലെ ദേഹാസ്വാസ്ഥ്യവും ഉൽക്കണ്ഠയും അതിന്റെ ചർച്ച നീട്ടിവയ്ക്കുവാൻ അദ്ദേഹത്തിനു പ്രേരകമായിരുന്നിരിക്കാം.

194--ൽ പന്ത്രണ്ടാം പീയൂസ് മാർപ്പാപ്പാ ലോകത്തെ മറിയത്തിന്റെ വിമലഹൃദയത്തിനു പ്രതിഷ്ഠിച്ചു. ഇവിടെ നാം ഒരു കാര്യം ഓർക്കണം. മാർപ്പാപ്പയാലും ലോകത്തിലെ സകല മെത്രാന്മാരാലും ഉപസംസ്കൃതമായ റഷ്യയുടെ പ്രതിഷ്ഠയാണു് മാതാവു് ആവശ്യപ്പെട്ടതു്. സഹോദരി മേരി പറയുന്നു: "നമ്മുടെ നാഥ ആവശ്യപ്പെടുന്നതു് റഷ്യ ഒരു പ്രത്യേകദിവസം മാർപ്പാപ്പയാലും ലോകത്തിലെ എല്ലാമെത്രാന്മാരാലും തന്റെ വിമലഹൃദയത്തിനു പ്രതിഷ്ഠിതമാകണമെന്നാണു്. അങ്ങനെ ചെയ്യപ്പെടുകയാണെങ്കിൽ, അവിടുന്നു റഷ്യയെ മാനസാന്തരപ്പെടുത്തും, സമാധാനമുണ്ടാകും. ഇല്ലെങ്കിൽ, റഷ്യയുടെ അബദ്ധസിദ്ധാന്തങ്ങൾ ലോകത്തിലെ ഓരോ രാജ്യത്തും പ്രചരിക്കും"—"പരിശുദ്ധ പിതാവു റഷ്യയുടെ പ്രതിഷ്ഠ ലോകപ്രതിഷ്ഠയിൽ കൊള്ളിച്ചുനടത്തിയിട്ടുണ്ടു്. ........................ നമ്മുടെ നാഥ ഇങ്ങനെ നി[illegible]ത്തമായ പ്രതിഷ്ഠയെ തന്റെ വാഗ്ദാനങ്ങൾക്കു് അനുയുക്തമായി സ്വീകരിക്കുന്നുണ്ടോ എന്ന സംശയം എനിക്കു് അജ്ഞാതമാണു്"......(Our Lady of Fatima, by William Thomas Walsh.)

ഇന്നും റഷ്യ മാനസാന്തരം പ്രാപിച്ചിട്ടില്ല; കമ്മ്യൂണിസം ലോകമെങ്ങും പടർന്നുപിടിക്കുന്നു; സമാധാനം ലോകത്തിൽനിന്നു് ഉയർന്നുയർന്നുപോകുന്നു. അതുകൊണ്ടു് നമ്മുടെ പ്രാർത്ഥനകളും പ്രായശ്ചിത്തങ്ങളും പരിഹാരകൃത്യങ്ങളും ജപമാലനാഥയുടെ അഭിലാഷപൂർത്തി— ദൈവകോപത്തിന്റെ ശമനം —വരുത്തിയിട്ടില്ലെന്നു സിദ്ധിക്കുന്നു. നമുക്കു മനമുരുകി പ്രാർത്ഥിക്കാം. നിവർന്നു ഞെളിയുന്ന നമ്മുടെ സുഖലോലുപത്വത്തിനു കൂച്ചുവിലങ്ങു വയ്ക്കുന്ന പ്രായശ്ചിത്തകർമ്മങ്ങൾ അനുഷ്ഠിക്കാം, പളുങ്കുഹൃദയത്തോടെ ദിവ്യകാരുണ്യം സ്വീകരിക്കാം, നമ്മുടെ പാപപരിഹാരത്തിനുവേണ്ടി, റഷ്യയുടെ മാനസാന്തരത്തിനുവേണ്ടി, കമ്മ്യൂണിസത്തിന്റെ തിരോധാനത്തിനുവേണ്ടി, അഖിലലോകസമാധാനത്തിനുവേണ്ടി.

——

# Sathya Deepam

Vol 23 Ernakulam December 21 1942 No 18




കബക്കാ

ഇവിടെയാണ് മാലാഖാ ഒന്നാമത്തേയും മൂന്നാമത്തേയും പ്രാവശ്യം പ്രത്യക്ഷപ്പെട്ടതും കുട്ടികൾക്കു ദിവ്യകാരുണ്യം നല്കിയതും. ഫാത്തിമായ്ക്കു സമീപമുള്ള ഒരു മലഞ്ചരിവാണിതു്. മാലാഖാ നിന്നിരുന്നിടത്തു് × എന്ന അടയാളവും കുട്ടികൾ നിന്നിരുന്ന സ്ഥലത്തു് ○ എന്ന അടയാളവും ഇട്ടിരിക്കുന്നു. തീർത്ഥയാത്രക്കാർ മാലാഖാ പ്രത്യക്ഷപ്പെട്ട പാറയുടെ ഭാഗങ്ങൾ അല്പാല്പമായി അടർത്തിക്കൊണ്ടുപോകുന്നതുകൊണ്ടു് അതിന്റെ ഉയരം ഒരടി കുറഞ്ഞിട്ടുണ്ടെന്നു് അവിടത്തെ ജനങ്ങൾ പറയുന്നു.



വലിഞ്ഞൂസ്

ആഗസ്റ്റുമാസത്തിൽ, കുട്ടികൾ ബന്ധനസ്ഥരായശേഷം മാതാവു പ്രത്യക്ഷപ്പെട്ടതു് ഇവിടെയാണു്. മാലാഖാ ഒന്നും മൂന്നും പ്രാവശ്യം പ്രത്യക്ഷപ്പെട്ട കബെസായിലേക്കുള്ള വഴിയിലാണു് ഇതു സ്ഥിതിചെയ്യുന്നതു്. മാതാവു പ്രത്യക്ഷപ്പെട്ട മരം ഇപ്പോൾ നാമാവശേഷമായിരിക്കുന്നു. ആ സ്ഥാനം തിരിച്ചറിയുന്നതിനുവേണ്ടിയാണു് അതിനു ചുറ്റും കല്ലു കൂട്ടിയിരിക്കുന്നതു്.



കോവാ ഡാ ഈറിയായിലെ ബസിലിക്ക

കോവാ ഡാ ഈറിയ ഒരു താഴ്‌വരയാണു്. (കോവ എന്നുവച്ചാൽ താഴ്‌വര എന്നർത്ഥം) ഇപ്പോൾ അതു നികത്തിവരികയാണു്. നികത്താത്ത ഭാഗങ്ങൾ ചിത്രത്തിൽ തിരിച്ചുകാണാം. ചിത്രത്തിന്റെ ഇടത്തു ഭാഗത്തു് തിരുഹൃദയത്തിന്റെ പ്രതിമ കാണാം. അതിനു സമീപം "ദർശനങ്ങളുടെ കപ്പേള" പണിയപ്പെട്ടിരിക്കുന്നു. മാതാവു പ്രത്യക്ഷപ്പെട്ടതു് ചിത്രത്തിൽ കാണുന്നതുപോലെ ഒരു വൃക്ഷത്തിന്മേലാണു്. അതിനു് 3 അടിമാത്രമേ ഉയരമുണ്ടായിരുന്നുള്ളു.



ഫ്രാൻസിസിന്റെയും ജസിന്തയുടെയും ശവകുടീരങ്ങൾ. ജസിന്ത 1920-ൽ ലിസ്ബണിൽവച്ചു മരിച്ചു. പിന്നീടു് മൃതദേഹം (അതു അക്ഷയമായിരുന്നു) അവിടെനിന്നു ഫാത്തിമായിലേക്കു കൊണ്ടുവരികയും ഫ്രാൻസിസിനെ സംസ്കരിച്ചിരുന്ന ശവകുടീരത്തിനു സമീപം നിക്ഷേപിക്കുകയും ചെയ്തു. ശിലാലിഖിതത്തിന്റെ തർജ്ജിമ താഴെ ചേർക്കുന്നു: 'മാതാവിനെ ദർശിച്ച ഫ്രാൻസിസിന്റെയും ജസിന്തായുടെയും ഭൗതികാവശിഷ്ടങ്ങൾ ഇവിടെ സ്ഥിതിചെയ്യുന്നു.' തീർത്ഥകർ ശവകുടീരത്തിന്റെ മുകൾഭാഗം ചുരണ്ടിയെടുത്തതുകൊണ്ടുണ്ടായ പാടുകൾ ചിത്രത്തിൽ കാണാം. സമീപത്തുനില്ക്കുന്നതു് ഷെവലിയർ തളിയത്തിന്റെ പുത്രൻ റവ. ഫാദർ ജോനസ് സി. ഡി. യാണു്.



ഫാത്തിമായിലെ ബസിലിക്ക

ഇതിന്റെ പണി പൂർത്തിയായിട്ടില്ല. മുൻഭാഗത്തു് മാറാവുന്ന ഒരൾത്താരയും പരിശുദ്ധ കുർബാന പരസ്യമായി എഴുന്നള്ളിച്ചുവയ്ക്കുവാനുള്ള സിംഹാസനവുമുണ്ടു്.



ദർശനങ്ങളുടെ കപ്പേള

× ഈ അടയാളമിട്ടിരിക്കുന്ന തൂണു് മാതാവു പ്രത്യക്ഷപ്പെട്ട സ്ഥലത്തുതന്നെ പണിചെയ്യപ്പെട്ടിട്ടുള്ളതാണു്. ഇതിനു് മാതാവു പ്രത്യക്ഷപ്പെട്ട ഓക്കുവൃക്ഷത്തിന്റെ ഉയരമുണ്ടു്. കപ്പേളയ്ക്കകത്തിരിക്കുന്ന മാതൃസ്വരൂപം ദർശനങ്ങളുടെ തീയതികളിൽ (13) ഈ സ്തംഭത്തിന്മേൽ പ്രതിഷ്ഠിക്കുക പതിവാണു്. തീർത്ഥക വൈദികർക്കു ഈ കപ്പേളയിൽ ദിവ്യബലിയർപ്പിക്കുന്നതിനു് എല്ലാവിധ സൗകര്യങ്ങളുമുണ്ടു്.



ഫാത്തിമായിലെ പള്ളി

ഇതിലാണു് മാതാവിനെ ദർശിക്കാൻ ഭാഗ്യമുണ്ടായ ലൂസിയും ജസിന്തയും ഫ്രാൻസിസും ജ്ഞാനസ്നാനം സ്വീകരിച്ചതും ദിവ്യബലിയിൽ സംബന്ധിക്കുന്നതിനായി നിത്യം പൊയ്ക്കൊണ്ടിരുന്നതും.